
മാർച്ച് 2017
ജീവനും വെളിച്ചവും
Price 25
എന്റെ ഏറ്റവും എളിയ സഹോദരൻമാരിൽ
ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ
എനിക്കു തന്നെയാണ് ചെയ്തുതന്നത്.
(മത്താ. 25:40)


ഫാത്തിമ മാതാ ഇടവക
കഴക്കൂട്ടം
വിശുദ്ധ ഔസേപ്പിതാവിന്റെ
തിരുനാൾ
മഹോത്സവം
2017 മാർച്ച് 12 ഞായർ മുതൽ 19 ഞായർ വരെ
19-03-2017 ഞായർ
രാവിലെ 9.30 ന്
തിരുനാൾ പൊന്തിഫിക്കൽ
ദിവ്യബലി
(അഭിവന്ദ്യ ക്രിസ്തുദാസ് പിതാവ്)
തുടർന്ന്
സ്നേഹവിരുന്ന്
ഏവർക്കും സ്വാഗതം
In Commemoration of Late HUGE ISAC

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 മാർച്ച്
പുസ്തകം - 41 ലക്കം - 3
വില 25 രൂപ (വാർഷിക വരിസംഖ്യ 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. ഇഗ്നാസി രാജശേഖർ
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**എഡിറ്റർ ഇൻ-ചാർജ്**
മോൺ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യു വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
ലിസ്ബ യേശുദാസ്
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# സുസ്ഥിര വികസനം സമനീതിക്ക്

ദരിദ്രരും സമ്പന്നരും തമ്മിലുള്ള വിടവ് ദിനംപ്രതി വർധിച്ചുവരികയാണ്. ലോക സാമ്പത്തിക ഫോറത്തിന്റെ വാർഷിക സമ്മേളനത്തിന് മുന്നോടിയായി ഓക്സ് ഫാം പുറപ്പെടുവിച്ച റിപ്പോർട്ടിൽ പറയുന്നത് ലോക ജനസംഖ്യയിൽ 50 ശതമാനം പേരുടെ പക്കലുള്ളതിന് തുല്യമായ സ്വത്ത് എട്ടു ശതകോടീശ്വരന്മാരുടെ കൈവശമുണ്ടെന്നാണ്. ഇന്ത്യയിലെ 57 കോടീശ്വരന്മാരുടെ കൈവശമുള്ള സമ്പത്ത് രാജ്യത്ത് സാമ്പത്തിക നിലവാരത്തിൽ താഴെയുള്ള 70 ശതമാനം ജനങ്ങളുടെ സമ്പത്തിന് തുല്യമാണ്. വർധിച്ചുവരുന്ന ഈ സാമ്പത്തിക അസമത്വവും, ദാരിദ്ര്യവും കണക്കിലെടുത്തുകൊണ്ടാണ് ഐക്യരാഷ്ട്രസംഘടന 2000 ത്തിൽ സഹസ്രാബ്ദ വികസന പദ്ധതി പ്രഖ്യാപിച്ചത്.

"കടുത്ത ദാരിദ്ര്യത്തിന്റെ രൂക്ഷതയിലും മനുഷ്യത്വരഹിതമായ സ്ഥിതിയിലും കഴിയുന്ന സഹ-മനുഷ്യർ, സ്ത്രീകൾ, കുട്ടികൾ തുടങ്ങിയവരെ സ്വതന്ത്രരാക്കാൻ സാധ്യമാകുന്ന എല്ലാ അവസരങ്ങളും ഉപയോഗിക്കണം" എന്ന ലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസംഘടന ഇനിപറയുന്ന എട്ട് മേഖലയിലെ പ്രവർത്തനങ്ങൾ ഏറ്റെടുത്തത്;

കഠിനമായ വിശപ്പും, ദാരിദ്ര്യവും നിർമാർജ്ജനം ചെയ്യുക, എല്ലാവർക്കും പ്രാഥമിക വിദ്യാഭ്യാസം നൽകുക, ലിംഗസമത്വവും സ്ത്രീശാക്തീകരണവും ഉറപ്പുവരുത്തുക, ശിശുമരണനിരക്ക് കുറയ്ക്കുക, മാതൃ ആരോഗ്യം മെച്ചപ്പെടുത്തുക, എച്ച്.ഐ.വി/എയ്ഡ്സ് മലമ്പനി മറ്റ് രോഗങ്ങൾ നിർമാർജ്ജനം ചെയ്യുക, പാരിസ്ഥിതിക സുസ്ഥിരത ഉറപ്പുവരുത്തുക, വികസനത്തിനായുള്ള അന്തർദേശീയ സഹായം ഉറപ്പാക്കുക.

കഴിഞ്ഞ 15 വർഷക്കാലം നടത്തിയ ഇടപെടലുകൾ വളരെയേറെ ഫലങ്ങൾ കണ്ടെങ്കിലും ലക്ഷ്യം നേടാനായില്ല. തുടർന്ന് ജനകീയ പങ്കാളിത്തത്തോടുകൂടി 15 വർഷം നീണ്ടുനിൽക്കുന്ന 'സുസ്ഥിര വികസന' പദ്ധതിക്ക് രൂപം നൽകി. പതിനേഴു മേഖലകളാണ് ഇടപെടലുകൾക്കായി മുന്നോട്ട് വച്ചിരിക്കുന്നത്;

1. ദാരിദ്ര്യനിർമാർജ്ജനം. 2. വിശപ്പ് ഇല്ലാതാക്കുക. 3. നല്ല ആരോഗ്യവും എല്ലാവർക്കും ക്ഷേമവും, 4. നിലവാരമുള്ള വിദ്യാഭ്യാസം, 5 ലിംഗ സമത്വം, സ്ത്രീകളുടെയും പെൺകുട്ടികളുടെയും ശാക്തീകരണം, 6. എല്ലാവർക്കും ശുദ്ധമായ ജലവും ശുചിമുറികളും. 7 പ്രാപ്യവും ശുദ്ധവുമായ ഊർജ്ജം. 8. അന്തസ്സായ തൊഴിലും സാമ്പത്തിക വളർച്ചയും. 9. വ്യവസായം, അടിസ്ഥാന സൗകര്യവളർച്ച, നവീന ഇടപെടൽ. 10 അസമത്വം ഇല്ലാതാക്കൽ. 11. സുസ്ഥിര നഗരങ്ങളും എല്ലാവരെയും ഉൾക്കൊള്ളുന്ന സമൂഹങ്ങളും 12. ഉത്തരവാദിത്വ ഉൽപ്പാദനവും ഉപഭോഗവും 13. കാലാവസ്ഥ വ്യതിയാനത്തിലെ ഇടപെടൽ. 14. ജലസ്രോതസ്സുകളുടെ സംരക്ഷണം. 15. പരിസ്ഥിതിയുടെ സുസ്ഥിര പരിപാലനം. 16. നീതിയുടെയും സമാധാനത്തിന്റെയും സംരക്ഷണവും, അതിന് അനുയോജ്യമായ സ്ഥാപനങ്ങളും. 17. സുസ്ഥിര വികസനത്തിന് ആഗോള സഹകരണം.

ഐക്യരാഷ്ട്ര സംഘടനയുടെ പ്രഖ്യാപനങ്ങളോട് ചേർന്നുകൊണ്ട് സുസ്ഥിര വികസന ലക്ഷ്യം കൈവരിക്കാൻ നമുക്ക് ഒറ്റക്കെട്ടായി പ്രവർത്തിക്കാം.

\- പത്രാധിപർ

# പ്രതികരണങ്ങൾ

## വ്യക്തികളും കുടുംബങ്ങളും കേന്ദ്രീകരിച്ചുള്ള ആധ്യാത്മിക നവീകരണം വേണം


വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ഈടുറ്റ ലേഖനങ്ങളാൽ സമ്പന്നമായിരുന്നു കുടുംബങ്ങൾക്ക് പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ച ഫെബ്രുവരി ലക്കം മാസിക. കുടുംബജീവിതത്തെക്കുറിച്ച് ഏറ്റവും മനോഹരവും ആധികാരികവും സമഗ്രവും വിശുദ്ധമായ കാഴ്ചപ്പാട് ദൈവവചനമായ ബൈബിളിൽ കാവ്യാത്മകമായും ചിന്തോദ്ദീപകവുമായി അവതരിപ്പിച്ചിട്ടുണ്ട്. കുടുംബത്തെക്കുറിച്ചുള്ള മാർപ്പാപ്പമാരുടെ പ്രബോധനങ്ങളും പഠനങ്ങളും ചാക്രിക ലേഖനങ്ങളും വിവാഹത്തിനുമുൻപുള്ള കോഴ്സുകളും കൊണ്ട് എന്നും ധന്യമായിരുന്നു ക്രൈസ്തവസഭ. എന്നാൽ എന്തുകൊണ്ടോ ദാമ്പത്യ-കുടുംബജീവിതത്തെക്കുറിച്ച് വേണ്ടത്ര വിജ്ഞാനവും വിവേകവുമുള്ളവർ തന്നെ അൾത്താരയിൽ ദൈവം കൂട്ടിച്ചേർത്ത പരിശുദ്ധമായ വിവാഹബന്ധമുപേക്ഷിച്ച് വേർപിരിഞ്ഞുതാമസിക്കുന്ന ദാരുണക്കാഴ്ച എങ്ങും വർധിക്കുന്നു. വിദ്യാഭ്യാസത്തിലും തൊഴിൽ രംഗത്തും പുരുഷനേക്കാളുപരി സ്ത്രീകൾ എത്തിയതും അവരുടെ സ്വയം പര്യാപ്തതയും സാമ്പത്തിക പുരോഗതിയും പുരുഷന്റെ അടിമയല്ലെന്ന സ്വത്വബോധവും സ്വാതന്ത്ര്യബോധവും വിവാഹമോചനനിരക്കുയരാൻ കാരണമായിട്ടുണ്ട്. കർത്താവിനും ഭർത്താവിനും വിധേയപ്പെട്ട് സ്ത്രീ ജീവിക്കണമെന്ന് പറയുമ്പോൾ കർത്താവിന്റെ മനോഭാവം ഭർത്താവിനില്ലെങ്കിൽ കർത്താവും ഭർത്താവുമില്ലാതെ 'നരക കുടുംബങ്ങളും' കൂടുമ്പോൾ ഇമ്പത്തിനുപകരം പ്രകമ്പനം സൃഷ്ടിക്കുന്ന കുടുംബങ്ങൾ ഉണ്ടാകുമെന്നോർക്കണം.

– തോന്നയ്ക്കൽ ജെറാൾഡ്

## ജപമാല ചൊല്ലാൻ വൈദികരോ?

സന്യസ്തർ ഓരോ ദിവസവും ഓരോ കുടുംബങ്ങളിൽ പോയി അവരോടൊത്ത് ജപമാല ചൊല്ലണമെന്ന എ. ആർ. ജോണച്ചന്റെ അഭിപ്രായം ന്യായവും യുക്തവും നടപ്പിലാക്കേണ്ടതുമാണ്. എന്നാൽ എന്തുകൊണ്ടോ നമ്മുടെ ബഹുമാനപ്പെട്ട സന്യസ്തർ വലിയ തിരക്കിലാണ്. രാവിലെ കുർബാന കഴിഞ്ഞാൽ മിക്ക ഇടവകകളിലും വൈദികരെ കാണാറില്ല! പലവക ഉത്തരവാദിത്തങ്ങൾ അവർക്കുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഇടവക വൈദികരെ പലവക കാര്യങ്ങൾ ഏൽപ്പിക്കാതെ ഇടവക സേവനങ്ങളിൽ കേന്ദ്രീകരിപ്പിക്കുന്നതാണ് നല്ലത്. എങ്കിൽ മാത്രമേ വൈദികർക്ക് ഭവനങ്ങളോടൊപ്പം ജപമാല ചൊല്ലാൻ സാധിക്കൂ. തിരക്കിലലിഞ്ഞ് നടക്കുന്നവരെ ജപമാലക്കായി കാത്തിരിക്കാൻ കുടുംബങ്ങൾക്കാവില്ലല്ലോ.

– ജിഷാ ഗിൽബർട്ട്




## ഹൃദയസ്പർശിയായ നേർക്കാഴ്ച

ഫെബ്രുവരി മാസത്തിലെ 'നേർക്കാഴ്ച' വളരെയേറെ ഹൃദയസ്പർശിയായിരുന്നു. വിശപ്പ് അനുഭവിക്കുന്നവർ ഇല്ലാത്ത ഇന്ത്യയെ വാർത്തെടുക്കാനുള്ള നല്ലൊരു ആഹ്വാനമായിരുന്നു. നമ്മൾ പാഴാക്കികളയുന്ന ഭക്ഷണം മറ്റുള്ളവരുടെ അന്നമാണെന്നുള്ള വലിയൊരു അവബോധം ലഭിക്കുകയും അത് ജീവിതത്തിൽ പ്രാവർത്തികമാക്കുവാനും നേർകാഴ്ചയിലൂടെ ഒരു ഉൾവെളിച്ചം നൽകിയ ലേഖകന് ഹൃദയത്തിൽനിന്നും നന്ദിയർപ്പിക്കുന്നു.

സിസ്റ്റർ രേഷ്മ എച്ച്.സി
തൈക്കാട്.

## അങ്കിത് കവാത്രി ഏവർക്കും ഉദാത്ത മാതൃക

നേർക്കാഴ്ചയിൽ 20 കോടി ഭാരതീയർ വിശന്നൊട്ടിയ വയറുമായിട്ടാണ് അന്തിയുറങ്ങുന്നതെന്ന സത്യം വായിച്ചുഞെട്ടിപ്പോയി. സ്വാതന്ത്ര്യം നേടി 70 വർഷമായിട്ടും ജനങ്ങളുടെ പട്ടിണിയും ദാരിദ്ര്യവും ഇല്ലായ്മയുമകറ്റാൻ ഭരണാധികാരികൾക്കു കഴിയാത്തത് കഷ്ടം തന്നെ. വർഷം 13 ലക്ഷം കുട്ടികൽ പട്ടിണിമൂലം ഇന്ത്യയിൽ മരിക്കുമ്പോൾ നമ്മുടെ ആഘോഷവേളകളിലും എന്തിനേറെ വീടുകളിൽ പോലും എന്തുമാത്രം ഭക്ഷണ സാധനങ്ങളാണ് പാഴാക്കിക്കളയുന്നത്. വിരുന്നു വേളകളിൽ ആവശ്യത്തിന് മാത്രം ആഹാരം വിളമ്പി കഴിക്കുന്ന ശീലം നാം വളർത്തിയെടുക്കണം. മിച്ചം വരുന്നവ ചീത്തയാകുന്നതിന് മുൻപ് അർഹതപ്പെട്ടവർക്കുനൽകണം. ആഹാരം സൂക്ഷ്മതയോടെ കൈകാര്യം ചെയ്യുന്ന ശീലം സ്കൂൾ തലത്തിലേ വളർത്തിയെടുക്കണം. ആഢംബരം പാപമാണല്ലോ. ഭക്ഷണം വേസ്റ്റാക്കുന്നതും പാപമാണെന്ന അവബോധം ഉണ്ടാകണം. അങ്കിത് കവാത്രി ഏവർക്കും ഉദാത്ത മാതൃക തന്നെ.

– റീനാ ലൂഷ്യസ്.



**തിരുവനന്തപുരം അതിരൂപതാധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പിതാവിന് ജന്മദിനത്തിന്റെയും നാമഹേതുക തിരുനാളിന്റെയും പ്രാർത്ഥനാശംസകൾ**
**– അതിരൂപതാ മക്കൾ**

# താളുകളിൽ

## ലേഖനം


6 **ഒരു ജനതയുടെ പുരോഗമന പാതയിൽ വഴിവിളക്കായി ടിഎസ്എസ്എസ്**
ബർക്കുമാൻസ്

9 **പരിസ്ഥിതി സൗഹൃദഗ്രാമവും ജനകീയാരോഗ്യവും**
മോൺ. യൂജിൻ എച്ച്.പെരേര

12 **പച്ചിലകളുടെ നിസംഗതയിൽ പൊള്ളുന്ന സ്ത്രീത്വം**
സിസ്റ്റർ ദീപാ ജോർജ്ജ് എഫ്.ഡി.സി.സി

14 **ഇത് ഔദാര്യമല്ല; കടമയാണ്**
ഫാ. ലെനിൻരാജ് & ക്ലമന്റ് റൊസാരിയോ

16 **തപസ്സുകാല യാത്ര**
മോൺ. തോമസ് ജെ.നെറ്റോ

18 **തിരു. അതിരൂപതയുടെ സാമൂഹ്യപാഠം**
ഡോ. ജെ.മേരി ജോൺ


## സ്ഥിരം പംക്തികൾ


22 **വർത്തമാനം**
അഗസ്റ്റിൻ കണിപ്പിള്ളി

24 **വാർത്തകൾ**

32 **നീർച്ചാലുകൾ**

38 **വചനജ്വാല**

40 **ഇളംതൂവൽ**

ലേഖനം

ബർക്കുമാൻസ്
എ.ഒ, ടി.എസ്.എസ്.എസ്.

# ഒരു ജനതയുടെ പുരോഗമനപാതയിൽ വഴിവിളക്കായി ടി.എസ്.എസ്.എസ്.

1937-ൽ കൊല്ലം രൂപത വിഭജനത്തിലൂടെ തിരുവനന്തപുരം രൂപത നിലവിൽ വന്നു. അക്കാലത്ത് തിരുവനന്തപുരം രൂപതയിലെ നിവാസികൾ ഭൂരിപക്ഷവും പരമ്പരാഗത മത്സ്യത്തൊഴിലാളികളും ചെറുകിട കർഷകരും കൂലിപ്പണിക്കാരുമായിരുന്നു. ഇവരുടെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ ചുറ്റുപാടുകളും ജീവിത സാഹചര്യങ്ങളും സമൂഹത്തിൽ കാര്യമായ ഒരു ചലനവും ഉണ്ടാക്കാൻ പര്യാപ്തമായിരുന്നില്ല.

ദാരിദ്ര്യ നിർമാർജ്ജനം, സുസ്ഥിര തൊഴിലവസരങ്ങൾ, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ, സാമൂഹിക ആരോഗ്യ സംരക്ഷണം, സാമൂഹ്യചാലക ശക്തി, സ്ത്രീശാക്തീകരണം, ദളിതരുടെയും, കർഷകരുടെയും ഇതര അസംഘടിത തൊഴിലാളികളുടെയും ഉന്നമനം തുടങ്ങിയവയായിരുന്നു അന്നത്തെ രൂപത നേതൃത്വം അഭിമുഖീകരിക്കേണ്ടിവന്ന പ്രധാന വെല്ലുവിളികൾ

ഈ സാഹചര്യത്തിലാണ് 1960-ൽ രൂപതയിലെ രണ്ടാമത്തേതും ആദ്യ തദ്ദേശീയനുമായ പീറ്റർ ബർണാഡ് പെരേര മെത്രാൻ, ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി (ടിഎസ്എസ്എസ്) എന്ന സന്നദ്ധ സംഘടനയ്ക്ക് രൂപം നൽകിക്കൊണ്ട്, രൂപതയിലെ സാമൂഹ്യവികസന കർമ്മ പരിപാടികൾക്ക് നാന്ദി കുറിച്ചത്. 1960 -ൽ തിരുവിതാംകൂർ-കൊച്ചി-ശാസ്ത്ര-സാഹിത്യ-ധർമസംഘങ്ങൾ രജിസ്ട്രാക്കൽ നിയമം അനുസരിച്ച് പ്രസ്തുത സന്നദ്ധ സംഘടന രജിസ്റ്റർ ചെയ്യുമ്പോൾ ഭാരതത്തിലെ കത്തോലിക്കാ രൂപതകളിൽ സാമൂഹികശുശ്രൂഷാ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുവേണ്ടി രജിസ്റ്റർ ചെയ്യപ്പെടുന്ന ആദ്യ സന്നദ്ധ സംഘടനയായിമാറി ടി.എസ്.എസ്.എസ്.

അപരിഷ്കൃതരും അവഗണിക്കപ്പെട്ടവരുമായ ഒരു ജനസഞ്ചയത്തെ പുരോഗതിയുടെ പാതയിൽ കൈപിടിച്ചുയർത്തിയ വിജയഗാഥയാണ് ബിഷപ്പ് പീറ്റർ ബർണാഡ് പെരേര തുടക്കം കുറിച്ച 'മര്യനാട് കമ്മ്യൂണിറ്റി ഡെവലപ്മെന്റ് പ്രോജക്ട്'

### ടിഎസ്എസ്എസിന്റെ നേതൃത്വത്തിൽ രൂപംകൊണ്ട സ്ഥാപനങ്ങൾ

1. ജൂബിലി മെമ്മോറിയൽ ആനിമേഷൻ സെന്റർ വെള്ളയമ്പലം
2. ജൂബിലി മെമ്മോറിയൽ ആശുപത്രി, പാളയം
3. ജൂബിലി മെമ്മോറിയൽ ഡയറിഫാം, വെട്ടുതുറ
4. സെന്റ് സേവ്യേഴ്സ് കമ്പ്യൂട്ടർ സെന്റർ, പാളയം
5. 'പ്രതീക്ഷ' ഡി അഡിക്ഷൻ സെന്റർ, ശംഖുമുഖം
6. മരിയൻ എഞ്ചിനീയറിംഗ് കോളേജ്, മേനംകുളം
7. സെന്റ് സേവ്യേഴ്സ് ഐ.ടി.ഐ., വലിയതുറ
8. മദർ തെരേസ ഡേ കെയർ സെന്റർ, ചാവടി
9. ദിവ്യശാന്തി ആശ്രമം (ആകാശപ്പറവകൾ), വെട്ടുകാട്
10. സാധന റീഹാബിലിറ്റേഷൻ സെന്റർ, മൺവിള
11. സെന്റ് സേവ്യേഴ്സ് കമ്മ്യൂണിറ്റി കോളേജ്, ചാക്ക
12. കരുണാനിവാസ്, വെട്ടുതുറ
13. സെന്റർ ഫോർ ഫിഷറീസ് സ്റ്റഡീസ്, സ്റ്റാച്ചു
14. സെന്റ് സേവ്യേഴ്സ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോമേഴ്സ്, പാളയം
15. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, പാളയം
16. ഫാത്തിമ മാതാ കമ്മ്യൂണിറ്റി കോളേജ്, കരുംകുളം
17. മെന്നി ഹോം, മേനംകുളം

തൊട്ട് ഇപ്പോഴത്തെ അതിരൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ സുസപാക്യം മെത്രാപ്പൊലീത്ത കഴിഞ്ഞ വർഷം തുടങ്ങി വച്ച "ഭവനം ഒരു സമ്മാനം" എന്ന പദ്ധതിവരെ എത്തി നിൽക്കുന്ന ടി.എസ്.എസ്.എസ്.ന്റെ തിളക്കമാർന്ന പ്രവർത്തന ചരിത്രം.

ടി.എസ്.എസ്.എസ്.ന്റെ ആദ്യകാല പ്രവർത്തനങ്ങൾ പ്രധാനമായും പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളുടെ ദാരിദ്ര്യ നിർമാർജ്ജനത്തിലൂന്നിയുള്ളവയായിരുന്നു. ഭക്ഷ്യ ധാന്യങ്ങൾ, പാൽപ്പൊടി, ഭക്ഷ്യ എണ്ണ തുടങ്ങിയവ സൗജന്യമായി വിതരണം ചെയ്തിരുന്നു. പിന്നീട് ഇവ ജോലിക്കു വേതനം എന്ന നിലയിൽ നൽകപ്പെട്ടു. സാമൂഹ്യപ്രവർത്തനം വരേണ്യവർഗ്ഗത്തിൽ നിന്ന് ഔദാര്യപൂർവം വച്ചുനീട്ടുന്ന ചില ആനുകൂല്യങ്ങളുടെ വിതരണം മാത്രമായി കണ്ടിരുന്ന അക്കാലത്ത്, സാമൂഹിക പ്രവർത്തനങ്ങൾക്ക് പുതിയ അർത്ഥതലങ്ങളും പ്രവർത്തനശൈലിയും കണ്ടെത്തുന്നതിന് രൂപത നേതൃത്വം പ്രത്യേക ശ്രദ്ധ നൽകിയിരുന്നു. തത്ഫലമായി ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം ലക്ഷ്യമാക്കി രൂപതയിലെ വിവിധ പ്രദേശങ്ങളിൽ കോഴി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുകയും ഉൾനാടൻ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ വളം മിതമായ വിലയ്ക്ക് ലഭ്യമാക്കുകയും ചെയ്തു. 'അമ്മയും കുഞ്ഞും' എന്ന ആരോഗ്യ സംരക്ഷണ പരിപാടിക്കും തുടക്കം കുറിച്ചു.

ബിഷപ് ജേക്കബ് അച്ചാരുപറമ്പിലിന്റെ നേതൃത്വത്തിൽ 1987-ൽ നടന്ന കോട്ടാർ ഒത്തുവാസം ടി.എസ്.എസ്.എസ്.ന്റെ പ്രവർത്തനങ്ങളിൽ കാതലായ മാറ്റങ്ങൾക്കു വഴി തുറന്നു. ടി.എസ്.എസ്.എസ്. സംഘടനാ ഘടനയിൽ, അംഗത്വ അടിസ്ഥാനത്തിലുള്ള ഘടന നിലവിൽ വരികയും, ഗ്രാമതല ടി.എസ്.എസ്.എസ്. യൂണിറ്റുകൾ രൂപതയിലെ എല്ലാ ഇടവകകളിലും ഇടവക വികാരി അദ്ധ്യക്ഷനായി തെരഞ്ഞെടുക്കപ്പെട്ട ഒരു കമ്മിറ്റിയുടെ നേതൃത്വത്തിൽ പുനഃക്രമീകരിക്കുകയും ചെയ്തു. രൂപതയുടെ സാമൂഹികാരോഗ്യ കേന്ദ്രം എന്ന നിലയിൽ ടി.എസ്.എസ്.എസ്.ന്റെ കീഴിൽ ജൂബിലി മെമ്മോറിയിൽ ആശുപത്രിയ്ക്കും, ടി.എസ്.എസ്.എസ്.ന്റെ പരിശീലന കേന്ദ്രം എന്ന നിലയിൽ ജൂബിലി ആനിമേഷൻ സെന്ററിനും തുടക്കം കുറിച്ചത് ഈ കാലഘട്ടത്തിലാണ്.



1990 ൽ ഇപ്പോഴത്തെ മെത്രാനായ അഭിവന്ദ്യ സൂസപാക്യം പിതാവിന്റെ നിർദ്ദേശാനുസരണം ശുശ്രൂഷകളെക്കുറിച്ച് പഠിക്കുന്നതിന് നിയോഗിക്കപ്പെട്ട കമ്മീഷന്റെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സാമൂഹ്യപ്രവർത്തന നിലപാടിൽ പുതിയ ദിശാബോധം വരുത്തുകയുണ്ടായി. ഇതനുസരിച്ച് പുരോഹിത കേന്ദ്രീകൃതമായിരുന്ന പ്രവർത്തനങ്ങളെ ജനകേന്ദ്രീകൃതമാക്കാനും, പദ്ധതിയധിഷ്ഠിതമായിരുന്ന പ്രവർത്തനങ്ങളെ പ്രക്രിയാധിഷ്ഠിതമാക്കാനും, സാമൂഹ്യസേവനത്തിലധിഷ്ഠിതമായിരുന്ന പ്രവർത്തനങ്ങളെ സാമൂഹ്യപ്രവർത്തനത്തിലധിഷ്ഠിതമാക്കാനും ഇടവക കേന്ദ്രീകൃതമായിരുന്ന പ്രവർത്തനങ്ങളെ ഗ്രാമ കേന്ദ്രീകൃതമാക്കാനും, വിദേശ ഏജൻസികളുടെ മാനദണ്ഡങ്ങൾക്കനുസൃതമായിരുന്ന പ്രവർത്തനങ്ങളെ പ്രാദേശിക ജനങ്ങളുടെ ആവശ്യാധിഷ്ഠിത പ്രവർത്തനങ്ങളാക്കി മാറ്റാനും തീരുമാനമെടുത്തു. ഈ പശ്ചാത്തലത്തിൽ സാമൂഹ്യപ്രവർത്തനം ഫലപ്രദമായി നിർവ്വഹിക്കപ്പെടുവാൻ സാമൂഹ്യശുശ്രൂഷയുടെ കീഴിൽ സാമൂഹ്യ-സാമ്പത്തിക-വികസന കമ്മീഷൻ, തൊഴിൽ-നീതി-സമാധാന കമ്മീഷൻ, ദളിത്-പിന്നാക്ക വിഭാഗ കമ്മീഷൻ, ആരോഗ്യ മദ്യവർജ്ജന കമ്മീഷൻ, സ്ത്രീ-ശിശു വികസന കമ്മീഷൻ എന്നീ 5 പ്രധാന കമ്മീഷനുകൾ രൂപീകരിക്കപ്പെട്ടു.

ജനപങ്കാളിത്ത സ്വഭാവവും, ഗ്രാമ-മേഖല-കേന്ദ്ര തലം എന്നിങ്ങനെ ത്രിതല ഭരണ സംവിധാനവും ടി.എസ്.എസ്.എസ്.ൽ നടപ്പിലാക്കിയതും ഈ കാലഘട്ടത്തിലാണ്. സ്ത്രീ-പുരുഷ സമത്വ പ്രാതിനിധ്യം ഉറപ്പാക്കാനും, അല്മായർക്കും, വൈദീകർക്കും, സന്യസ്തർക്കും സാമൂഹ്യപ്രവർത്തന ശുശ്രൂഷയിൽ നേരിട്ട് ഇടപെടുവാനും, തീരുമാനമെടുക്കൽ പ്രക്രിയയിൽ പങ്കാളികളാകുവാനും ഇതുമൂലം അവസരം ലഭിച്ചു എന്നതാണ് ശ്രദ്ധേയമായ നേട്ടം.

തൊണ്ണൂറുകളുടെ ആദ്യഘട്ടത്തിൽ പൊഴിയൂർ, വലിയതുറ, വെള്ള



റട തുടങ്ങിയ സ്ഥലങ്ങളിൽ മദ്യത്തിനെതിരേയുള്ള പോരാട്ടം കേരളത്തിന്റെ ചരിത്ര താളുകളിൽ എന്നും തെളിഞ്ഞുനിൽക്കുന്ന ജനസംഘാടനത്തിന്റെ മാതൃകയാണ്. സർക്കാരും സർക്കാർ സന്നാഹങ്ങളും കിണഞ്ഞു ശ്രമിച്ചിട്ടും വിജയം കൈവരിക്കുവാൻ കഴിയാത്തിടത്ത് രൂപത മെത്രാന്റെ നേതൃത്വത്തിൽ ടി.എസ്.എസ്.എസ്.ന് വിജയം കൈവരിക്കുവാൻ കഴിഞ്ഞുവെന്നത് ടി.എസ്.എസ്.എസ്.ന്റെ വിജയ കിരീടത്തിൽ തുന്നിച്ചേർത്ത പൊൻതൂവൽ ആയിരുന്നു. ഇതിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് മദ്യവിരുദ്ധ പ്രവർത്തനങ്ങൾ ചൂഷണത്തിൽ നിന്നും ജനങ്ങളെ മോചിപ്പിക്കുന്നതിനുമായി ക്രെഡിറ്റ് യൂണിയൻ, മത്സ്യ വിപണന വനിതാ വികസന സംഘങ്ങൾ എന്നിവ ആരംഭിച്ചു. ക്രെഡിറ്റ് യൂണിയനുകൾക്കു പകരമായി 2000-ൽ പ്രവർത്തനമാരംഭിച്ച എസ്.എച്ച്.ജി.കൾ പിന്നാക്കാവസ്ഥയിൽ കഴിഞ്ഞിരുന്ന ഒരു ജനവിഭാഗത്തിന്റെ സാമൂഹിക-സാമ്പത്തിക വളർച്ചയിൽ ഒരു പുത്തൻ ഉണർവേകി.

വിഴിഞ്ഞം അടിമലത്തുറ ഡെവലപ്മെന്റ് പ്രോജക്ട്, പൂന്തുറ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട്, മില്ലേനിയം ഹൗസിംഗ് പ്രോജക്ട്, അഞ്ചുതെങ്ങ് ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട്, കോവളം ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് പ്രോജക്ട്, ജൂബിലി മെമ്മോറിയൽ ഹൗസിംഗ് പ്രോജക്ട് തുടങ്ങിയ വിവിധ പ്രോജക്ടുകൾ വഴിയായി കഴിഞ്ഞ കാലങ്ങളിൽ 2600-ൽപരം വീടുകളും 670-ൽപരം കുടുംബങ്ങൾക്ക് കക്കൂസും നിർമ്മിച്ചു നൽകുന്നതിന് കഴിഞ്ഞത് ടി.എസ്.എസ്.എസ്.ന്റെ അഭിമാന നേട്ടങ്ങളിൽ ചിലതുമാത്രമാണ്. ഈ ശൃംഖലയിലെ അവസാന കണ്ണിയാണ് പൂർണ്ണമായും പ്രാദേശിക ധനസമാഹരണത്തിലൂടെ ടി.എസ്.എസ്.എസ്. ഇപ്പോൾ നടപ്പിലാക്കിവരുന്ന "ഭവനം ഒരു സമ്മാനം" എന്ന പദ്ധതി. ഇതനുസരിച്ച് 25 വീടുകളുടെ പണി പൂർത്തിയാക്കി താക്കോൽ കൈമാറിക്കഴിഞ്ഞു. 13 വീടുകളുടെ പണി നടന്നുവരുന്നു. 50 വീടുകളുടെ ശിലാസ്ഥാപനം നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ്.

ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റി 1993-ൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളെ വിവിധ കമ്മീഷനുകൾക്കു കീഴിലായി വിന്യസിച്ച് പ്രാവർത്തികമാക്കി വന്ന രീതി മാതൃകയായി സ്വീകരിച്ചുകൊണ്ട് കെ.ആർ.എൽ.സി.സി.സി. ഇന്ന് കേരളത്തിലെ എല്ലാ ലത്തീൻ രൂപതകളിലും സാമൂഹ്യ പ്രവർത്തനങ്ങളെ നീതി-സമാധാന-വികസന കമ്മീഷൻ, തൊഴിൽ കമ്മീഷൻ, ആരോഗ്യം, സ്ത്രീകളും കുട്ടികളും, പ്രവാസികൾ, മദ്യവർജ്ജനവും പരിസ്ഥിതി സംരക്ഷണവും എന്നിങ്ങനെ 6 കമ്മീഷനുകളുടെ കീഴിലാക്കിയിരിക്കുന്നു.

ടി.എസ്.എസ്.എസ്. നടപ്പിലാക്കിവരുന്ന വിവിധ കർമപരിപാടികൾ 14 ഡിപ്പാർട്ടുമെന്റുകളിലായി വേർതിരിച്ചുകൊണ്ടും, എന്നാൽ മേൽനോട്ടവും നിരീക്ഷണവും ഫലപ്രദമായി നിർവഹിക്കുന്നതിന് അവ മേൽപ്പറഞ്ഞ വിവിധ കമ്മീഷനുകൾക്കു കീഴിൽ ഏകോപിപ്പിച്ചുകൊണ്ടും ഉള്ള പ്രവർത്തന ശൈലിയാണ് ഇപ്പോൾ തുടരുന്നത്.

കാലാകാലങ്ങളിൽ ഉണ്ടായ സാമൂഹ്യപരമായ ആവശ്യങ്ങളോട് ക്രിയാത്മകമായി ഇടപെടേണ്ടി വന്നപ്പോൾ ഒട്ടേറെ സ്ഥാപനങ്ങൾക്ക് ടി.എസ്.എസ്.എസ്. ചാലകശക്തിയായി മാറി.

## ടിഎസ്എസ്എസിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ വകുപ്പുകൾ

1. സ്വയംസഹായ സംഘങ്ങളും സാമ്പത്തിക ഉന്നമനവും
2. അടിസ്ഥാന സൗകര്യ വികസനം
3. മനുഷ്യ വിഭവശേഷി വികസനം
4. കുടുംബോദ്ധാരണം
5. മത്സ്യത്തൊഴിലാളി ഫോറം
6. മത്സ്യ വിപണന വനിത വികസന സംഘങ്ങൾ
7. ഇതര തൊഴിലാളികളും കാർഷിക മേഖലയും
8. ആരോഗ്യ സംരക്ഷണം
9. സ്ത്രീ ശാക്തീകരണം
10. അനുബന്ധ വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത വിദ്യാഭ്യാസവും
11. ചൈൽഡ് പാർലമെന്റും കുട്ടികളുടെ അവകാശ സംരക്ഷണവും
12. പ്രവാസികൾ
13. മദ്യവർജ്ജന പ്രവർത്തനങ്ങൾ
14. പരിസ്ഥിതി സംരക്ഷണം

ഏകോപിപ്പിക്കുവാനും, മദ്യത്തിനടിമകളായവരെ കണ്ടെത്തി ചികിത്സിച്ചു ഭേദപ്പെടുത്തുവാനുമായി 'പ്രതീക്ഷ' ഡീ അഡിക്ഷൻ സെന്റർ പ്രവർത്തനമാരംഭിച്ചു.


സാമൂഹ്യശുശ്രൂഷയിൽ ത്രിതല സംഘടന നിലവിൽ വന്നതോടെ ജനാധിപത്യ രീതികളും ജനകീയ സമീപനങ്ങളും സ്വീകരിക്കുന്ന ശക്തമായ ഒരു സംഘടനയായി ടി.എസ്.എസ്.എസ്. മാറി. ജനകീയ സമിതികൾ പദ്ധതികളുടെ ആസൂത്രണവും നടത്തിപ്പും ഏറ്റെടുക്കുവാൻ തുടങ്ങി.

മിതവ്യയം ശീലിപ്പിക്കുന്നതിനും, സമ്പാദ്യശീലം വളർത്തുന്നതിനും അമിത പലിശക്കാരുടെ

ഒരുപക്ഷേ നിശിതമായ വിമർശന ബുദ്ധിയോടെ നിരീക്ഷിച്ചാൽ പോരായ്മകളും പരാജയങ്ങളും ഏറെ ചൂണ്ടിക്കാണിക്കാൻ ഉണ്ടായേക്കാമെങ്കിലും, അശരണരും അസംഘടിതരും ആയിരുന്ന ഒരു ജനസമൂഹത്തിന് കാലഘട്ടത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ചു പുരോഗതിയുടെ പാതയിൽ നിർണ്ണായകമായ പടവുകൾ കയറിപ്പറ്റാൻ, അവർക്കൊരു വഴിവിളക്കായ് തീരാൻ, ടി.എസ്.എസ്.എസ്.ന് കഴിഞ്ഞു എന്ന കൃതാർത്ഥതയുണ്ട്; ഇതിലേറെ ഇനിയും കഴിയുമെന്ന ആത്മവിശ്വാസവുമുണ്ട്. ■

ലേഖനം

മോൺ. യൂജിൻ എച്ച്. പെരേര



# പരിസ്ഥിതി സൗഹൃദ ഗ്രാമവും ജനകീയാരോഗ്യവും

**പ്രകൃതിയെയും ഭൂമിയെയും മണ്ണിനെയും വീണ്ടെടുക്കാൻ ചെറുതും വലുതുമായ ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന അതിഗൗരവമായ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് ലോകരാഷ്ട്രത്തലവന്മാർ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ 2015 ഡിസംബർ മാസത്തിൽ സമ്മേളിച്ച് പാരീസ് കാലാവസ്ഥ ഉടമ്പടിയിൽ ഒപ്പുവച്ചത്.**

'ആരോഗ്യമാണ് സമ്പത്ത്' എന്ന ലോകാരോഗ്യസംഘടനയുടെ ആപ്തവാക്യത്തിന് പ്രസക്തി ഏറിവരികയാണ്. കേരള സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കിയ പൊതുജനാരോഗ്യ പരിപാടികളിലൂടെ പകർച്ചവ്യാധികളെ നിർമാർജ്ജനം ചെയ്യാനും ആരോഗ്യപരിപാലന രംഗത്ത് അസൂയാവഹമായ നേട്ടം കൈവരിക്കാനും ഒരുപരിധിവരെ നമുക്കുസാധിച്ചു. എന്നാൽ ഇന്ന് പുതിയ പുതിയ രോഗങ്ങളുടെ ആവിർഭാവവും, ജീവിതശൈലി രോഗങ്ങളും സമൂഹത്തിൽ വലിയ ആശങ്ക ഉണർത്തുന്നു. കൂടാതെ കാലാവസ്ഥാ വ്യതിയാനം, ശുദ്ധജല ദൗർലഭ്യം, കുന്നുകൂടുന്ന മാലിന്യം, അന്തരീക്ഷ മലിനീകരണം തുടങ്ങിയവ ആരോഗ്യ പരിപാലന രംഗത്ത് ഉയർത്തുന്ന വെല്ലുവിളികൾ ഒന്നിനൊന്ന് വർധിച്ചുവരുന്നു. ഈ പ്രശ്നങ്ങളുടെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പൊതുജനാരോഗ്യസംരക്ഷണത്തിൽ, പുതിയ പദ്ധതികൾ ആവിഷ്കരിച്ചുപ്രഖ്യാപിച്ചിരിക്കുകയാണ്. കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ആയുഷ് പദ്ധതി, ഭാരതത്തിന്റെ തന്നെ ആരോഗ്യപൈതൃകം വീണ്ടെടുത്തുകൊണ്ട് ജനങ്ങളുടെ ആരോഗ്യം ജനങ്ങൾ തന്നെ സംരക്ഷിക്കുക എന്ന ലക്ഷ്യം മുന്നോട്ടുവയ്ക്കുന്നു. തദ്ദേശീയമായ ആരോഗ്യപരിപാലന രീതികളായ ആയുർവേദ, സിദ്ധ, യുനാനി, ഹോമിയോ തുടങ്ങിയ ചികിത്സാവിധികൾക്ക് ഇത് മുൻതൂക്കം നൽകുന്നു. ഈ രീതികൾ അവലംബിക്കുമ്പോഴും ലോകമാസകലം വിജയകരമായി പരീക്ഷിക്കപ്പെട്ട അലോപ്പതി ചികിത്സാ രീതിയെ പൂർണമായും ഒഴിവാക്കാവുന്നതല്ല.

തിരുവനന്തപുരം രൂപതയിൽ

**നാം ഭക്ഷിക്കുന്ന ഭക്ഷണ പദാർഥങ്ങളിൽപോലും കീടനാശിനികളുടെയും, വിഷാംശങ്ങളുടെയും സാന്നിധ്യം ക്യാൻസർപോലുള്ള മാരകരോഗ ത്തിനിടയാക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിൽ ഇന്ന് മൂന്നുവീടുകളിലൊന്നിൽ ഒരു അർബുദ രോഗിയെങ്കിലും ഉണ്ടെന്നാണ് പല അന്വേഷണ ങ്ങളും വെളിപ്പെടുത്തുന്നത്.**



സാമൂഹികപ്രവർത്തനരംഗത്ത് 90കളിൽ നടപ്പിലാക്കിയ ഗ്രാമീണാരോഗ്യ പദ്ധതിയുടെ ഭാഗമായി രൂപംകൊടുത്ത ഹെൽത്ത് ക്ലബുകളിലൂടെ നടപ്പിലാക്കിയ ബോധവൽക്കരണ പരിപാടികളും, രോഗപ്രതിരോധ പ്രവർത്തനങ്ങളും, പച്ചിലമരുന്നുകളുപയോഗിച്ചുള്ള ചികിത്സാ രീതികളും നമുക്കു മാതൃകയായി നിൽക്കുന്നു. ഈ പ്രവർത്തനങ്ങൾ കുടുംബയൂണിറ്റുകളിലൂടെ പുനരുജ്ജീവിപ്പിച്ച് പരിസരശുചിത്വം, വ്യക്തിശുചിത്വം, മാലിന്യ സംസ്കരണം, ജൈവകൃഷി തുടങ്ങിയ ജനകീയ ആരോഗ്യബോധവൽക്കരണ പരിപാടികൾ നടപ്പിലാക്കേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ വേണം കേരള സർക്കാർ ആവിഷ്കരിച്ചുനടപ്പിലാക്കുന്ന 'ഹരിതകേരളം', 'ആർദ്രം' എന്നീ പദ്ധതികളുടെ ഗൗരവം തിരിച്ചറിഞ്ഞ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും സഹകരണത്തോടെ നടപ്പിലാക്കേണ്ടത്.

നമ്മുടെ മണ്ണും, പുഴകളും, ഭൂമിയും വരണ്ടുകൊണ്ടിരിക്കുന്ന കാഴ്ചയാണ് നാം ദൈനംദിനം കണ്ടുകൊണ്ടിരിക്കുന്നത്. ചൂടിന്റെ കാഠിന്യം സർവകാല റെക്കോർഡിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം ഏപ്രിൽ മാസത്തിൽ കോഴിക്കോട്ടെ താപനില 39.1 ഡിഗ്രി സെൽഷ്യസും പാലക്കാട്ടെ താപനില ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലെ പോലെ 41.8 ഡിഗ്രി സെൽഷ്യസും വരെയെത്തി. 1921 ന് ശേഷമുള്ള ഏറ്റവും വലിയ വേനലാണ് 2016 ൽ കേരളം നേരിട്ടതെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഈ വർഷം ഇതിനകം അന്തരീക്ഷ താപനില 5 ഡിഗ്രി സെൽഷ്യസ് വർധിച്ചതായാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം രേഖപ്പെടുത്തുന്നത്.

മനുഷ്യന്റെ ആർത്തിയുടെ പരിണിത ഫലമാണ് മാലിന്യകൂമ്പാരവും ഓരോ ദിവസവും നാം പൊതുസ്ഥലങ്ങളിലേക്ക് വലിച്ചെറിയുന്ന ഭക്ഷണ പദാർത്ഥങ്ങളുടെ അവശിഷ്ടങ്ങളും. ഇതിന്റെ പ്രത്യാഘാതമാണ് നമ്മുടെ നാട്ടിൽ നടത്തുന്ന നരവേട്ട. തെരുവ് നായ്ക്കളുടെ രുദ്രതാണ്ഡവം കേരളത്തിലങ്ങോളമിങ്ങോളമുള്ള കുട്ടികളിലും, സ്ത്രീകളിലും, പൊതുജനങ്ങളിലും വലിയ ഭീതി ഉളവാക്കിയിരിക്കുന്നു. നായ്ക്കളുടെ നരവേട്ട ഇന്ന് നിയന്ത്രണാതീതമായി നമ്മുടെ ഇടയിൽ ഒരു തുടർക്കഥപോലെ നടന്നുകൊണ്ടിരിക്കുകയാണ്.

മാലിന്യം ഇന്ന് പട്ടണങ്ങളുടെ മാത്രം പ്രശ്നമല്ല. ഗ്രാമപ്രദേശങ്ങൾപോലും മാലിന്യകൂമ്പാരമായി മാറിക്കൊണ്ടിരിക്കുന്നു. ദിവസേന നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്, തെർമോകോൾ, ഫ്ളക്സ് തുടങ്ങിയ ഖരമാലിന്യങ്ങളും, ആശുപത്രികളിൽ നിന്നും ഫാക്ടറികളിൽ നിന്നും ഒഴുക്കിവിടുന്ന ആസിഡുകൾ ഉൾപ്പെടെയുള്ള മാലിന്യങ്ങളും ആറുകളെയും തോടുകളെയും നദികളെയും കായലിനെയും കടലിനെയും വിഷമയമാക്കിക്കൊണ്ടിരിക്കുന്നു. കേരളത്തിലെ ജലസ്രോതസ്സുകൾപോലും മലിനമായിക്കൊണ്ടിരിക്കുന്നതായാണ് പഠനങ്ങൾ വെളിപ്പെടുത്തുന്നത്.

എന്തിനേറെ നാം ഭക്ഷിക്കുന്ന ഭക്ഷണപദാർഥങ്ങളിൽപോലും കീടനാശിനികളുടെയും, വിഷാംശങ്ങളുടെയും സാന്നിധ്യം ക്യാൻസർപോലുള്ള മാരകരോഗത്തിനിടയാക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിൽ ഇന്ന് മൂന്നുവീടുകളിലൊന്നിൽ ഒരു അർബുദ രോഗിയെങ്കിലും ഉണ്ടെന്നാണ് പല അന്വേഷണങ്ങളും വെളിപ്പെടുത്തുന്നത്.

വർധിച്ചുവരുന്ന ജലപ്രളയം, പ്രകൃതി ദുരന്തങ്ങൾ തുടങ്ങിയവ വരാനിരിക്കുന്ന പ്രകൃതി ദുരന്തങ്ങളിലേക്കുള്ള ഓർമപ്പെടുത്തലാണ്. നിയന്ത്രണംവിട്ട വികസന നടപടികളും, അതിന്റെ ഇരകളായി മാറുന്ന മനുഷ്യരും. അടുത്തകാലത്ത് ചെന്നെയിലും, ഉത്തരാഖണ്ഡിലും ഉണ്ടായ പേമാരിയും ഉരുൾപൊട്ടലും വിനാശം വിതച്ച് ജനവാസ മേഖലകളെ തന്നെ തകർത്തെറിഞ്ഞു. വർധിച്ചുവരുന്ന ചുഴലിക്കാറ്റും, പേമാരിയും, ഭൂകമ്പവും, സുനാമിയും നിലനില്പിനു തന്നെ വെല്ലുവിളി ആയിരിക്കുന്നു. ഭൂമിയുടെ താപനില ഉയരുന്നതിന്റെ ഫലമായി സമുദ്ര ജലനിരപ്പ് ഉയരുകയും താഴ്ന്ന പ്രദേശങ്ങളിലെ വീടുകൾ മുങ്ങിത്താഴുകയും ഉപ്പുവെള്ളം കലർന്ന് ശുദ്ധജല ലഭ്യത കുറയു

കയും ചെയ്യുന്നു.

പ്രകൃതിയെയും ഭൂമിയെയും മണ്ണിനെയും വീണ്ടെടുക്കാൻ ചെറുതും വലുതുമായ ഇടപെടലുകൾ ആവശ്യമായി വന്നിരിക്കുന്നു. ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും സൃഷ്ടിക്കുന്ന അതിഗൗരവമായ പ്രശ്നങ്ങൾ മനസ്സിലാക്കിക്കൊണ്ടാണ് ലോക രാഷ്ട്രത്തലവന്മാർ ഫ്രാൻസിന്റെ തലസ്ഥാനമായ പാരീസിൽ 2015 ഡിസംബർ മാസത്തിൽ സമ്മേളിച്ച് പാരീസ് കാലാവസ്ഥ ഉടമ്പടിയിൽ ഒപ്പുവച്ചത്. 196 രാഷ്ട്രത്തലവന്മാർ അംഗീകരിച്ച ഉടമ്പടി ഭാരതം ഒപ്പുവയ്ക്കുകയും കഴിഞ്ഞ ഗാന്ധിജയന്തി ദിനത്തിൽ ഇത് പ്രധാനമന്ത്രി പ്രാബല്യത്തിൽ വരുത്തുകയും ചെയ്തു. ഇതിനോടനുബന്ധിച്ച് വായുവിലേക്ക് ഒഴുക്കിവിടുന്ന കാർബണിന്റെ അളവ് നിയന്ത്രിക്കുകയും ഭൂമിയെ ഹരിതാഭമാക്കുന്ന വനവൽക്കരണ നടപടികൾ ആരംഭിക്കുകയും ചെയ്തു.

നമ്മുടെ വെള്ളവും വായുവും ചുറ്റുപാടുകളും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം നമുക്കുണ്ട്. പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ 'അങ്ങേക്ക് സ്തുതി' എന്ന ചാക്രിക ലേഖനത്തിൽ പറയുന്നതുപോലെ വരുംതലമുറയ്ക്കായി ഈ ഭൂമിയെ, പ്രകൃതിയെ നാം കാത്തുസൂക്ഷിക്കണം. നമുക്കു സൗജന്യമായി ലഭിച്ചതും അന്യരുമായി നാം പങ്കുവയ്ക്കേണ്ടതുമായ ഒരു ദാനമാണ് ലോകമെന്ന് നാം മനസ്സിലാക്കുന്നു... തലമുറകൾക്കിടയിലെ ഐക്യദാർഢ്യം ഐച്ഛികമല്ല. പ്രത്യുത, നീതിയുടെ ഒരു അടിസ്ഥാന വിഷയമാണ്. എന്തെന്നാൽ നമുക്കു ലഭിച്ചിരിക്കുന്ന ലോകം, നമുക്കു പിന്നാലെ വരാൻ പോകുന്നവരുടെയും സ്വന്തമാണ്. ഓരോ തലമുറക്കുമുള്ള വായ്പയാണത്. പിന്നീട് അത് അടുത്ത തലമുറയ്ക്ക് കൈമാറണം. നമുക്കുശേഷം വരുന്നവർക്ക് (എൽ.എസ്.159).

നാം ഉണ്ടാക്കുന്ന മാലിന്യങ്ങളെ തരംതിരിച്ച് ഉറവിടങ്ങളിൽ തന്നെ സംസ്കരിക്കുന്ന ശൈലി വളർത്തിയെടുക്കണം. ജൈവമാലിന്യങ്ങളെ സ്വന്തം ഭൂമിയിൽ തന്നെ പച്ചക്കറികൾ നട്ടുപിടിപ്പിച്ച് ഫലപ്രദമായി ഉപയോഗിക്കണം. പ്ലാസ്റ്റിക്, ഖരമാലിന്യങ്ങളെ കുടുംബയൂണിറ്റ് തലങ്ങളിൽ സമാഹരിച്ച് പുനരുൽപ്പാദകർക്കായി നൽകണം. നമ്മുടെ പ്രദേശങ്ങളിലെ ജലസ്രോതസ്സുകളെ സംരക്ഷിക്കാൻ തടയണകൾ, മഴക്കുഴികൾ എന്നിവ ഉണ്ടാക്കണം. ഉഷ്ണത്തിന്റെ കാഠിന്യത്തിൽ നിന്നും നമ്മുടെ നാടിനെ രക്ഷിക്കാൻ നമുക്കൊറ്റക്കെട്ടായി പൊതുസ്ഥലങ്ങളിലും പള്ളി/അമ്പലപരിസരങ്ങളിലും സ്കൂൾ പരിസരത്തും വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം. ഒപ്പം കടൽത്തീരത്ത് വൃക്ഷങ്ങൾ നട്ട് കടലിന്റെയും, മത്സ്യത്തിന്റെയും ആവാസ വ്യവസ്ഥകളെയും കടൽത്തീരത്തെയും സംരക്ഷിക്കാം. നമ്മുടെ പ്രദേശങ്ങളെ ഹരിതഗ്രാമങ്ങളും ശുചിത്വതീരങ്ങളുമായി പരുവപ്പെടുത്താനുള്ള ഒരു യജ്ഞത്തിനായി യുവജനങ്ങൾ, കുട്ടികൾ, കുടുംബങ്ങൾ, കുടുംബയൂണിറ്റുകൾ, മതബോധന വിദ്യാർത്ഥികൾ, വിദ്യാലയങ്ങൾ, വനിതകൾ, സാമൂഹികപ്രവർത്തകർ, തദ്ദേശ സ്ഥാപനങ്ങൾ എന്നിവയെ കണ്ണിചേർന്നുകൊണ്ട് നമ്മുടെ നാടിനെ വൃത്തിയുള്ളതും, പച്ചപ്പുകൾ നിറഞ്ഞതുമായ ഇടങ്ങളാക്കാം. ■



# സഹന സ്നാനം

നിശബ്ദത തൻ സഹന സാന്ദ്രതയിൽ
അമേയ തീവ്രത തൻ ലാവണ്യമായ് ക്രിസ്തു
സഹനസ്നാനത്തിൽ സന്തത സഹചാരിയായ്,
ഗോൽഗോഥയുടെ താഴ്‌വര പടവുകളിലെത്തി,
ബലിയായി തീർന്നപ്പോഴും പതറാത്തവൻ,
ചരിത്രത്തിൽ വിചാരണ നിമിഷത്തിൽ
മൗനം ഭജിച്ചവൻ,
മരണത്തിൽ ഇടനാഴിയിലും
പ്രത്യാശതൻവാതിൽ
മരണം ജീവനിലേക്കുള്ള ആദ്യ ടെസ്റ്റ്
ഡോസാണെന്ന് വെളിപ്പെടുത്തി.
എൻ മൂർദ്ധാവിലേക്ക് ഇറ്റുവീഴുമൊരു
തീർത്ഥം!
യാഗപൂർണിമയിലൂടെ എല്ലാം
പൂർത്തിയാക്കിയവൻ,
മനുഷ്യമനസ്സിൽ ശൂന്യതയെ
ആഴപ്പെടുത്തിയ സ്നാനം,
പ്രപഞ്ചചില്ലകൾ ഒടിഞ്ഞപ്പോഴും
പ്രകൃതിയും അറിയാതെ നെടുവീർപ്പിട്ടു.
ക്ഷതങ്ങൾക്കുമീതെ സൗമ്യലേപനമായി,
സത്യം തിരിച്ചറിഞ്ഞ നിമിഷമായ്,
മാനവന്റെ നിത്യരക്ഷതൻ അച്ചാരമായ്....

- സിസ്റ്റർ രേഷ്മ എച്ച്.സി.



ലേഖനം

സിസ്റ്റർ ദീപ ജോർജ്ജ് എഫ്ഡിസിസി

# പച്ചിലകളുടെ നിസംഗതയിൽ പൊള്ളുന്ന സ്ത്രീത്വം

ലോകത്തിലുള്ള സർവതിനും സുഖമുണ്ടാകട്ടെ. ഈ ആശംസ ആദ്യമായി കേട്ടത് നമ്മയുടെ വ്യക്തിത്വത്തിന്റെ പ്രതീകമായി മാറിയ ഒരമ്മയിൽ നിന്നാണ്. അതെ, മനുഷ്യകുലത്തിന് മാറ്റി നിർത്താൻ കഴിയാത്ത പുണ്യമാണ് അമ്മമാർ. നിഷ്കളങ്കതയുടെ ദൈവീക ഭാവമായും കുഞ്ഞുമക്കളായും സ്വപ്നങ്ങളുറങ്ങുന്ന കണ്ണുകളിലെ സ്നേഹ തീവ്രതയിലുരുകുന്ന കൗമാരക്കാരിയായും സർവതിനെയും സധൈര്യപൂർവം നേരിടുന്ന യുവതിയായും പ്രാണനെ പകുത്തു നൽകി പ്രാണനായി മാറുന്ന പ്രണയിനിയായും സഖിയായും സർവത്യാഗിയും സ്നേഹസമ്പൂർണ്ണയായ അമ്മയായും വിശുദ്ധ സമർപ്പണത്തെ ജപമണികളുമായി കൂട്ടിയിണക്കുന്ന സമർപ്പിതരായും സ്ത്രീകൾ നമ്മുടെ ജീവിത വഴിത്താരകളിൽ നിറഞ്ഞുനിൽക്കുന്നു.

ആധുനിക വിവര സാങ്കേതികവിദ്യയുടെ അതിപ്രസരണമുള്ള ഈ കാലഘട്ടത്തിൽ, വസ്ത്രധാരണത്തിലും ഭക്ഷണത്തിലും ഭാഷാ പ്രയോഗത്തിലും മാത്രം നമ്മൾ പരിഷ്കൃതരാകുന്നു. പൊതുസ്ഥലങ്ങളിൽ, തൊഴിലിടങ്ങളിൽ, സഞ്ചാര വേളകളിൽ എന്തിനധികം സ്വന്തം കുടുംബങ്ങളിൽപോലും ഗുരുതുല്യരാൽ, പിതൃതുല്യരാൽ, സഹോദരതുല്യരാൽ സ്ത്രീ ശാരീരിക-മാനസിക-സാമ്പത്തിക പീഡനങ്ങൾക്ക് ഇരയായിത്തീരുന്നു. ഉപഭോഗ സംസ്കാരത്തിന്റെ കടന്നാക്രമണം മുതൽ മദ്യ-മയക്കുമരുന്നടിമത്വത്തിന്റെ ആധിക്യം വരെയും മൂല്യച്യുതിയുടെ പെരുപ്പം മുതൽ തകരുന്ന കുടുംബങ്ങളുടെ ശോചനീയാവസ്ഥവരെയും പിന്നെയും എത്രയോ മേഖലകളിലേക്ക് നീങ്ങുന്നതാണ് സ്ത്രീകൾ അനുഭവിക്കുന്ന അതിക്രമങ്ങളുടെ കാരണങ്ങൾ.


സ്ത്രീത്വത്തിന്റെ നന്മയ്ക്കും മഹി

മയ്ക്കും ആഴമായ മുറിവേൽക്കുന്ന തരത്തിലുള്ള സംഭവ വികാസങ്ങൾ നമ്മുടെ കൊച്ചുകേരളത്തിൽ അരങ്ങേറാൻ തുടങ്ങിയിട്ട് നാളുകളേറെയായി. ചിലതൊക്കെ കണ്ടില്ലെന്നും കേട്ടില്ലെന്നും നടിക്കുന്ന ഭരണാധികാരികളെയും നീതിയ്ക്കുവേണ്ടി മുറവിളി കൂട്ടുന്നവരുടെ വായടപ്പിക്കുന്നതിനുംവേണ്ടിയുള്ള അന്വേഷണ പ്രഹസനങ്ങളെയും നമ്മൾ കാണാതെ പോകരുത്. നിയമ വിദ്യാർത്ഥിയായ ജിഷാ കൊലക്കേസ് - മനുഷ്യമനസ്സാക്ഷിയുടെ മുറിവിനെതിരെ, സദാചാര പോലീസിനെതിരെ നിരന്തരം വാളോങ്ങിയവർതന്നെ സദാചാരത്തിന്റെ വക്താക്കളായ കപടത നമ്മൾ കണ്ടതും തലസ്ഥാന നഗരിയിലെ കലാലയത്തിലാണ്. പൊതുനിരത്തിൽപോലും സ്ത്രീകൾക്ക് സുരക്ഷിതരായിരിക്കാൻ സാധിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഏതാനും ദിവസങ്ങൾക്കു മുമ്പ് നമ്മുടെ ഒരു പ്രമുഖ നടിക്കെതിരെയുണ്ടായ ലൈംഗിക-ശാരീരികാതിക്രമണം ചൂണ്ടിക്കാട്ടുന്നു.

സ്ത്രീ സുരക്ഷ, ഷാഡോ പോലീസ്, പിങ്ക് പോലീസ്, ക്യാമറാ നിരീക്ഷണം ഇവയെല്ലാമുള്ള നമ്മുടെ നാട്ടിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിച്ചുവരികയാണ്. സ്ത്രീകളുടെ മാനത്തിന് നേരെ വിരൽചൂണ്ടാത്ത ദിനരാത്രങ്ങൾ നമുക്കൊരു മരീചികയാണ്, സ്വപ്നമാണ്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളും സംരക്ഷണ നിയമങ്ങളും ശിക്ഷകളും (IPC 1860), തൊഴിൽ സ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള ലൈംഗിക പീഡനം തടയുന്നതിനും നിരോധിക്കുന്നതിനും പരിഹരിക്കുന്നതിനുമുള്ള നിയമം 2013, സ്ത്രീകളെ നിന്ദ്യമായി ചിത്രീകരിക്കൽ നിരോധന നിയമം -1987, സ്ത്രീധന നിരോധന നിയമം 1961, ഗാർഹികാതിക്രമങ്ങളിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം - 2005 തുടങ്ങിയവയെ പഴുത്തില കൊഴിയുന്ന ലാഘവത്തോടെ മാത്രമാണ് ഇന്നത്തെ ഭരണ വ്യവസ്ഥ നോക്കിക്കാണുന്നതെന്ന് തോന്നിപ്പോകുന്നു.

സൈബർ കുറ്റകൃത്യങ്ങളുടെ അതിപ്രസരമുള്ള ഇക്കാലത്ത് സ്ത്രീ വെറുമൊരു ഉപഭോഗ വസ്തുവായി താഴ്ത്തപ്പെടുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. സ്ത്രീകളോടുള്ള മനോഭാവത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങൾ വരുത്തിയ സ്വാധീനം പിഞ്ചു ബാലികമാരെയും വയോധികരെയും വരെ ലൈംഗീക അരാജകത്വത്തിന്റെ ഇരകളാക്കുന്നു എന്നത് വേദനിപ്പിക്കുന്നതാണ്.

അത്യാപത്കരമായ ഈ അവസ്ഥയിൽ നിന്നു സ്ത്രീകളെ രക്ഷിക്കണമെങ്കിൽ പല തരത്തിലുള്ള കൂട്ടായ പ്രവർത്തനം അനിവാര്യമാണ്. സ്ത്രീ സുരക്ഷയ്ക്ക് ഒട്ടേറെ നിയമങ്ങൾ ഉണ്ടായിട്ടുണ്ട്, ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. എന്നാൽ അതിനേക്കാൾ പ്രാധാന്യം നിലവിലുള്ള നിയമ സംവിധാനങ്ങൾ ശക്തമായി ഉപയോഗിക്കാനും കടന്നാക്രമണങ്ങൾ ചെറുക്കാനും സ്വയം പ്രതിരോധിക്കാനും സ്ത്രീയെ സജ്ജമാക്കുകയാണ്. നിയമങ്ങളെയും മൂല്യങ്ങളെയും സമത്വബോധത്തെയുമടക്കം എല്ലാ മാനുഷ്യ മേഖലകളിലും സ്ത്രീ തുല്യ പങ്കാളിയാവട്ടെ. സ്ത്രീകളെ സ്ത്രീകളായിട്ട് സ്നേഹിക്കാനും മാനിക്കാനും നന്മയുടെ വക്താക്കളായ പുഞ്ചിരിയുടെ നറുനിലാവിനെ പ്രണയിക്കാനും നമുക്കും ഈ സമൂഹത്തിനും സാധിക്കട്ടെ. ■



സൈബർ കുറ്റകൃത്യങ്ങളുടെ
അതിപ്രസരമുള്ള ഇക്കാലത്ത് സ്ത്രീ
വെറുമൊരു ഉപഭോഗ വസ്തുവായി
താഴ്ത്തപ്പെടുന്നു എന്നത് ഒരു
യാഥാർത്ഥ്യമാണ്. സ്ത്രീകളോടുള്ള
മനോഭാവത്തിൽ ഇലക്ട്രോണിക്
മാധ്യമങ്ങൾ വരുത്തിയ സ്വാധീനം
പിഞ്ചു ബാലികമാരെയും വയോധിക
രെയും വരെ ലൈംഗീക
അരാജകത്വത്തിന്റെ
ഇരകളാക്കുന്നു എന്നത്
വേദനിപ്പിക്കുന്നതാണ്.

ലേഖനം

ഫാ. ലെനിൻരാജ് ടി
& ക്ലെമന്റ് റൊസാരിയോ

# ഇത് ഔദാര്യമല്ല കടമയാണ്






തിരുസഭയ്ക്ക് സമ്മാനമായി ലഭിച്ച വത്തിക്കാൻ കൗൺസിൽ പ്രമാണരേഖയിൽ സാമൂഹിക സാമ്പത്തിക വികസന സംരംഭങ്ങളെക്കുറിച്ച് പറയുന്നതിങ്ങനെയാണ്. ആധുനികകാലത്തെ സാമൂഹിക സാമ്പത്തിക വികസന സംരംഭങ്ങളിൽ ഇറങ്ങി പ്രവർത്തിക്കുകയും നീതിക്കും സാഹോദര്യത്തിനും വേണ്ടി പൊരുതുകയും ചെയ്യുന്ന ക്രൈസ്തവർക്ക് മനുഷ്യരാശിയുടെ ക്ഷേമ ഐശ്വര്യങ്ങൾക്കും ലോക സമാധാനത്തിനും വേണ്ടി വലിയ സംഭാവനകൾനൽകാൻ കഴിയുമെന്ന് ബോദ്ധ്യമുണ്ടായിരിക്കണം. ഇത്തരം പ്രവർത്തനങ്ങളിൽ ഇവർ വ്യക്തിപരമായും സമൂഹത്തിലെ അംഗങ്ങൾ എന്ന നിലയിലും ഉത്തമ മാതൃകകളായി പ്രശോഭിക്കണം. അനുപേക്ഷണീയമായ അനുഭവ സമ്പത്തും പ്രാഗത്ഭ്യവും സമ്പാദിച്ചശേഷം ക്രിസ്തുവിനും അവിടുത്തെ സുവിശേഷത്തിനും വിശ്വസ്തരായി നിന്നുകൊണ്ട് തങ്ങളുടെ ഭൗതീക സംരംഭങ്ങളിൽ ശരിയായ ക്രമം അവർ അവലംബിക്കേണ്ടതാണ്. അപ്പോൾ വ്യക്തിഗതവും സാമൂഹികവുമായ സ്വജീവിതത്തിൽ മുഴുവനും അഷ്ടഭാഗ്യ ചൈതന്യം നിറയുന്നതിനിടയാകും. അങ്ങനെയെങ്കിൽ നമുക്ക് ചുറ്റും കഴിയുന്ന ഈ നിരാലംബരെ സഹായിക്കേണ്ടത് സമൂഹമെന്ന നിലയിൽ നമ്മുടെ കടമയും ബാദ്ധ്യതയുമാണ്.

ഈ പശ്ചാത്തലത്തിൽ തിരവനന്തപുരം അതിരൂപത സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഭാഗമായി നടത്തിയ സമ്പത്തിക സർവേ ഞെട്ടിപ്പിക്കുന്ന ചില യാഥാർത്ഥ്യങ്ങളാണ് പുറത്തുകൊണ്ടുവന്നത്. അതിരൂപതാംഗങ്ങളായ 6000ത്തോളം പാവപ്പെട്ട കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങളില്ലെന്ന സത്യം ആശങ്കപ്പെടുത്തുന്നതായിരുന്നു. ഇതു എങ്ങനെ പരിഹരിക്കാമെന്ന ചിന്തയാണ് അതിരൂപതാദ്ധ്യക്ഷന്റെ മെത്രാഭിഷേക രജതജൂബിലിയുടെ ഭാഗമായ ആഘോഷങ്ങൾ വെട്ടിക്കുറച്ച് പിതാവ് സ്വമനസ്സാ അംഗീകാരം നൽകിയ ഭവനം ഒരു സമ്മാനം എന്ന പദ്ധതി. രണ്ടു റൂമുകൾ, ഹാൾ, അടുക്കള, അനുബന്ധമായ കുളിമുറി എന്നിവ ഉൾപ്പെടുന്ന 410 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾക്ക് അഞ്ചുലക്ഷം വക വെച്ച് ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമിച്ചു നൽകുമ്പോൾ ഭവനരഹിതരില്ലാത്ത തിരുവനന്തപുരം അതിരൂപതയെന്ന ആശയമാണ് സാക്ഷാൽക്കരിക്കപ്പെടുന്നത്.

2015 ജുലൈ 7 ന് നിർമാണോദ്ഘാടനം നിർവഹിച്ച ഭവനം ഒരു സമ്മാന പദ്ധതിയിലൂടെ ഇതിനോടകം 25 വീടുകൾ പൂർത്തീകരിച്ചു നൽകുവാൻ കഴിഞ്ഞു. വലിയതുറ, പുല്ലുവിള ഫൊറോനകളിലായി 13 വീടുകൾ പൂർത്തിയായി വരുന്നു. ഭവനം ഒരു സമ്മാനപദ്ധതിക്ക് ധനസമാഹരണം ഒരു വലിയ പ്രശ്നമായിരുന്നു. വിധവയുടെ കാണിക്കപോലെ പരിമിതാവസ്ഥയിൽ കഴിയുന്നവർ തങ്ങളുടെ കഴിവിനനുസരിച്ച് തുറന്ന മനസ്സോടെ നൽകാൻ തയ്യാറായപ്പോൾ പദ്ധതിക്ക് പുത്തനുണർവും ആവേശവും കൈവന്നു. ഒരു വർഷത്തിനുള്ളിൽ 10 വീടുകൾ നിർമിച്ചുനൽകുകയാണ് ലക്ഷ്യം. ഇതിനോടകം 24541112 രൂപ സമാഹരിക്കുവാൻ കഴിഞ്ഞു. ഇതിൽ 50 ലക്ഷം നൽകിയ വെട്ടുകാട് ഇടവകാംഗം മാർക്കോസ് 45 ലക്ഷം നൽകിയ വെട്ടുകാട് ഇടവക, അഞ്ചുലക്ഷം നൽകിയ പേട്ട ഇടവക, 185 രൂപ മുതൽ അഞ്ചുലക്ഷം രൂപ വരെ നൽകിയ വ്യക്തികളും സ്ഥാപനങ്ങളും എന്നിവരുടെ സംഭാവനകളും ഉൾപ്പെടുന്നു. സമാഹരിച്ച തുകയിൽ 18664072 രൂപ ഭവന നിർമാണത്തിനായി വിനിയോഗിച്ചുകഴിഞ്ഞു. കൂട്ടുത്തരവാദിത്ത ബോധത്തോടെ ഈ പദ്ധതിയിൽ അണിചേർന്ന് സ്വന്തമായ ഒരു ഭവനം എന്ന സ്വപ്നം പേറി സഞ്ചരിക്കുന്ന നമ്മുടെ സഹോദരങ്ങളെ ഇരു കൈകൾ നീട്ടി സഹായിക്കുവാൻ എല്ലാ സുമനസ്സുകളെയും സ്നേഹപൂർവം ക്ഷണിക്കുന്നു. ഒരു ഭവനം, ഭവനത്തിന്റെ ഒരു മുറി, 2 സെന്റ് ഭൂമി തുടങ്ങി ഒരു രൂപ മുതൽ മനസ്സിന്റെ വിശാലത വരെ വിധവയുടെ കാണിക്കയെന്നപോലെ ഓരോരുത്തരുടെയും നിർലോപമായ സാമ്പത്തിക സഹായം ഈ പദ്ധതിയിലേക്ക് നൽകാം. ■








## ഒരു കൈതാങ്ങ്

റ്റിഎസ്എസ്എസിന്റെ സേവ് എ ഫാമിലി സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി തിരുവനന്തപുരം ലത്തീൻ അതിരൂപതയുമായി കൈകോർത്ത് അൻപതു വീടുകളുടെ നിർമ്മാണവും റ്റിഎസ്എസ്എസ് ലക്ഷ്യമിടുന്നുണ്ട്. ഓരോ ഭവനത്തിനും സേവ് എ ഫാമിലി ഒരു ലക്ഷം രൂപ വീതം നല്കും. ഈ വിഹിതം കൂടാതെ 4 ലക്ഷം രൂപ കണ്ടെത്തണം. ഇടവകകളുടേയും, ഗുണഭോക്താക്കളുടേയും, അഭ്യുദയാകാംക്ഷികളുടേയും സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും സഹായത്തോടെയാണ് 2 കോടി രൂപ ഭവന നിർമാണത്തിനായി സമാഹരിക്കേണ്ടത്.

## ഒരു ദിനം ഒരു രൂപ

2011-2012 അതിരൂപത നടത്തിയ സ്ഥിതി വിവരകണക്ക് അനുസരിച്ച് 58501 കുടുംബങ്ങളാണ് അതിരൂപതയിൽ വസിക്കുന്നത്. ഈ കുടുംബങ്ങൾ ഓരോ ദിവസവും ഒരു രൂപ വീതം ഈ സ്വപ്ന പദ്ധതിക്ക് വേണ്ടി കാരുണ്യ പൂർവ്വം മാറ്റി വയ്ക്കുകയാണെങ്കിൽ ഒരു വർഷം 2,13,52,865 രൂപ സമാഹരിക്കാനാകും. ഈ തുക കൊണ്ട് 42 ഓളം നിർദ്ധനരായ കുടുംബങ്ങൾക്കു മറ്റു സഹായം കൂടാതെ തന്നെ ഭവനങ്ങൾ നിർമിച്ചു നൽകാൻ സാധിക്കും, വിധവയുടെ കാണിക്കയുടെ മഹത്വം അറിയുന്നവർ സാമൂഹക നന്മയ്ക്കായി അണിനിരക്കുമെന്നും, ആയത് സംലബ്ധമാകുമ്പോൾ പ്രതീക്ഷയിൽ കഴിയുന്ന നിരാലംബരായ ഭവന രഹിതർ ഫീനിക്സ് പക്ഷി പോലെ സമൂഹ മദ്ധ്യത്തിൽ പറന്നുയരുമെന്നും നമുക്ക് പ്രത്യാശിക്കാം.

## ഭവനം ഒരു സമ്മാനം

13 വീടുകളുടെ താക്കോൽ ദാനം
23.03.2017 വൈകു.4 ന്
കരുംകുളം സെന്റ് ആന്ദ്രൂസ് ചർച്ച്
കമ്മ്യൂണിറ്റി ഹാൾ
ഉദ്ഘാടനം: **ഡോ. തോമസ് ഐസക്ക്**
ധനവകുപ്പുമന്ത്രി
അദ്ധ്യക്ഷൻ :
**ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം**

ലേഖനം

മോൺ. തോമസ് ജെ.നെറ്റോ

# തപസ്സുകാല യാത്ര

"മനുഷ്യാ, നീ ഓർക്കുക: നീ പൊടിയായതിനാൽ പൊടിയിലേക്ക് തന്നെ മടങ്ങും". തപസ്സുകാല യാത്രയുടെ ആരംഭംകുറിച്ച് ശിരസ്സിൽ ക്ഷാരം പൂശി കാർമികൻ നമ്മോട് ഉരുവിട്ട വാക്കുകളാണിവ. മരണത്തിന്റെമേൽ വിജയം വരിച്ച ക്രിസ്തുനാഥന്റെ ഉത്ഥാനമഹോത്സവത്തിന് ഒരുങ്ങുവാൻ സഭ നിശ്ചയിച്ചുനൽകിയ അനുഗൃഹീതകാലമാണ് തപസ്സുകാലം. പ്രാർത്ഥന, ഉപവാസം, ദാനധർമ്മം തുടങ്ങിയ ആത്മീയപടികൾ കയറി ആത്മീയ നവീകരണം അനുഭവിക്കാൻ നമുക്ക് ലഭിച്ചിരിക്കുന്ന നല്ല നാളുകളാണിവ.

ആത്മപരിശോധനയുടെയും ആത്മപരിത്യാഗത്തിന്റെയും ചൈതന്യം നിറഞ്ഞുനിൽക്കുന്ന തപസ്സുകാലം "അനുതപിച്ച് സുവിശേഷത്തിൽ വീണ്ടും വിശ്വസിക്കാൻ'' നമുക്ക് അവസരം നൽകുന്നു. മനുഷ്യരായ നാം ബലഹീനരും നശ്വരരുമാണെന്നറിയാനും രക്ഷകനായ ദൈവത്തിന്റെ കാരുണ്യത്തിൽ മുറുകെ പിടിച്ച് നിത്യജീവനിലേക്ക് കടക്കാൻ കഴിവുള്ളവരാണെന്നും അറിയുന്നു. ക്രിസ്തുനാഥൻ 40 ദിനരാത്രങ്ങൾ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിഞ്ഞു. മരുഭൂമിയിൽ പിശാചിനാൽ അവിടുന്ന് പരീക്ഷിക്കപ്പെട്ടു. പ്രലോഭനങ്ങളെ സധൈര്യം



യേശു പറഞ്ഞ
അവസാന വാക്കുകൾ
ധ്യാനിക്കാൻ നോമ്പുകാലത്ത്
പ്രത്യേകിച്ച് വിശുദ്ധവാരത്തിൽ
സമയം കണ്ടെത്തുന്നത്
ഉചിതമാണ്.

അവിടുന്ന് നേരിടുകയും ദൈവവചനത്തിന്റെ ശക്തിയാൽ അവയെ തോല്പിക്കുകയും ചെയ്യുന്നു. എന്നിട്ട് ദൈവഹിതം തന്നിൽ നിറവേറാൻ അവിടുന്ന് സ്വയം സമർപ്പിച്ചു. ക്രിസ്തുവിന്റെ ഈ മാതൃകയെ അനുകരിക്കാൻ വിശ്വാസികളെ ആരാധനക്രമവത്സരത്തിലെ തപസ്സുകാലം ഹൃദയപൂർവം ക്ഷണിക്കുന്നു.

4-ാം നൂറ്റാണ്ടിലാണ് 40 ദിവസം എന്ന അനുഷ്ഠാനം സഭയിൽ ഉടലെടുത്തത്. മൂന്നുകാര്യങ്ങളുടെ ഒത്തുചേരൽ ഇതിലുണ്ട്: ഈസ്റ്ററിനുമുൻപുള്ള ഉപവാസം, ജ്ഞാനസ്നാനാർത്ഥികളുടെ ഒരുക്കം, ജ്ഞാനസ്നാനശേഷമുള്ള അനുതാപികളുടെ സഭയുമായുള്ള അനുരഞ്ജനം. തപസ്സുകാലത്തിന്റെ ഹൃദയമായി വിശേഷിപ്പിക്കാവുന്നത് പാപത്തിൽ നിന്നുവിട്ടുമാറി ദൈവത്തിങ്കലേക്ക് തിരിയുന്നതിന്റെ അടയാളമായ ജ്ഞാനസ്നാനമാണ്. മുതിർന്നവരെ ഈ കൂദാശ സ്വീകരണത്തിന് ഒരുക്കുന്ന പ്രക്രിയയും ആരാധനക്രമത്തിൽ അവർക്കുവേണ്ടി നടത്തുന്ന അനുഷ്ഠാനങ്ങളും നമ്മുടെ തന്നെ ജ്ഞാനസ്നാനവ്രതനവീകരണവും തപസ്സുകാല ചൈതന്യത്തിലേക്ക് വളരുവാനുള്ള മാർഗമാണ്.

തപസ്സുകാലം ഒരു ആത്മീയ യാത്രയാണ്. അവനവന്റെ ഉള്ളിലേക്കും ദൈവത്തിലേക്കും സഹോദരരിലേക്കും പ്രകൃതിയിലേക്കുമുള്ള ഒരു തീർത്ഥാടനം. ഇതിനുള്ള പ്രായോഗിക വഴികൾ നാം ഓരോരുത്തരും ഉപയോഗപ്പെടുത്തണം. ദൈവവചന പാരായണവും അനുരഞ്ജന കൂദാശാ സ്വീകരണവും പരിത്യാഗ പ്രവൃത്തികളും കാരുണ്യപ്രവൃത്തികളും പ്രാർത്ഥനയും ഉപവാസവും ദാനധർമങ്ങളും സഭ നിർദ്ദേശിച്ചു നൽകുന്ന മാർഗങ്ങളാണ്. വെള്ളിയാഴ്ചകളിലെ മാംസാദികളുടെ വർജ്ജനവും വ്യക്തിപരമായ ദുശ്ശീലങ്ങളുടെ നിയന്ത്രണവും പെരുമാറ്റങ്ങളിലെ പാളിച്ചകൾ തിരുത്തുവാനുള്ള പ്രയത്നവും സുവിശേഷത്തിനും സ്നേഹത്തിനും ചേർന്ന ജീവിത രീതികൾ അവലംബിക്കുന്നതും അഭികാമ്യമാണ്.

ലളിതമായ ജീവിതശൈലിയും പ്രകൃതിയോടുള്ള കരുതലും ദരിദ്രരോടുള്ള പ്രത്യേക പരിഗണനയും തപസ്സുകാല മുൻഗണനകളാക്കാവുന്നതാണ്.

ആഹാരത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനും മരുന്നിനും വേണ്ടി ക്ലേശിക്കുന്ന അനേകർക്ക് നടുവിലാണ് ഞാൻ ജീവിക്കുന്നത്. എന്റെ എല്ലാ ആവശ്യങ്ങളും കഴിഞ്ഞശേഷം ഒരാളെ സഹായിക്കാമെന്ന് കരുതിയാൽ അത് ഒരിക്കലും നടക്കില്ല. കാരണം എന്റെ ആവശ്യങ്ങൾ ഒരിക്കലും അവസാനിക്കില്ല. ചില കാര്യങ്ങൾ വേണ്ടെന്നുവച്ച് ഉള്ളവയിൽ നിന്ന് മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതാണ് കരണീയം. നമുക്ക് തുടങ്ങാം. അലമാരയിൽ സൂക്ഷിച്ചിരിക്കുന്ന വസ്ത്രങ്ങളിൽ നിന്നും അടുക്കളയിൽ പാചകത്തിന് സൂക്ഷിച്ചിരിക്കുന്ന സാധനങ്ങളിൽ നിന്നും വിനോദത്തിനും ആഘോഷത്തിനും സൂക്ഷിച്ചിരിക്കുന്ന പോക്കറ്റ് മണിയിൽ നിന്നും എന്റെ ഏറ്റവും ചെറിയവർക്കുവേണ്ടിയുള്ള പങ്കുവയ്ക്കലിന്റെ ജൈത്രയാത്ര

തപസ്സുകാല ആരാധനാക്രമം പകരുന്ന ആത്മീയ അന്തരീക്ഷം ഹൃദ്യമാണ്. ആത്മസംയമനം പാലിച്ച്, ഉപരിപ്ലവമായ യാഥാർത്ഥ്യങ്ങളെ തിരിച്ചറിഞ്ഞ്, സ്ഥായിയായവയിൽ കണ്ണും നട്ടുള്ള ഒരു ജീവിതാനുഭവം അത് നമ്മിൽ രൂപപ്പെടുത്തുന്നു. ഈ നാളുകളിലെ ജനകീയ ഭക്താനുഷ്ഠാനങ്ങളിൽ ഹൃദയസ്പർശിയായ ഒന്നാണ് നമ്മുടെ കർത്താവായ ക്രിസ്തുവിന്റെ പീഡാനുഭവവും കുരിശുമരണവും ധ്യാനിക്കുന്ന കുരിശിന്റെ വഴി. ക്രൂശിതനായ ക്രിസ്തുവിന്റെ രക്ഷാകരബലിയിലും അവിടുത്തേക്ക് നമ്മോടുള്ള സ്നേഹത്തിന്റെ തീവ്രതയിലും സ്വയം സമർപ്പിച്ച് അനുദിന ജീവിതം വിശുദ്ധീകൃതമാക്കാൻ ഈ തപസ്സുകാലം ഉപകരിക്കട്ടെ. ഫലപ്രദമായ തപസ്സുകാലാചരണങ്ങളിലൂടെ ക്രിസ്തുവിന്റെ ഉത്ഥാനമഹോത്സവത്തിന്റെ ജീവനിലേക്കും പ്രത്യാശയിലേക്കും നമുക്ക് എളുപ്പത്തിൽ നടന്നടുക്കാം. ■

**ആത്മപരിശോധനയുടെയും ആത്മപരിത്യാഗത്തിന്റെയും ചൈതന്യം നിറഞ്ഞുനിൽക്കുന്ന തപസ്സുകാലം 'അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കാൻ' നമുക്ക് അവസരം നൽകുന്നു. മനുഷ്യരായ നാം ബലഹീനരും നശ്വരരുമാണെന്നറിയാനും രക്ഷകനായ ദൈവത്തിന്റെ കാരുണ്യത്തിൽ മുറുകെ പിടിച്ച് നിത്യജീവനിലേക്ക് കടക്കാൻ കഴിവുള്ളവരാണെന്നും അറിയുന്നു.**

## വിശുദ്ധവാരം അർത്ഥവത്താക്കാൻ ചില വഴികൾ

- ദുഃഖവെള്ളിയാഴ്ചക്കു പുറമെ പെസഹാ വ്യാഴാഴ്ചയും വലിയ ശനിയാഴ്ചയും ഉപവസിക്കുകയും മാംസം വർജ്ജിക്കുകയും ചെയ്ത് ഒരു ത്യാഗം ചെയ്യുക.
- പെസഹാ വ്യാഴാഴ്ച വൈകിട്ടു മുതൽ ഈസ്റ്റർ രാവിലെ വരെ ടി.വി. കാണാതിരിക്കുക.
- കുമ്പസാരിക്കുക.
- അല്പനേരം പ്രാർത്ഥിക്കാൻ സമയം കണ്ടെത്തുക.
- എല്ലാ ദിവസവും സുവിശേഷങ്ങളിലുള്ള പീഢാനുഭവചരിത്രം വായിക്കുവാൻ 10 മിനിറ്റ് മാറ്റി വയ്ക്കുക.
- ദുഃഖത്തിന്റെ രഹസ്യങ്ങൾ ധ്യാനിച്ച് ജപമാലയർപ്പിക്കുക.
- വിശുദ്ധവാരത്തിൽ നിങ്ങൾ അനുഭവിച്ച ഏതെങ്കിലും വേദനയോ പ്രയാസമോ കാഴ്ച വച്ച് ക്രിസ്തുവിന്റെ പിഢാനുഭവവുമായി താദാത്മ്യപ്പെടുക.
- കുരിശിന്റെ വഴിയിൽ എല്ലാ വെള്ളിയാഴ്ചയും പങ്ക് ചേരുക.
- പെസഹാ ത്രിദിനത്തിലെ ആരാധനക്രമത്തിൽ ഭക്തിപൂർവ്വം പങ്കെടുക്കുക.

വീക്ഷണം

ഡോ. ജെ.മേരി ജോൺ




അഞ്ചുവർഷം മുമ്പുള്ള വസ്തുതകളാണ് ഈ സർവ്വേ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ഇതിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടാകാം. എന്നാൽ കാതലായ പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരമായിട്ടില്ലെന്നതാണ് വസ്തുത. ഇവിടെയാണ് ചിട്ടയും സമഗ്രവുമായ ഒരു ആസൂത്രണത്തിന്റെ അനിവാര്യത പ്രകടമാകുന്നത്. വിഭവങ്ങളുടെ സാദ്ധ്യതകളുടെ വിവേകപൂർവ്വമായ വിനിയോഗമാണ് പ്രശ്നപരിഹാരത്തിന് ഒരുപരിധിവരെ സഹായകമാകുന്നത്.

# തിരു. അതിരൂപതയുടെ സാമൂഹ്യപാഠം

സാമൂഹിക സാമ്പത്തിക രംഗത്ത് അതിരൂപതയിലെ ജനങ്ങളിൽ 20–25% കുടുംബങ്ങളും വളരെ പിന്നാക്കാവസ്ഥയിലാണ് കഴിയുന്നത്. ഇവർ ഭവനരഹിതരും ഭൂരഹിതരും തൊഴിൽ രഹിതരും സാമ്പത്തിക ഭദ്രത ഒട്ടുമില്ലാത്തവരും വിദ്യാഭ്യാസമില്ലാത്തവരുമാണ്. ഭവനം, ഭൂമി, തൊഴിൽ, വിദ്യാഭ്യാസം, ആസ്തികൾ, അതിപ്രാധാന്യമുള്ള കാര്യങ്ങൾ പരിഗണിച്ച്, കേരളത്തിലെ പൊതുസമൂഹവുമായി താരതമ്യപ്പെടുത്തുമ്പോൾ, മേൽപ്പറഞ്ഞ വിഭാഗം കുടുംബങ്ങളും ആളുകളും മാത്രമല്ല, അതിരൂപതയിലെ ജനങ്ങളിൽ ബഹുഭൂരിപക്ഷവും പിന്നാക്കാവസ്ഥയിലാണെന്ന് കാണാം. ഭൂമിയുടെ വിസ്തീർണ്ണം, വീടുകളിലെ മുറികളുടെ എണ്ണം, വിദ്യാഭ്യാസ നിലവാരം, ആസ്തികളുടെ ഉടമസ്ഥത മുതലായവ പരിശോധിക്കുമ്പോൾ ഇക്കാര്യം വ്യക്തമാകും.

കുടുംബങ്ങളുടെയും വ്യക്തികളുടെയും വികസനത്തിന്റെ പ്രാഥമിക ചുമതല അവരവർക്കു തന്നെയാണ്. അത് കഴിഞ്ഞാൽ ഭരണാധികാരികൾക്ക്. എങ്കിലും സഭയുടെ സുവിശേഷവൽക്കരണത്തിന്റെ അവിഭാജ്യഘടകം വിശ്വാസത്തിലധിഷ്ഠിതമായ സേവന പ്രവർത്തനങ്ങളായതിനാലും, ഈ സേവനം സുസ്ഥിര വികസനോന്മുഖമാകേണ്ടതിനാലും സഭയുടെ ഇടപെടലുകൾ ഇവിടെ ശ്രദ്ധേയമാവേണ്ടതുണ്ട്.

ജനങ്ങളുടെ ആദ്ധ്യാത്മികവും സഭാപരവുമായ കണക്കുകൾ വളരെയധികം ആശങ്കയ്ക്ക് ഇടതരുന്നതല്ല. പക്ഷേ, കേവലം കണക്കുകളിലൂടെ മാത്രം മനസ്സിലാക്കേണ്ട യാഥാർത്ഥ്യങ്ങൾക്കപ്പുറം ശ്രദ്ധിക്കേണ്ടതുള്ളതിനാൽ, അക്കാര്യങ്ങളിൽ കൂടുതൽ ആഴമേറിയ പഠനങ്ങളും അന്വേഷണങ്ങളും ആവശ്യമാണ്.

തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ ജനങ്ങളെ മുഴുവൻ ഉൾപ്പെടുത്തിക്കൊണ്ട് 2011–12 ൽ നടത്തിയ സാമൂഹിക-സാമ്പത്തിക-അജപാലന സർവേ കണ്ടെത്തിയ വിവരങ്ങൾ ശ്രദ്ധേയമാണ്. ഒരുപക്ഷേ, ഇന്ത്യയിൽ തന്നെ അതിരൂപതാ തലത്തിൽ നടന്ന ആദ്യത്തെ സംരംഭമായിരിക്കാമിത്. ഫൊറോനകളിൽ 114 ഇട



വകകളിൽ നിന്നായി ശേഖരിക്കപ്പെട്ട വിവരങ്ങളും അവയിലൂടെയുള്ള കണ്ടെത്തലുകളും ഇപ്രകാരമാണ്.

അതിരൂപതയിൽ ആകെയുള്ള 58501 കുടുംബങ്ങളിൽ 12914 (22%) കുടുംബങ്ങൾക്ക് സ്വന്തമായി വീടില്ല എന്ന കണ്ടെത്തൽ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്. ഇത്രയും പേർ ബന്ധുക്കളുടെ വീടുകളിലോ മറ്റോ കഴിയുന്നു. ഏറ്റവും കൂടുതൽ കുടുംബങ്ങൾ ഉള്ളത് പുല്ലുവിള ഫെറോന യിലാണെങ്കിലും, ഏറ്റവും കൂടുതൽ ശതമാനം ഭവനരഹിതരുള്ളത് കോവളം ഫെറോനയിലാണ്. ഏറ്റവും കുറവ് പാളയം ഫെറോനയിലും (10.72 %). ഭവനമുള്ളവരിൽ തന്നെ 2936 കുടുംബങ്ങൾ ഓലപ്പുരകളിലാണ് താമസിക്കുന്നത് (5.02%). ഷീറ്റ് മറച്ചും മറ്റും താമസിക്കുന്ന 13.11% കുടുംബ ങ്ങൾ വേറെയുമുണ്ട്.

സ്വന്തമായി ഭൂമിയുണ്ടെങ്കിലേ സ്വന്തമായി വീടുണ്ടാവൂ. ഒരുതരി മണ്ണുപോലും സ്വന്തമായി ഇല്ലാത്ത കുടുംബങ്ങൾ (11794) 20.16% ഉണ്ട്. ഭൂര ഹിതരാണ് ഭവനരഹിതർ എന്ന് കാണാവുന്നതാണ്. ഭൂമിയുള്ളവരിൽ വലിയൊരു ശതമാനത്തിനും ഒരു സെന്റിനും അഞ്ചുസെന്റിനും ഇടയ്ക്കേ ഭൂമിയുള്ളൂ. അഞ്ചു സെന്റിൽ കൂടുതലുള്ളവർ വെറും 6.20% കുടുംബങ്ങൾ മാത്രം. ഭൂമി യുള്ള കുടുംബങ്ങളിൽ താരതമ്യേന കുടുതൽ കുടുംബങ്ങളുടെ ഭൂമി പുരു ഷന്മാരുടെ പേരിലാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത് (32.62%).

വളരെയേറെ കുടുംബങ്ങളും പാച കത്തിനായി ഇപ്പോഴും സാധാരണ വിറകടുപ്പ് ഉപയോഗിക്കുന്നു. (57.14%) ഒപ്പം. ഒരുപക്ഷേ, ഗ്യാസ് അടുപ്പും ഉപ യോഗിക്കുന്നുണ്ടാകാം (52.26%). സ്ത്രീകളുടെ ആരോഗ്യവുമായി ഇക്കാര്യം ബന്ധപ്പെട്ടിരിക്കുന്നു.

ഗൃഹോപകരണങ്ങൾ ഒന്നും ഉപ യോഗിക്കാത്തവർ (20.46%). മറ്റുള്ളവ രുടെ വീടുകളിൽ കഴിയുന്നതുകൊ ണ്ടാകാം ഇങ്ങനെ സംഭവിക്കുന്നത്.

യാതൊരു തരത്തിലുള്ള വാഹന സൗകര്യങ്ങളും സ്വന്തമായി ഇല്ലാത്ത കുടുംബങ്ങളുടെ എണ്ണവും ശതമാ നവും വളരെ കൂടുതലാണ്. (71.04%-41561/-) അത്രയും കുടുംബ ങ്ങൾ കഴിഞ്ഞാൽ പിന്നെ ഏറ്റവും കൂടുതൽ ഇരുചക്രവാഹനങ്ങൾ ഉള്ള കുടുംബങ്ങളാണ് (10,325) 17.64%). സൈക്കിളുകളോ കാറുകളോ ഉള്ള കുടുംബങ്ങൾ താരതമ്യേന കുറവാ ണ്.

62.11 % (36335) കുടുംബങ്ങളിൽ ടെലിവിഷനും 21.88% (12801) കുടും ബങ്ങളിൽ ദിനപത്രങ്ങളും ഉണ്ടെ ങ്കിലും 22.28% (913620) കുടുംബങ്ങ ളിൽ ഇതൊന്നുമില്ല. ജീവനും വെളി ച്ചവും, 3.32%, ജീവനാദം (0.84%) എന്നീ സഭാ പ്രസിദ്ധീകരണങ്ങൾ



വരുത്തുന്നവർ വളരെ കുറച്ച് കുടും ബങ്ങൾ മാത്രമാണെന്നത് ശ്രദ്ധേയ മാണ്. ലാന്റ് ഫോണുള്ള കുടുംബ ങ്ങളുടെ എണ്ണത്തിന്റെ ഇരട്ടിയിലധി കമാണ് മൊബൈൽ ഫോൺ ഉള്ള കുടുംബങ്ങൾ (56.98%). എങ്കിലും ഇന്റർനെറ്റ് സൗകര്യമുള്ളത് 3.99 % (2335) കുടുംബങ്ങളിൽ മാത്രമാണ്.

മത്സ്യബന്ധന മേഖലയിൽ പ്രവർത്തിക്കുന്ന 88.735 (51909) കുടും ബങ്ങൾക്ക് യാതൊരു തരത്തിലുമുള്ള മത്സ്യബന്ധനോപകരണങ്ങളും ഇല്ല. മറ്റു തൊഴിൽ മേഖലകളിലേക്ക് പര മ്പരാഗത മത്സ്യമേഖലയിലെ കുടും ബങ്ങൾ മാറുന്നു എന്നുതന്നെയാണ് ഈ കണക്കുകൾ സൂചിപ്പിക്കുന്നത്. വളരെ കുറവു ശതമാനം കുടുംബ ങ്ങൾക്ക് ഇവയിൽ ഒന്നോ അതിലധി കമോ ഉപകരണങ്ങളുണ്ട്. തൊഴിൽ വൈവിധ്യം സാമ്പത്തിക പുരോഗതി യുടെ മാനദണ്ഡമായി കണക്കാക്കി യാൽ ഇക്കാര്യം ശുഭസൂചനയാണ്.

മറ്റ് തൊഴിലുകളെ ആശ്രയിച്ചു ജീവിക്കുന്നവരിൽ തയ്യൽമെഷീൻ, ക്യാമറ, ഓട്ടോറിക്ഷ, ടാക്സി, ടെമ്പോ, ബസ്, ലോറി, ജെസിബി എന്നിവയുള്ളവർ (10.72%) ശതമാനം മാത്രമാണ്.

നമ്മുടെ ഇടയിൽ വ്യാപാര ത്തിലോ വ്യവസായങ്ങളിലോ ഏർപ്പെ ടാത്ത കുടുംബങ്ങളാണ് വലിയൊരു ശതമാനവും (91.29%). പെട്ടിക്കടകൾ, പലവ്യഞ്ജനകടകൾ, ചെറുബിസി നസ് ഒക്കെ ചെയ്യുന്ന ചെറിയൊരു ശതമാനമൊഴിച്ചാൽ, ഈ രംഗത്ത് അതിരൂപതയിലെ കുടുംബങ്ങൾ വളരെ കുറവാണ്.

കൃഷി ഉപജീവനത്തിനായി ഉപ യോഗിക്കുന്നവർ 11.72 ശതമാനം മാത്ര മാണ്. മുഖ്യ ഉപജീവനമാർഗ്ഗമായി തെങ്ങ്, റബർ, മറ്റ് നാണ്യവിളകൾ, മരച്ചീനി, വാഴ, പച്ചക്കറികൾ, പുകൃ ഷി, മത്സ്യകൃഷി, മൃഗപരിപാലനം, കോഴിവളർത്തൽ എന്നിവ ചെയ്ത് ജീവിതവരുമാനമുണ്ടാക്കുന്നവർ ചുരു ക്കമാണ്. ഒരു കൃഷിയും ചെയ്യാത്ത വരാണ് 88.18 ശതമാനവും.

## വരുമാനവ്യയശീലം

പ്രതിമാസം രണ്ടായിരത്തിനും മൂവായിരത്തിനും ഇടയ്ക്ക് രൂപ ഭക്ഷ ണത്തിനായി ചെലവഴിക്കുന്നവരാണ് ഭൂരിപക്ഷം കുടുംബങ്ങളും (45.44%). മൂവായിരത്തിലധികം രൂപ ചെലവഴി ക്കുന്നവർ 36.42% വരും വിദ്യാഭ്യാസ ത്തിന്റെ കാര്യത്തിൽ, രണ്ടായിരം രൂപ യിൽ താഴെ പ്രതിമാസം ചെലവിടു ന്നവരാണ് താരതമ്യേന കൂടുതൽ (19.54%). മൂവായിരത്തിലധികം ചെല വിടുന്നവർ 8.47% മാത്രം. അതേസമ യം, മരുന്നുകൾക്കുവേണ്ടി 59.90% കുടുംബങ്ങൾ ശരാശരി ആയിരത്തി ലധികം രൂപ വീതം പ്രതിമാസം ചെല വാക്കുന്നുണ്ട്.

കണക്കെടുപ്പിൽ ഉൾപ്പെട്ട ആകെ കുടുംബങ്ങളിൽ 69.01% (40370) കടം പേറുന്നവരും 30.99% കുടുംബങ്ങൾ

കടമൊന്നും ഇല്ലാത്തവരുമാണ്. കട മുള്ളവരിൽ ഏറ്റവും കൂടുതൽ ശത മാനം കുടുംബങ്ങൾക്ക് (29.47%) അൻപതിനായിരം രൂപയിൽ താഴെ യാണ് കടം. അതുകഴിഞ്ഞാൽ മൂന്നു ലക്ഷത്തിനും ആറു ലക്ഷത്തിനും ഇടയ്ക്ക് കടബാധ്യതയുള്ള 12206 (20.86%) കുടുംബങ്ങളുണ്ട്.

ഭൂരിപക്ഷം കുടുംബങ്ങൾക്കും ആരോഗ്യ ഇൻഷുറൻസ് ഇല്ല (64.18% - 37545). വീടിനോട് ചേർന്ന് കക്കൂസ് ഉള്ള കുടുംബങ്ങൾ 80.74 ശതമാനമാണ്. പൊതു കക്കൂസ് ഉപയോഗിക്കുന്നവരും (10.55%) പൊതുസ്ഥലം മലമൂത്രവിസർജ്ജനത്തിന് ഉപയോഗിക്കുന്നവരും (5.89%) ഉള്ളതായി കാണുന്നു. വീട്ടാവശ്യത്തിനുള്ള വെള്ളത്തിന് പൊതുപൈപ്പിനെ ആശ്രയിക്കുന്നവരാണ് താരതമ്യേന കൂടുതൽ കുടുംബങ്ങൾ - 28.15%. സ്വന്തം കിണർ, പൊതുകിണർ, പൊതുപൈപ്പ്, ബോർവെൽ മുതലായവയാണ് മറ്റ് പ്രധാന ജലസ്രോതസ്സുകൾ.

39.03 % (22833) കുടുംബങ്ങളിലെ മാലിന്യങ്ങൾ സ്വന്തം സ്ഥലത്താണ് നിക്ഷേപിക്കുന്നതെങ്കിലും 18959 കുടുംബങ്ങൾ തങ്ങളുടെ മാലിന്യങ്ങൾ കടൽ, കായൽ മുതലായ ജലസ്രോതസ്സുകളിലാണ് നിക്ഷേപിക്കുന്നത്.

സമ്പൂർണ്ണ ബൈബിൾ 91.61 ശതമാനം കുടുംബങ്ങളിലും ഉണ്ട്. അനുദിന പ്രാർത്ഥന 81.92 % ശതമാനം കുടുംബങ്ങളിലും നടക്കുന്നുണ്ട്. 71.74% ബിസിസി യോഗങ്ങളിൽ മുടങ്ങാതെ പങ്കെടുക്കുന്നു.

## വ്യക്തിഗത വിവരങ്ങൾ

അതിരൂപതാ സർവ്വേയിൽ ഉൾപ്പെട്ട 217821 പേരിൽ 112287 (51.55%) പുരുഷന്മാരും 105535 (48.45%) സ്ത്രീകളുമാണ്. അതായത് 1000 പുരുഷന്മാർക്ക് 939.85 സ്ത്രീകൾ. അതിരൂപതയിലെ സ്ത്രീപുരുഷാനുപാതം കേരളത്തെ അപേക്ഷിച്ച് വളരെ കുറവാണ്. കേരളത്തിലെ 1000 പുരുഷന്മാർക്ക് 1088 (2011) സ്ത്രീകളുണ്ട്. പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ.

യുവത്വം തുളുമ്പുന്ന അതിരൂപതയിൽ ഏറ്റവും കൂടുതൽ ശതമാനം ആളുകളും 22 നും 40 നും ഇടയിൽ പ്രായമുള്ള 73403 (33.70%) പേരുണ്ടിവിടെ. വാർധക്യത്തിന് തൊട്ടുമുൻപുള്ള 48490 പേരും ഗണനീയമായ മറ്റൊരു വിഭാഗമാണ്.



48.62 ശതമാനം ആളുകൾ വിവാഹിതരും 38.16 ശതമാനം അവിവാഹിതരും ആയി ഉള്ളപ്പോൾ, 3.76% (8182) വിധവകളുണ്ട് അതിരൂപതയിൽ. വിഭാര്യർ 0.74 ശതമാനമേയുള്ളൂ. വിവാഹമോചനം നേടിയ 498 (0.23%) പേരാണുള്ളത്. അവരിൽ സ്ത്രീകളേക്കാൾ (238) മുന്നിൽ പുരുഷന്മാരാണ് (260).

26.06 ശതമാനം തൊഴിലാളികളും 22.16 ശതമാനം വിദ്യാർത്ഥികളും കഴിഞ്ഞാൽ ഏറ്റവും കൂടുതൽ ശതമാനം ആളുകളും തൊഴിൽരഹിതരാണ് (20.82%). സ്ഥിര ജോലിയുള്ളവരേക്കാൾ (4.68%) കൂടുതൽ പേർ തൊഴിൽ അന്വേഷിക്കുന്നവരാണ് (5.45%). പഠനം പൂർത്തിയാക്കാനാവാത്തവരായി 2.41% (5252) പേരുണ്ട്.

## ദുസ്സ്വഭാവങ്ങൾ

83.13 ശതമാനം ആളുകൾക്കും കാര്യമായ ദുസ്സ്വഭാവങ്ങളില്ല എന്നാണ് റിപ്പോർട്ട്. താരതമ്യേന കൂടുതൽ ആളുകളുടെയും ദുസ്സ്വഭാവം മദ്യപാനമാണ് (10.66%/23227). അത് കഴിഞ്ഞാൽ വെറ്റില മുറുക്ക് (6.37%). പുകവലിക്കുന്നവരും (2.55%). പാൻ മസാല ഉപയോഗിക്കുന്നവരും (1.45%) കുറച്ചുപേർ ഉണ്ട്. മയക്കുമരുന്നുപയോഗിക്കുന്നവരായി റിപ്പോർട്ടിലുള്ളവർ ചെറിയ ശമാനം മാത്രം (0.10%/214). അതിൽ 25 പേർ സ്ത്രീകളാണ്.

നല്ലൊരു ശതമാനം ആളുകളും ആഴ്ചയിലൊരിക്കലെങ്കിലും ദിവ്യബലിയിൽ പങ്കെടുക്കുന്നവരാണ്. (70.33%). എന്നാൽ അനുദിനപൂജയിൽ പങ്കെടുക്കുന്നവർ വെറും 9.73% പേരേയുള്ളൂ. ആണ്ടിലൊരിക്കൽ ദിവ്യബലിയിൽ പങ്കെടുക്കുന്നവർ 2.56% പേരുണ്ട്. അനുദിനബലിയിൽ സ്ത്രീകൾ കൂടുതലായി പങ്കെടുക്കുമ്പോൾ, ആഴ്ചകുർബാനയിൽ കൂടുതൽ പുരുഷന്മാരാണ് പങ്കെടുക്കുന്നത്.

5 മുതൽ 15 വരെ വയസ്സുള്ളവരുടെ ഇടയിൽ 74% കുട്ടികൾ റഗുലറായി വിശ്വാസ പരിശീലന ക്ലാസുകളിൽ പങ്കെടുക്കുന്നു. ആൺകുട്ടികളാണ് കൂടുതൽ. 16-25 വയസ്സുകാരിൽ, കൃത്യമായി പങ്കെടുക്കുന്നവരുടെ ശതമാനം താണുപോയതായി കാണുന്നു (26.08%). പെൺകുട്ടികൾ കൂടുതൽ.

ആണ്ടിലൊരിക്കൽ കുമ്പസാരിക്കുന്നവരാണ് താരതമ്യേന ഏറ്റവും കൂടുതൽ (26.67%) പേർ. വല്ലപ്പോഴും കുമ്പസാരിക്കുന്നവരാണ് തൊട്ടുതാഴെ (24.08%). മാസംതോറും കുമ്പസാരിക്കുന്നവർ ചെറിയതൊരു ശതമാനമേയുള്ളൂ. എന്നാൽ, 10-18 വയസ്സ് പ്രായമുള്ളവരിൽ മാസം തോറും കുമ്പസാരിക്കുന്നവർ 30.66% പേരുണ്ട്. 16.51 % സ്ത്രീകളും 14.15 % പുരുഷന്മാരും.

അഞ്ചുവർഷം മുമ്പുള്ള വസ്തുതകളാണ് ഈ സർവ്വേ പുറത്തുകൊണ്ടുവന്നിരിക്കുന്നത്. ഇതിൽ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടാകാം. എന്നാൽ കാതലായ പ്രശ്നങ്ങൾക്ക് ഇനിയും പരിഹാരമായിട്ടില്ലെന്നതാണ് വസ്തുത. ഇവിടെയാണ് ചിട്ടയും സമഗ്രവുമായ ഒരു ആസൂത്രണത്തിന്റെ അനിവാര്യത പ്രകടമാകുന്നത്. വിഭവങ്ങളുടെ സാധ്യതകളുടെ വിവേകപൂർവ്വമായ വിനിയോഗമാണ് പ്രശ്നപരിഹാരത്തിന് ഒരുപരിധിവരെ സഹായകമാകുന്നത്. ■

# നിങ്ങളുടെ സംശയങ്ങൾ ദൂരീകരിക്കാം

**കാ**നോൻ നിയമാധിഷ്ഠിതവുമായ വിഷയങ്ങളിൽ കത്തോലിക്കാ സഭാവിശ്വാസികൾക്ക് ഉണ്ടായേക്കാവുന്ന സംശയങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ജീവനും വെളിച്ചവും ഈ ലക്കം മുതൽ ഒരു സ്ഥിരം പംക്തി ആരംഭിക്കുന്നു. നിങ്ങളുടെ സംശയങ്ങൾക്ക് മാസികയിലൂടെ മറുപടി നൽകുന്നതാണ്. പ്രസിദ്ധീകരണയോഗ്യമായ സംശയങ്ങൾക്കും ചോദ്യങ്ങൾക്കും മാത്രമേ മറുപടി നൽകൂ. ചോദ്യങ്ങളും സംശയങ്ങളും എഡിറ്റർ ജീവനും വെളിച്ചവും, ആർച്ച് ബിഷപ്സ് ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.



# ഡീക്കന് വിവാഹം ആശീർവദിക്കാമോ?

? *തിരുവനന്തപുരം ലത്തീൻ രൂപതയിൽ പൂന്തുറ ഇടവക അംഗമായ എന്റെ വിവാഹം മലബാർ സഭാംഗമായ ഒരു പെൺകുട്ടിയുമായി നിശ്ചയിച്ചിരിക്കുകയാണ്. കഴിഞ്ഞ മാസം ഡീക്കൻപട്ടം സ്വീകരിച്ച സഹോദരൻ എനിക്കുണ്ട്. പുരോഹിതനാകാൻ ഇനി ആറുമാസമെങ്കിലും വേണ്ടിവരും. എന്റെ വിവാഹം വരുന്ന മേയ്മാസം നടത്താനാണ് നിശ്ചയിച്ചിരിക്കുന്നത്. ഞങ്ങളുടെ വിവാഹം ഡീക്കനായ എന്റെ സഹോദരൻ തന്നെ ആശീർവദിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. അതിനുവേണ്ടി ഞാൻ എന്താണ് ചെയ്യേണ്ടത്?*

വിവാഹത്തിന് നിയമം അനുശാസിക്കുന്ന പ്രായപൂർത്തിയും മറ്റു നിയമതടസങ്ങളും ഒന്നും തന്നെ ഇല്ലാതെയാണ് താങ്കൾ സീറോമലബാർ സഭാംഗമായ പെൺകുട്ടിയുമായുള്ള വിവാഹം നടത്തുന്നത് സംബന്ധിച്ച സംശയം ഉന്നയിച്ചതെന്ന് കരുതട്ടെ. നിങ്ങൾ രണ്ടുപേരും കത്തോലിക്കാ സഭയിലെ അംഗങ്ങളും. രണ്ടു വ്യത്യസ്ത റീത്തിൽപ്പെട്ടവരുമാണ്. താങ്കൾ ലത്തീൻ സഭാംഗവും താങ്കളുമായുള്ള വിവാഹം നിശ്ചയിച്ചിരിക്കുന്ന പെൺകുട്ടി സീറോമലബാർ സഭാംഗവുമാണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം 1108 പ്രകാരം നിയമാനുസൃതം നിയോഗിക്കപ്പെടുന്ന ഡീക്കന്റെ സാന്നിധ്യത്തിൽ നടക്കുന്ന വിവാഹത്തിന് നിയമസാധുതയും നിയമപ്രാബല്യവും അഥവാ നിയമാനുസൃത അംഗീകാരവും ഉണ്ടായിരിക്കുന്നതാണ്. ലത്തീൻ കാനോൻ നിയമം 1 പ്രകാരം ലത്തീൻ കാനോൻ നിയമങ്ങൾ ലത്തീൻ സഭയ്ക്ക് മാത്രമാണ് ബാധകമാകുന്നത്. അതനുസരിച്ച് ഡീക്കന്റെ സാന്നിധ്യത്തിൽ നടക്കുന്ന വിവാഹാഘോഷത്തിന് നിയമപരമായ അംഗീകാരം ഉണ്ടാകണമെങ്കിൽ വിവാഹിതരാകുന്ന രണ്ടു പേരും ലത്തീൻ സഭാംഗങ്ങളായിരിക്കണം. എന്നാൽ പൗരസ്ത്യ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം 828 പ്രകാരം രൂപതാ അധികാരിയുടെയോ (മെത്രാൻ, വികാരി ജനറൽ, എപ്പിസ്കോപ്പൽ വികാരി) ഇടവക വികാരിയുടെയോ നിയമാനുസൃതം നിയോഗിക്കപ്പെടുന്ന വൈദികന്റെയോ സാന്നിധ്യത്തിൽ നടത്തുന്ന വിവാഹങ്ങൾക്കുമാത്രമേ നിയമസാധുതയും നിയമ പ്രാബല്യവും നിയമാനുസൃത അംഗീകാരവും ഉണ്ടാവുകയുള്ളൂ. സീറോമലബാർ സഭ ഒരു പൗരസ്ത്യ സഭയാണ്. ആയതിനാൽ ഒരു ഡീക്കന്റെ സാന്നിധ്യത്തിൽ സീറോമലബാർ സഭയിലെ പെൺകുട്ടിക്ക് നിയമാനുസൃത വിവാഹത്തിൽ പ്രവേശിക്കാൻ സാധിക്കുകയില്ല.

നിയമപരമായി രണ്ടു വ്യക്തികൾ വിവാഹം ചെയ്യാൻ ആഗ്രഹിക്കുമ്പോൾ ആ രണ്ടുപേരും നിയമപരമായ തടസങ്ങൾ ഇല്ലാത്തവരും ആയിരിക്കണം.

ഇനി താങ്കളുടെ സംശയത്തിലേക്കുവരുന്നു. താങ്കൾ ലത്തീൻ സഭാംഗമായതിനാൽ താങ്കളുടെ സഹോദരനായ ഡീക്കന്റെ സാന്നിധ്യത്തിൽ വിവാഹം നടത്താൻ നിയമതടസം ഇല്ലെങ്കിലും, താങ്കൾ വിവാഹം ചെയ്യാൻ നിശ്ചയിച്ചിരിക്കുന്ന പെൺകുട്ടി സീറോമലബാർ സഭാംഗമായതിനാൽ ഒരു ഡീക്കന്റെ സാന്നിധ്യത്തിൽ വിവാഹം നടത്താൻ ആ പെൺകുട്ടിക്ക് നിയമതടസം ഉള്ളതിനാൽ, താങ്കളും സീറോമലബാർ പെൺകുട്ടിയുമായുള്ള വിവാഹത്തിന് നിയമപ്രാബല്യം ഉണ്ടാകേണ്ടതിന് നിയമം അനുവദിക്കുന്ന ഒരു മെത്രാന്റെയോ വികാരി ജനറലിന്റെയോ എപ്പിസ്കോപ്പൽ വികാരിയുടെയോ ഇടവക വികാരിയുടെയോ നിയമാനുസൃതം നിയോഗിക്കപ്പെടുന്ന ഒരു വൈദികന്റെയോ സാന്നിധ്യത്തിൽ മാത്രമേ വിവാഹം നടത്താവൂ.

അഗസ്റ്റിൻ കണിപ്പിള്ളി




# വിദ്യാഭ്യാസ മേഖലയെ കലുഷിതമാക്കുന്നതാര് ?

കേരളത്തിന്റെ വർത്തമാന വിദ്യാഭ്യാസരംഗം ഏറെ കലുഷിതമാണ്. പ്രിൻസിപ്പലിന്റെ കസേര കത്തിക്കുക, പ്രിൻസിപ്പലിന് പ്രതീകാത്മക ശവക്കുഴി ഒരുക്കുക, ലോ അക്കാദമി സമരം, തൃശൂർ പാമ്പാടി നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണം, കോട്ടയം ടോംസ് കോളേജ് സമരം തുടങ്ങി കലുഷിത രംഗങ്ങളുടെ ഒരു നീണ്ടനിര തന്നെയുണ്ട് കേരളത്തിൽ. വിദ്യാഭ്യാസ രംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന സംസ്ഥാനമെന്ന് നാം അഹങ്കരിക്കുന്ന കേരളത്തിലാണ് ഈ പ്രശ്നങ്ങളെല്ലാം അരങ്ങേറുന്നത് എന്നോർക്കണം. അതേസമയം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ ഏറെ നിർണായക സ്വാധീനം ചെലുത്തിയ ഒരു കാലഘട്ടമാണ് ഇപ്പോൾ കടന്നുപോകുന്നത്. സ്വാശ്രയമേഖലയിൽ എൻജിനീയറിംഗ് ഉൾപ്പെടെയുള്ള പ്രൊഫഷണൽ കോളേജുകളുടെ കടന്നുവരവ് ഉണ്ടായത് ഈ കാലഘട്ടത്തിലാണ്. ഇത്തരം സ്ഥാപനങ്ങളുടെ വരവും പ്രവർത്തനവും വിദ്യാഭ്യാസമേഖലയിൽ സൃഷ്ടിച്ച ചലനങ്ങൾ ചെറുതൊന്നുമല്ല. ഇന്ന് തൊഴിലില്ലായ്മയിൽ മുൻപന്തിയിൽ നിൽക്കാൻ കേരള യുവത്വത്തെ വിദ്യാസമ്പന്നരാക്കിയതിൽ ഈ കാലഘട്ടത്തിനും സ്വാശ്രയമേഖലയ്ക്കുമുള്ള പങ്ക് കുറച്ചൊന്നുമല്ല. എന്നാൽ കാലം പിന്നിടുകയും സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ വരുമാനമാർഗമായി മാനേജ്മെന്റുകൾ കാണുകയും ചെയ്തുതുടങ്ങിയതോടെ അനഭലഷണീയമായ ചില പ്രവണതകൾ ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കുടികൊള്ളാൻ തുടങ്ങി. വിദ്യാർത്ഥികളെ തങ്ങളുടെ വരുതിക്കുനിർത്താൻ ഇവർ സ്വീകരിച്ച മാർഗങ്ങളും ശിക്ഷാനടപടികളുമാണ് സ്വാശ്രയ വിദ്യാഭ്യാസ മേഖലയെ ആകെ നാണക്കേടിൽ എത്തിച്ചത്. ഇത്തരം ഒരു നിരീക്ഷണം നടത്തുമ്പോൾ സ്വാശ്രയമേഖലയെ അപ്പാടെ പ്രതിസ്ഥാനത്തു നിർത്തുന്നത് സത്യത്തെ അവഹേളിക്കലാകും. സ്വകാര്യമേഖലയിലെ വ്യക്തികേന്ദ്രീകൃത സ്ഥാപനങ്ങളിലാണ് അനഭലഷണീയമായ പ്രവണതകൾ പരിധിവിട്ടതെന്ന് കാണാൻ കഴിയും. അതേസമയം സഭകളും സമുദായങ്ങളും പ്രസ്ഥാനങ്ങളും നടത്തുന്ന സ്ഥാപനങ്ങൾക്ക്, മേൽപ്പറഞ്ഞ പ്രശ്നങ്ങൾക്ക് ഒരുപരിധിയുണ്ട്. കാരണം ഇത്തരം സ്ഥാപനങ്ങളുടെ തലപ്പത്ത് ഒന്നിലേറെപ്പേർ അടങ്ങുന്ന ഒരു ഭരണസമിതിയുണ്ടാകും. എന്നാൽ വ്യക്തികേന്ദ്രീകൃത സ്ഥാപനത്തിൽ മുതൽമുടക്കിയതാരോ അവരായിരിക്കും സർവാധികാരി. ഇതാണ് നെഹ്റു കോളേജിലും, ടോംസ് കോളേജിലും ലോ അക്കാദമിയിലും കണ്ടത്. വിദ്യാർത്ഥികളെ അച്ചടക്കമുള്ളവരായി തങ്ങളുടെ വരുതിക്കു നിർത്താൻ ഇത്തരം സ്ഥാപന ഉടമകൾ സ്വീകരിച്ച നടപടികളാണ് വിവാദവും പിന്നീട് സ്ഥാപനങ്ങളുടെ നിലനില്പിനെ തന്നെ ബാധിക്കുന്നതലത്തിലേക്കും വളർന്നത്.

ശിക്ഷാനടപടികൾ ദുസ്സഹമായപ്പോഴാണ് വിദ്യാർത്ഥികളും രക്ഷാകർത്താക്കളും പ്രതികരിച്ചുതുടങ്ങിയത് എന്നോർക്കണം. നെഹ്റു കോളേജിൽ യഥാസമയം ഫീസ് നൽകാൻ കഴിയാതിരുന്ന മൂന്നു വിദ്യാർത്ഥിനികളെ രാത്രിയിൽ ഹോസ്റ്റലിൽ നിന്ന് പുറത്താക്കി എന്നുപറയുമ്പോൾ മാനേജ്മെന്റിന്റെ ദാർഷ്ഠ്യവും ഹുങ്കും ഇവിടെ പ്രകടമാണ്. ഞാൻ പണംമുടക്കി നടത്തുന്ന എന്റെ സ്ഥാപനം എനിക്കിവിടെ എന്തുമാകാം എന്ന പ്രവണതയാണിതിന് പിന്നിൽ. കോളേജ് മാനേജ്മെന്റ് ചോദിച്ച സംഭാവനയും ഫീസും കൊടുത്തുപഠിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്ക് മാനേജരുടെ ഈ ഹുങ്ക് ഉൾക്കൊള്ളാനാവുന്നതല്ലെന്നോർക്കണം. ഇതിനിടയിൽ രാഷ്ട്രീയ ഇടപെടലിലൂടെ പ്രസിദ്ധമായ ലോ അക്കാദമി പ്രശ്നത്തിലൂടെ ഒന്നുകടന്നുപോകാം. അവിടെ നടന്ന സമരകാരണങ്ങൾ പലതാണ്. ഇന്റേണൽ മാർക്കിന്റെ പേരിൽ വിദ്യാർത്ഥികൾ അനുഭവിക്കുന്ന പീഡനമായി

രുന്നു മുഖ്യവിഷയം. സമരത്തിന്റെ മൂർധന്യാവസ്ഥയിലാണ് കോളേജ് അഫിലിയേഷൻ, അനധികൃതമായി വസ്തു കൈവശം വയ്ക്കൽ, പ്രിൻസിപ്പലിന്റെ യോഗ്യത സംബന്ധിച്ച തർക്കം തുടങ്ങിയവ പുറത്തു വന്നത്. സമരത്തെ നേരിട്ട പോലീസ് നടപടി കണ്ട് ഒരാൾ തളർന്നുവീണ് മരിച്ചു. ഒരു ജില്ലാ ഹർത്താലും നടന്നു. ലോ അക്കാദമി സമരത്തോടനുബന്ധിച്ചായിരുന്നു ഇവയൊക്കെ. ഈ പ്രശ്നങ്ങളൊക്കെ പരിഹാരം തേടുന്ന വസ്തുതകളാണ്. അവയോടൊപ്പം മാന്യമായ വസ്ത്രധാരണത്തിന്റെ പേരിലും വിദ്യാർത്ഥികൾ അച്ചടക്ക നടപടിക്ക് വിധേയമായിട്ടുണ്ട്. ലോ അക്കാദമി പ്രിൻസിപ്പൽ ആയിരുന്ന ലക്ഷ്മി നായരെ അടുത്തറിയാവുന്നവർ, അതല്ലെങ്കിൽ അവരുടെ ടി.വി.പരിപാടികൾ ദൃശ്യമാധ്യമങ്ങളിലൂടെ വീക്ഷിച്ചിട്ടുള്ളവർ മൂക്കത്തുവിരൽവച്ചുപോകും. ഇവരാണോ വിദ്യാർത്ഥികൾക്ക് മാന്യമായ വസ്ത്രധാരണം ഉപദേശിക്കുന്നത് എന്നോർത്ത്. അധ്യാപകർ എന്നും മാതൃകകളാണ്, അത് മറക്കരുത്.

വിദ്യാഭ്യാസ സ്ഥാപനത്തിൽ അച്ചടക്കം വേണം. അതുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളുടെ മേൽ മാനേജ്മെന്റിന് നിയന്ത്രണവും കരുതലും ഉണ്ടാകണം. ആ ലക്ഷ്യത്തോടെയാണ് കോളേജ് കാമ്പസുകളിലും ക്ലാസ് മുറികളിലും വീഡിയോ കാമറകൾ പിടിപ്പിച്ചതെങ്കിൽ അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നത് ശരിയല്ല. ഇത്തരം ക്യാമറകൾ തങ്ങളുടെ സ്വകാര്യതയെ ഹനിക്കുന്നു എന്ന് വിദ്യാർത്ഥികൾ പറഞ്ഞാൽ അത് അംഗീകരിക്കാനുമാവില്ല. സഭ്യതയ്ക്ക് ചേർന്നതല്ലാത്ത പ്രവൃത്തികൾ ഉണ്ടായാൽ അത് പിടിക്കപ്പെടുകതന്നെവേണം.

ഇനി വിഷയത്തിലേക്ക് വരാം. മാനേജ്മെന്റ് ഇംഗിതത്തിന് വഴങ്ങാത്തതാണ് നെഹ്റു കോളേജ് വിദ്യാർത്ഥി ജിഷ്ണു പ്രണോയിയുടെ മരണത്തിന് കാരണമെന്നാണ് ഇതുവരെയുള്ള നിഗമനം. എന്തായാലും ഒരു കോളേജിൽ പോലീസ് സ്റ്റേഷൻ മാതൃകയിൽ മർദ്ദനമുറികൾ ഉണ്ടാക്കി അതിൽ വിദ്യാർത്ഥികളെ കൈകാര്യം ചെയ്യുക. അത് എന്തിന്റെ പേരിലായാലും അക്ഷന്തവ്യമായ അപരാധമാണ്. ഇത് അംഗീകരിക്കാനുമാവില്ല. ഇത്തരം കോളേജുകളുടെ നിലനിൽപ്പും അതിനുള്ള സാധുതയും ബന്ധപ്പെട്ടവർ നിശ്ചയിക്കട്ടെ.

എന്നാൽ, ആശാസ്യമല്ലാത്ത കാര്യം ഈ സമരങ്ങളുടെയെല്ലാം പശ്ചാത്തലത്തിൽ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ ഉടലെടുത്തിട്ടുണ്ട് എന്നോർക്കണം. വിദ്യാഭ്യാസരംഗത്ത് അനഭിലഷണീയമായ ഒരു മേൽക്കോയ്മ ലോ അക്കാദമി, നെഹ്റു, റ്റോംസ് കോളേജ് സമരങ്ങളിലൂടെ വിദ്യാർത്ഥികൾ നേടിയെടുത്തിട്ടുണ്ട്. ഇത് സ്വകാര്യമേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഭീഷണിയാകത്തക്കവിധത്തിൽ വളരുകയാണ്. സ്ഥാപന നിയമങ്ങൾ മാത്രമല്ല, പ്രിൻസിപ്പൽ, അധ്യാപക നിയമനം വരെ തങ്ങളുടെ ഇംഗിതാനുസരണമായിരിക്കണമെന്ന നിലയിലേക്ക് വിദ്യാർത്ഥി സമൂഹം പിടിമുറുക്കി തുടങ്ങിയിരിക്കുന്നു. ഇത് ഒരുപക്ഷേ, വിദ്യാർത്ഥി സമൂഹം അറിയാതെ







തന്നെ സാഹചര്യത്തിന്റെ സമ്മർദ്ദത്തിൽ അവർക്കുവന്നുഭവിച്ചതായിരിക്കാം. അതിന്റെ പ്രതിഫലനമാണ് കഴിഞ്ഞ ദിവസങ്ങളിൽ മറ്റുചില സ്ഥാപനങ്ങളിൽ നിന്നുയർന്ന പ്രതിഷേധം. ക്ലാസ് സമയത്ത് മൊബൈൽ ഫോൺ ഉപയോഗിച്ചാൽ പിഴ ഈടാക്കുമെന്ന മാനേജ്മെന്റ് നിലപാടിനെ ചോദ്യം ചെയ്തതും, പഠിക്കാത്തതിന് വിദ്യാർത്ഥിയെ ശാസിച്ച സ്കൂൾ പ്രിൻസിപ്പളിനെതിരെ പോലീസ് കേസെടുത്തതും ഇതിന് ഉദാഹരണങ്ങളാണ്. ഈ പ്രവണത വിദ്യാഭ്യാസ മേഖലയ്ക്ക് നല്ലതല്ല. എന്തിനും ഏതിനും സമരവുമായി തെരുവിലിറങ്ങിയാൽ തങ്ങൾക്ക് നേട്ടമുണ്ടാക്കാം എന്ന തോന്നൽ വിദ്യാർത്ഥികൾക്കിടയിൽ സൃഷ്ടിക്കപ്പെട്ടു. ഇത് അച്ചടക്കരാഹിത്യത്തിനും അതുവഴി വിദ്യാഭ്യാസ മേഖലയുടെ പവിത്രതയ്ക്കും മാന്യതയ്ക്കും കളങ്കവുമായിത്തീരാം. അറിഞ്ഞോ അറിയാതെയോ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഈ പ്രവണതയ്ക്ക് കൂട്ടുനിൽക്കുകകൂടി ചെയ്യുന്നതോടെ ഇതിന്റെ ആക്കം കൂടും. അതുകൊണ്ട് സഹിഷ്ണുതയുള്ള ഒരു മാനേജ്മെന്റും വിദ്യാർത്ഥി സമൂഹവും രൂപ കൊള്ളുകയും സൗഹാർദ്ദപരമായ കോളേജ് അന്തരീക്ഷം സൃഷ്ടിക്കപ്പെടുകയും വേണം. ■

# വാർത്തകൾ



*എൽസിവൈഎം സംസ്ഥാന പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ഇമ്മാനുവേൽ മൈക്കിൾ. തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ പുന്തുറ ഇടവകാംഗമാണ്.*

## കുടുംബശുശ്രൂഷ അതിരൂപതാതല ഉദ്ഘാടനം മാർച്ച് 5 ന്

തിരുവനന്തപുരം: തിരുവനന്തപുരം അതിരൂപത കുടുംബ ശുശ്രൂഷാ കമ്മിഷന്റെ ഉദ്ഘാടനം മാർച്ച് 5 ന് ഉച്ചകഴിഞ്ഞ് 2 ന് പാളയം കത്തീഡ്രൽ ഹാളിൽ ആർച്ച് ബിഷപ്പ് ഡോ. സുസപാക്യം നിർവഹിക്കും. ചടങ്ങിനോടനുബന്ധിച്ച് കുടുംബശുശ്രൂഷാ കൺവെൻഷനും അതിരൂപതാ കർമ്മപരിപാടികളുടെ ഉദ്ഘാടനവും നടക്കും. തുടർന്ന് പാളയം ഭദ്രാസന ദേവാലയത്തിൽ അതിരൂപതാധ്യക്ഷന്റെ മുഖ്യകാർമികത്വത്തിൽ രൂപതയിലെ എല്ലാ വൈദികരും പങ്കെടുക്കുന്ന പൊന്തിഫിക്കൽ ദിവ്യബലിയും നടക്കും. കുടുംബശുശ്രൂഷാ ഇടവകതല ഉദ്ഘാടനം ഫെബ്രുവരി 26 ന് അതാത് ഇടവകകളിൽ നടന്നു.



*കേരള യൂണിവേഴ്സിറ്റിയുടെ എം-ടെക് സിഇ പരീക്ഷയിൽ രണ്ടാം റാങ്ക് നേടിയ ആർഷ.ജി. ഫെർണാണ്ടസ്. പള്ളിത്തുറ ഇടവകയിൽ ഗ്രിഗറി എക്സ് ഫെർണാണ്ടസിന്റെയും ഡാർഡ ജി ഫെർണാണ്ടസിന്റെയും മകളാണ്*



*പുതിയതുറയിൽ പുതുതായി പൂർത്തിയാക്കിയ ഭവനങ്ങളുടെ താക്കോൽദാനചടങ്ങ് ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*

## പുതിയതുറ കാരുണ്യനിറവിൽ

പുതിയതുറ: കാരുണ്യവർഷത്തിന്റെ സമാപനം കുറിച്ചുകൊണ്ട് പുതിയതുറ സെന്റ് നിക്കോളാസ് ഇടവകയിൽ കരുണയുടെ പെരുമഴ പെയ്തിറങ്ങി. പതിനൊന്ന് നിർധനകുടുംബങ്ങൾക്ക് പുതിയ ഭവനം, പാവപ്പെട്ട കുടുംബങ്ങൾക്ക് ഒരുമാസത്തേക്കുള്ള ഭക്ഷണസാധനങ്ങൾ, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന സ്ത്രീകൾക്ക് സ്വയം തൊഴിൽ സഹായം കാൻസർ രോഗികൾക്ക് സാമ്പത്തിക സഹായം നിർധന യുവതികൾക്ക് വിവാഹ സഹായം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സഹായം, ഓലമേഞ്ഞ ഭവനങ്ങൾക്ക് അലുമിനിയം ഷീറ്റിടാൻ സാമ്പത്തിക സഹായം എന്നീ കാരുണ്യപ്രവൃത്തികളിലൂടെയാണ് പുതിയതുറ ഇടവക മാതൃകയായത്. പുതുതായി പണിപൂർത്തിയാക്കിയ ഭവനങ്ങളുടെ താക്കോൽദാനം തിരുവനന്തപുരം അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം നിർവഹിച്ചു. ചടങ്ങിൽ ഫൊറോനാ വികാരി മോൺ. ഇ. വിൽഫ്രഡ്, സ്വാമി ഗുരുരത്നം ജ്ഞാന തപസി, ഇടവക വികാരി ഫാ. ആൻഡ്രൂ കോസ്മോസ്, പാളയം ഇമാം തുടങ്ങിയവർ പ്രസംഗിച്ചു.

കാരുണ്യവർഷത്തോടനുബന്ധിച്ച് 60 ലക്ഷത്തിലേറെ രൂപയുടെ കാരുണ്യപ്രവർത്തികൾ ഇടവകയിൽ യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞതിൽ ഇടവക ജനങ്ങളെയും ഭക്ത-സാംസ്കാരിക സംഘടനകളേയും ബിസിസി യൂണിറ്റുകളെയും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം അഭിനന്ദിച്ചു.

## അല്മായ ശുശ്രൂഷാ സമിതി ഉദ്ഘാടനം




*അല്മായ ശുശ്രൂഷാ പഠന ശിബിരം ഡോ.എസ്. റെയ്മൺ ഉദ്ഘാടനം ചെയ്യുന്നു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം.ആർക്കാഞ്ചലോ സമീപം.*

തിരുവനന്തപുരം അതിരൂപതയിലെ വിവിധ ഇടവകകളിലെ അല്മായ ശുശ്രൂഷാ സമിതി കൺവീനർമാരുടെ ആദ്യ കൂടിവരവും ഏകദിന പഠനശിബിരവും 2017 ഫെബ്രുവരി 11 ന് വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ പാസ്റ്ററൽ കൗൺസിൽ വൈസ് പ്രസിഡന്റ് ഡോ. എസ്. റെയ്മൺ ഉദ്ഘാടനം ചെയ്തു. അല്മായ ശുശ്രൂഷാ ഡയറക്ടർ എം. ആർക്കാഞ്ചലോ അദ്ധ്യക്ഷം വഹിച്ചു. തുടർന്ന് നടന്ന പഠന ശിബിരത്തിൽ മോൺ. തോമസ് ജെ. നെറ്റോ, ഫാ. എ.ആർ.ജോൺ, എം.ആർക്കാഞ്ചലോ എന്നിവർ ക്ലാസ്സുകൾ നയിച്ചു.

# വിശ്വാസരൂപീകരണമാണ് അജപാലകരുടെ പ്രധാന ദൗത്യം: ആർച്ച്ബിഷപ്പ് സൂസപാക്യം

തിരുവനന്തപുരം: വിശ്വാസ രൂപീകരണമാണ് അജപാലകരുടെ പ്രധാന ദൗത്യമെന്നും മറ്റുള്ളവരുടെ വിശ്വാസത്തേയും ആഴപ്പെടുത്തുവാൻ പരിശ്രമിക്കുന്നവരാകണം അജപാലക ശുശ്രൂഷകരെന്നും അടിസ്ഥാനപരമായി അജപാലനശുശ്രൂഷ ചെയ്യുന്നവർക്ക് ഉണ്ടായിരിക്കേണ്ട പ്രധാന ഘടകം വിശ്വാസമാണെന്നും ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം പറഞ്ഞു. "യേശുവാണ് യഥാർത്ഥത്തിൽ ശരിയായ അജപാലകൻ എന്ന വിശ്വാസം ആഴപ്പെടുത്താൻ പരിശ്രമിച്ചുകൊണ്ട് ദാനമായി കിട്ടിയ വിശ്വാസം ദാനമായി തന്നെ കൊടുക്കണം. ആത്മസമർപ്പണവും, ത്യാഗമനോഭാവവും, കൈമുതലാക്കി സന്തോഷാനുഭവം മറ്റുള്ളവരുമായി പങ്കുവച്ചുകൊണ്ട് അജപാലന ദൗത്യം ഏറ്റെടുക്കുവാനും" അഭിവന്ദ്യ സൂസപാക്യം മെത്രപ്പോലീത്ത ആഹ്വാനം ചെയ്തു. ഇടവകകളിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട നവനേതൃത്വങ്ങൾക്കായി അതിരൂപതാ അജപാലനസമിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഏകദിന പരിശീലന പരിപാടി ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ആർച്ച്ബിഷപ്പ്.



*അജപാലന ശുശ്രൂഷാ കൺവീനർമാർക്കായി നടന്ന ഏകദിന പരിശീലന പരിപാടി ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ഉദ്ഘാടനം ചെയ്യുന്നു*

പരിശീലന ക്ലാസ്സിൽ 65 കൺവീനേഴ്സ് പങ്കെടുത്തു. "അജപാലനം എന്ത്? എന്തിന്? എങ്ങനെ?" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. നിക്കോളസ് താർസിയൂസും, "അജപാലനശുശ്രൂഷ ദൗത്യവും ദർശനവും" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. ലോറൻസ് കുലാസും "അജപാലനശുശ്രൂഷ കൺവീനർമാരുടെ ദൗത്യവും ഉത്തരവാദിത്വവും" എന്ന വിഷയത്തെ ആസ്പദമാക്കി റവ. ഡോ. തോമസ് നെറ്റോയും ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.



*വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ മത്സ്യക്കച്ചവട സ്ത്രീകൾക്കുള്ള വായ്പകളുടെ വിതരണം ഫാ. ആൻഡ്രൂ കോസ്മോസ് നിർവഹിക്കുന്നു*

# വായ്പ സഹായ വിതരണം

തിരുവനന്തപുരം: തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന പുതിയതുറ സെന്റ് ജോസഫ് കോൺഫ്രൻസിന്റെ നേതൃത്വത്തിൽ മത്സ്യക്കച്ചവട സ്ത്രീകൾക്ക് നല്കിയ വായ്പകളുടെ വിതരണോദ്ഘാടനം ഇടവക വികാരി ഫാ. ആൻഡ്രൂ കോസ്മോസ് നിർവഹിച്ചു. ഭവനനിർമ്മാണം, കുട്ടികൾക്കുള്ള സ്കോളർഷിപ്പ്, സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്ന സൊസേറ്റി അംഗങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. സെൻട്രൽ കൗൺസിൽ പ്രസിഡന്റ് ആർ. സഖറിയാസ്, ആൽബർട്ട് ഫ്രാൻസിസ് എന്നിവർ സന്നിഹിതരായിരുന്നു. മുപ്പത് സ്ത്രീകൾക്ക് ഒന്നരലക്ഷം രൂപയുടെ ലോൺ വിതരണം ചെയ്തു.

# വെട്ടുകാട് ഇടവക ലോക രോഗിദിനം ആചരിച്ചു

വെട്ടുകാട്: 1992 ൽ വിശുദ്ധ ജോൺപോൾ രണ്ടാമൻ പാപ്പ തുടങ്ങിവച്ച ലോകരോഗി ദിനാചരണം മാദ്രെ ദെ ദേവൂസ് വെട്ടുകാട് ഇടവകയിൽ ആചരിച്ചു. രോഗശാന്തി ശുശ്രൂഷയ്ക്ക് ബെത്സെയ്ദ ആശ്രമ ശ്രേഷ്ഠൻ ഹെൻസിലിൻ ഒസിഡി നേതൃത്വം നൽകി. രോഗീലേപന ശുശ്രൂഷയ്ക്ക് മോൺ. ഡോ. നിക്കോളാസ്.ടി, ഫാ. സുരേഷ് പയസ് ഫാ. പ്രബിൻ എന്നിവർ കാർമ്മികരായി. രോഗികളെ വസ്തുക്കളായി കാണാതെ വ്യക്തികളായി കാണണമെന്നും അവരെ പരിചരിക്കുന്നതിലൂടെ നമ്മിൽ ക്രൂശിതനായ യേശുവിന്റെ മുഖം ദൃശ്യമാകണമെന്നും ആമുഖപ്രഭാഷണത്തിൽ മോൺ. ഡോ. നിക്കോളസ് ഓർമിപ്പിച്ചു. അഞ്ഞൂറോളംപേർ ശുശ്രൂഷയിൽ പങ്കെടുത്തു.

## വാർത്തകൾ

### ഊർജ്ജ സംരക്ഷണ സെമിനാറും റാലിയും

തിരുവനന്തപുരം: ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെയും സെന്റർ ഫോർ എൺവയോൺമെന്റ് ആന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ സ്ഥാപനത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ കണ്ണാന്തുറ കമ്യൂണിറ്റി ഹാളിൽവച്ച് ഊർജ്ജസംരക്ഷണ സെമിനാറും റാലിയും നടത്തി. സെമിനാർ ശംഖുമുഖം വാർഡ് കൗൺസിലർ സോളമൻ വെട്ടുകാട് ഉദ്ഘാടനം ചെയ്തു. സാമൂഹ്യശുശ്രൂഷ ഡയറക്ടർ ഫാ. ലെനിൻ രാജ് അധ്യക്ഷത വഹിച്ച യോഗത്തിൽ വലിയതുറ ഫെറോന സാമൂഹ്യശുശ്രൂഷ കോ-ഓർഡിനേറ്റർ ഫാ. സുധീഷ് കണ്ണാന്തുറ ഇടവക വികാരി ഫാ. ലാസർ തുടങ്ങിയവർ സംസാരിച്ചു. നിലമേൽ എൻഎസ്എസ് കോളേജ് അസി. പ്രൊഫസർ ആശ സെമിനാറിന് നേതൃത്വം നൽകി. പ്രകൃതിദത്ത ഊർജ്ജത്തെ അനിയന്ത്രിതമായി ചൂഷണം ചെയ്യുന്നതുകൊണ്ടും, കരുതലോടെയല്ലാത്ത ഊർജ്ജ ഉപയോഗം കൊണ്ടും മനുഷ്യരാശിക്കും ഭൂമിക്കും പ്രകൃതിക്കും സംഭവിച്ചുകൊണ്ടിരിക്കുന്ന ദുരന്തത്തെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുവാൻ വേണ്ടിയാണ് പരിപാടി സംഘടിപ്പിച്ചത്.

### 'ഫ്രാൻസിസ് മാർപാപ്പ സ്വന്തം വാക്കിൽ' പുതിയ ഡോക്യുമെന്ററി

ഫ്രാൻസിസ് മാർപാപ്പയെക്കുറിച്ചുള്ള പുതിയ ഡോക്യുമെന്ററിയുടെ ആദ്യ പ്രദർശനം വത്തിക്കാനിൽ നടന്നു. പോപ്പ് ഫ്രാൻസിസ് ഇൻ ഹിസ് ഓൺ വേർഡ്സ് എന്നാണ് പേര്. റോമിലെ ടിവി ന്യൂസ് ഏജൻസിയും ചിക്കാഗോയിലെ മിഡ്ഈസ്റ്റ് തിയോളജിക്കൽ ഫോറവും കൂടി ചേർന്നാണ് നാല്പത്തിയാറ് മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററി തയ്യാറാക്കിയിരിക്കുന്നത്.



*പരുത്തിയൂർ വിശുദ്ധ മേരിമഗ്ദലേന ഇടവകയിലെ മതബോധന അധ്യാപകരും കുട്ടികളും ചേർന്ന് സാധു യുവതിയുടെ വിവാഹത്തിന് സ്വരൂപിച്ച താലിമാലയ്ക്ക് വേണ്ടിയുള്ള തുക മതബോധന ഹെഡ്മാസ്റ്റർ ഫ്രാൻസീസിന് കുട്ടികളുടെ സാന്നിദ്ധ്യത്തിൽ ഇടവക വികാരി ഫാദർ പ്രദീപ് പുത്തൻവീട്ടിലിന് കൈമാറുന്നു. സഹവികാരി ഫാ. നിജു അജപാലന കൺവീനർ ബർണാർഡ് എന്നിവർ സമീപം.*

### വെള്ളയമ്പലം ഇടവകയ്ക്ക് ഒരുലക്ഷം രൂപയുടെ ആഗോളപുരസ്കാരം

കൊച്ചി: കെസിബിസി മാധ്യമ കമ്മിഷനും ജസ്റ്റിൻ മീഡിയ ഹൗസും സംയുക്തമായി ആഗോളതലത്തിൽ സംഘടിപ്പിച്ച സോംഗ് ഓഫ് സോംഗ് ഓൺലൈൻ കരോൾ ഗാന മത്സരത്തിൽ പാരീഷ് വിഭാഗത്തിൽ തിരുവനന്തപുരം അതിരൂപതയിലെ വെള്ളയമ്പലം സെന്റ് തെരേസ ഓഫ് ലിസ്യൂ ഇടവക ഒന്നാംസ്ഥാനം നേടി. ഒരുലക്ഷം രൂപയാണ് ഒന്നാം സമ്മാനം. ലണ്ടനിലെ സെന്റ് ജെയിംസ് മാർത്തോമ ഇടവക രണ്ടാം സ്ഥാനവും കുവൈറ്റ് സെന്റ് പോൾസ് സിഎസ്ഐ കോൺഗ്രിഗേഷൻ പള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി.

സെമിനാരി, കോൺവെന്റ്, പാരീഷ് എന്നിങ്ങനെ മൂന്നുവിഭാഗങ്ങളിലായിട്ടാണ് കരോൾഗാനമത്സരം നടന്നത്. വിജയികൾക്കുള്ള പുരസ്കാരങ്ങൾ ജൂൺ നാലിന് കെസിബിസി മാധ്യമ കമ്മിഷൻ അവാർഡുദാനചടങ്ങിൽവച്ച് വിതരണം ചെയ്യുമെന്ന് മാധ്യമ കമ്മിഷൻ സെക്രട്ടറി ഫാ. ജോളി വടക്കൻ അറിയിച്ചു.



*കെസിബിസി മാധ്യമ കമ്മിഷനും ജസ്റ്റിൻ മീഡിയ ഹൗസും സംയുക്തമായി ആഗോളതലത്തിൽ സംഘടിപ്പിച്ച സോംഗ് ഓഫ് സോംഗ് ഓൺലൈൻ കരോൾ ഗാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയ വെള്ളയമ്പലം ഇടവക ഗായകസംഘം*

## സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ്

പുല്ലുവിള: ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ "സ്ത്രീകൾക്കും കുട്ടികൾക്കും നേരേയുള്ള അതിക്രമങ്ങൾ തടയുക" എന്ന ലക്ഷ്യത്തോടെ പുല്ലുവിള മേഖലയിൽ നടപ്പിലാക്കിവരുന്ന പ്രോജക്ടിന്റെ ഭാഗമായി സ്റ്റേക്ക് ഹോൾഡേഴ്സ് മീറ്റിംഗ് നടത്തി. കൊച്ചുപള്ളി റ്റി.എസ്.എസ്.എസ് സെന്ററിൽ വച്ച് നടന്ന യോഗത്തിൽ പുല്ലുവിള ഫെറോന വികാരി മോൺ. ഇവിൽഫ്രഡ് അദ്ധ്യക്ഷത വഹിച്ചു. റ്റി.എസ്.എസ്.എസ് സെക്രട്ടറി ഫാ. ലെനിൻ രാജ് ആശംസ നേർന്നു. സിസ്റ്റർ ദീപ, ചൈൽഡ് ലൈൻ കോ-ഓഡിനേറ്റർ കിരൺ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## വി. ബി. എസ്. പരിശീലനം - 2017

തിരുവനന്തപുരം: കെ.ആർ.എൽ.സി.സി.യുടെ നേതൃത്വത്തിൽ ദൈവകല്പനകളെക്കുറിച്ച് അവധിക്കാല ബൈബിൾ ക്ലാസുകൾക്കുള്ള പരിശീലന പരിപാടി വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. തിരുവനന്തപുരം അതിരൂപത, കൊല്ലം, പുനലൂർ എന്നീ രൂപതകളിൽ നിന്നായി 45 അധ്യാപകർ പരിശീലന പരിപാടിയിൽ പങ്കെടുത്തു. തിരുവനന്തപുരം അതിരൂപത അജപാലന ഡയറക്ടർ റവ. ഡോ. ലോറൻസ് കുലാസ് പരിശീലനപരിപാടി ഉദ്ഘാടനം ചെയ്തു. കല്പനകളെ കുറിച്ച് വിവിധ തരത്തിലുള്ള കളികൾ, സ്ക്കിറ്റുകൾ, വർക്ക്ബുക്ക് പ്രവർത്തനങ്ങൾ എന്നിവ പരിശീലനത്തിന്റെ ഭാഗമായി നടത്തി. അതിരൂപതയിലെ 8 ഫെറോനകളിൽ നിന്നും തെരഞ്ഞെടുക്കുന്ന 400 അധ്യാപകർക്ക് മാർച്ച് 11-ാം തിയതി ഫെറോന സെന്ററുകളിൽ വച്ച് വി.ബി.എസ്. പരിശീലനം നൽകും. പരിശീലനം ലഭിക്കുന്ന അധ്യാപകരുടെ നേതൃത്വത്തിൽ മെയ് 8 മുതൽ 12 വരെ എല്ലാ ഇടവകകളിലും അവധിക്കാല ബൈബിൾ ക്ലാസ് സംഘടിപ്പിക്കാനും മെയ് 13 ന് ഫെറോന തലത്തിൽ വി.ബി.എസ്. സംഗമം നടത്താനും തീരുമാനിച്ചു.



*ഫാ. ടോം ഉഴുന്നാലിന്റെ മോചനത്തിനായി പരുത്തിയൂർ ഇടവക ബിസിസി 51-ാം കുടുംബ യൂണിറ്റ് അംഗങ്ങൾ പ്രത്യേക പ്രാർത്ഥന നടത്തി. കത്തിച്ച മെഴുകുതിരിയുമേന്തി നടത്തിയ പ്രാർത്ഥനയ്ക്ക് സിസ്റ്റർ മേരി നേതൃത്വം നൽകി.*

## ക്യാൻസർ ദിനാചരണവും കേശദാന യജ്ഞവും



തിരുവനന്തപുരം: സാമൂഹ്യശുശ്രൂഷ വിഭാഗമായ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ അഭിമുഖ്യത്തിൽ ക്യാൻസർ ദിനാചരണവും വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ കേശദാന യജ്ഞവും നടത്തി. റ്റിഎസ്എസ്എസ് സെക്രട്ടറി ഫാ. ലെനിൻരാജ് അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ഫാ. ക്ലീറ്റസ് വിൻസന്റ്, ഫാ. ഷാജിൻ ജോസ് എന്നിവർ ആശംസകൾ നേർന്നു. ഡോ. ശോഭ നേതൃത്വം നൽകിയ ആശാകിരണം സ്റ്റുഡന്റ് വോളന്റിയേഴ്സിനുള്ള പരിശീലന ക്ലാസോടുകൂടി പരിപാടി സമാപിച്ചു.



*വിബിഎസ് പരിശീലനപരിപാടി വെള്ളയമ്പലത്ത് ഡോ. ലോറൻസ് കുലാസ് ഉദ്ഘാടനം ചെയ്യുന്നു*

# വാർത്തകൾ

## ഇന്നത്തെ വിദ്യാർത്ഥികൾ നാളത്തെ മതാധ്യപകർ

പുല്ലുവിള: മതാധ്യാപകരുടെ ലഭ്യത പരിമിതമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഭാവി അധ്യാപകർക്കായി പുല്ലുവിള ഫെറോന മതബോധന സമിതി മുൻകരുതൽ നടത്തുന്നതിന്റെ ഭാഗമായി മതാധ്യാപകർക്കായി 10 ക്ലാസ് മുതൽ പി.ജി. ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നും സ്വയം മുന്നോട്ടു വന്ന 200 വിദ്യാർത്ഥികൾക്ക് പള്ളം പാരീഷ് ഹാളിൽ വച്ച് അധ്യാപക പരിശീലന ക്ലാസ് നടത്തി.

രാജു മൊറായിസ്, സിൽവദാസ്. എഫ് എന്നിവർ ക്ലാസെടുത്തു. ഫൊറോന മതബോധന എക്സിക്യൂട്ടീവ് സെക്രട്ടറി ഫാ. മുത്തപ്പൻ അപ്പോലി, ക്ലാറൻസ്, ആനിമേറ്റർ സിസ്റ്റർ റൂബി, പരിക്ഷ സമിതി കൺവീനർ ബെൻസിഗർ എന്നിവർ നേതൃത്വം നല്കി.

## ക്യാൻസർ ബോധവൽക്കരണ ക്ലാസ്സ്

തിരുവനന്തപുരം: ആശാകിരണം ക്യാൻസർ സുരക്ഷാ യജ്ഞത്തിന്റെ ഭാഗമായി പാളയം സെന്റ് സേവ്യേഴ്സ് കോളേജിലെ വിദ്യാർത്ഥികൾക്കായി ഡോ. ബിനോയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് നടന്നു. 125 കുട്ടികൾ പങ്കെടുത്ത ഈ ക്ലാസ്സിൽ ദൈനംദിന ജീവിതത്തിലെ ഭക്ഷണശൈലിയെക്കുറിച്ചും നിയന്ത്രിതമായ ജീവിതത്തിലൂടെ ആരോഗ്യം സംരക്ഷിക്കേണ്ടതെങ്ങനെയെന്നുമുള്ള വിഷയത്തിൽ ക്ലാസ് നടന്നു. കൂടാതെ ജംങ്ക് ഫുഡിൽ നിന്നും, വിഷദ്രാവകങ്ങളായ ജ്യൂസുകളിൽ നിന്നും ഉണ്ടാകുന്ന വിപത്ത് ക്യാൻസർ രോഗത്തെ മനുഷ്യ ജീവിതത്തിലേക്ക് വിളിച്ചുവരുത്തുമെന്നും ചെറു പ്രായത്തിൽ ഭക്ഷണശീലം ക്രമീകരിച്ച് ക്യാൻസറിനെ എങ്ങനെ അകറ്റി നിർത്താമെന്നും ക്ലാസ് വ്യക്തമാക്കി.



*കെസിഎസ്എൽ അതിരൂപതാ വാർഷിക സമ്മേളനം ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ് ഉദ്ഘാടനം ചെയ്യുന്നു*

## സർട്ടിഫിക്കറ്റ് വിതരണം

പുല്ലുവിള: സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾ തടയുക. എന്ന ലക്ഷ്യത്തോടെ ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റി പുല്ലുവിള മേഖലയിൽ നടപ്പിലാക്കി വരുന്ന പരിശീലന പരിപാടിയുടെ സമാപനം പള്ളം പാരീഷ് ഹാളിൽ വച്ച് നടന്നു.

കരുംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഹെസ്റ്റിൻ അദ്ധ്യക്ഷത വഹിച്ച സമാപന സമ്മേളനം റ്റി.എസ്.എസ്.എസ് ഡയറക്ടർ, ഫാ. ലെനിൻ രാജ് ഉത്ഘാടനം ചെയ്തു. കരുംകുളം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ക്രിസ്തുദാസി, സ്ത്രീശിശുവിഭാഗം കോ-ഓഡിനേറ്റർ സിസ്റ്റർ ദീപ ജോർജ്ജ്, സ്റ്റെല്ല ജോണി, ടീന, സുനിത യേശുദാസ് എന്നിവർ സംസാരിച്ചു. പരിശീലനം പൂർത്തിയാക്കിയവർക്ക് ഫാ. ലെനിൻ രാജ് സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. പരിശീലന പരിപാടിയിൽ സ്ത്രീ സുരക്ഷാ നിയമങ്ങൾ, സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഢന നിയമം, കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങൾ തുടങ്ങിയവയിൽ ബോധവൽക്കരണം നടന്നു. പോലീസ് സ്റ്റേഷൻ സന്ദർശനം, വിവിധ സംഘടനകളുമായി കണ്ണിചേർന്നുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവയ്ക്ക് രൂപം നൽകി.

## മാർപാപ്പയും ട്രംപും തമ്മിൽ മേയ് മാസത്തിൽ കണ്ടുമുട്ടുമെന്ന് സൂചന

വത്തിക്കാൻ : മെയ് മാസം അവസാനത്തിൽ ഫ്രാൻസിസ് മാർപാപ്പയും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രം പും തമ്മിൽ കണ്ടുമുട്ടിയേക്കുമെന്ന് സൂചന. ബ്രിട്ടീഷ് ന്യൂസ് പേപ്പർ ദ ടാബ്ലറ്റ് ആണ് ഇക്കാര്യം സൂചിപ്പിച്ചത്. ജി7 ഉച്ചകോടിയിൽ സംബന്ധിക്കാനായി ട്രംപ് ഇറ്റലിയിക്ക് പോകുമെന്നാണ് റിപ്പോർട്ട്. മെയ് 26,27 തീയതികളിലാണ് ഉച്ചകോടി നടക്കുന്നത്. സിസിലിയിലെ ടാവോറിമയിലാണ് ഉച്ചകോടി.

ഈ അവസരത്തിൽ പാപ്പയും ട്രംപും തമ്മിലുള്ള കണ്ടുമുട്ടൽ നടക്കുമെന്നാണ് കരുതുന്നത്. എന്തായാലും ട്രംപിന്റെ ഇറ്റലി സന്ദർശനത്തെക്കുറിച്ച് സ്ഥിരീകരണം ലഭിച്ചിട്ടുണ്ട്. അഭയാർത്ഥിപ്രശ്നത്തിൽ പാപ്പയും ട്രംപും വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണ് പുലർത്തുന്നത്. ട്രംപിന്റെ അഭയാർത്ഥി നിലപാടുകളെക്കുറിച്ച് റോയിട്ടേഴ്സ് റിപ്പോർട്ടർ പാപ്പയോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞ മറുപടി ഇങ്ങനെയായിരുന്നു. പാലങ്ങൾക്ക് പകരം മതിലുകൾ നിർമ്മിക്കുന്നതിനെക്കുറിച്ച് ചിന്തിക്കുന്ന ഒരുവ്യക്തി ക്രിസ്ത്യാനിയല്ല. അത് സുവിശേഷവുമല്ല. പ്രവർത്തനം നോക്കിയാണ് ട്രംപിനെ വിലയിരുത്തേണ്ടതെന്നും പാപ്പ അഭിപ്രായപ്പെട്ടിരുന്നു.

## കടൽക്ഷോഭം: സർക്കാർ അടിയന്തിര നടപടി സ്വീകരിക്കണം

**തിരുവനന്തപുരം:** എല്ലാവർഷവും ജൂൺ-ജൂലൈ മാസങ്ങളിൽ ഉണ്ടാകുന്ന ശക്തമായ കടൽക്ഷോപത്തിനിരയായിത്തീരുന്ന വലിയതുറ നിവാസികളുടെ ദുരിതങ്ങൾക്ക് ശാശ്വത പരിഹാരം കാണാൻ നടപടി സ്വീകരിക്കണമെന്ന് വലിയതുറ ഇടവകയുടെ നേതൃത്വത്തിൽ ചേർന്ന സർവകക്ഷിയോഗം സർക്കാരിനോടാവശ്യപ്പെട്ടു. ഈ വർഷവും കടൽക്ഷോഭത്തിന് സാധ്യതയുള്ളതിനാൽ ഭീതിയിലാണ് ജനങ്ങൾ. എന്നാൽ ജനതയുടെ ഭീതിയകറ്റാൻ സർക്കാർ ഇതുവരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല - യോഗം കുറ്റപ്പെടുത്തി. ഇടവക വികാരി ഫാ. മെൽക്കണിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ഡോ. ശശിതരൂർ എം.പി, വി.എസ്.ശിവകുമാർ എംഎൽഎ, ഡിസാസ്റ്റർ മാനേജ്മെന്റ് അസി. കളക്ടർ വിജയ, ഇറിഗേഷൻ വകുപ്പിലെ എൻജിനീയർമാർ, തിരുവനന്തപുരം തഹസീൽദാർ മുട്ടത്തറ വില്ലേജ് ഓഫീസർ, കൗൺസിലർ ബീമാപള്ളി റഷീദ്, ഷീബാ പാട്രിക്, ഫാ. ആന്റോ ബൈജു, ഇടവക വൈസ് പ്രസിഡന്റ് ബൈജു ക്ലീറ്റസ്, ഇടവക സെക്രട്ടറി സുരേഷ് വിൻസെന്റ് തുടങ്ങിയേറെ രാഷ്ട്രീയ -സാമൂഹ്യ പ്രവർത്തകർ പ്രസംഗിച്ചു.

## ടിഎസ്എസ്എസ് ഗവേണിംഗ് ബോഡി അംഗങ്ങൾ

തിരുവനന്തപുരം: ടിഎസ്എസ്എസ് ഗവേണിംഗ് ബോഡി അംഗങ്ങളായി ഹെർത്താ സി.പെരേര-അഞ്ചുതെങ്ങ്, മഞ്ജു- വെട്ടുകാട്, മിരാൻഡ-വള്ളവിള, ശ്യാംദേവ് കാക്കാമൂല, മാത്യൂസ്-കൊല്ലംകോട്, രാജുതോമസ്-മര്യനാട്, റബേക്ക-വെണ്ണിയോട്, സാംകുഞ്ഞ്-കിള്ളിപ്പാളം, ഉണ്ണിമേരി-പോങ്ങുംമൂട്, സിസ്റ്റർ സലോമി-വലിയതോപ്പ്, ബർക്കുമെൻസ്-പാളയം എന്നിവരെ തെരഞ്ഞെടുത്തു. അതിരൂപതാ അധ്യക്ഷൻ ആർച്ച്ബിഷപ്പ് ഡോ. സൂസപാക്യം ട്രസ്റ്റിയും വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര പ്രസിഡന്റും, ഫാ. ലെനിൻരാജ് സെക്രട്ടറിയുമായിരിക്കും.

## മാനസിക സംഘർഷം വരുമ്പോൾ വി. യൗസേപ്പിതാവിന് കത്തെഴുതാറുണ്ടെന്ന് മാർപാപ്പ

വത്തിക്കാൻ: സംഘർഷങ്ങളെ നേരിടേണ്ടിവരുമ്പോൾ അതിനെ അതിജീവിക്കാനും കൈകാര്യം ചെയ്യാനും പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കിക്കൊണ്ട് താൻ യൗസേപ്പിതാവിന് കത്തെഴുതാറുണ്ടെന്ന് ഫ്രാൻസിസ് മാർപാപ്പ. റിലീജിയസ് സുപ്പീരിയേഴ്സിനെ സംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു പാപ്പ.

ബ്യൂണെസ് അയേഴ്സിൽ ആയിരുന്നപ്പോൾ ഞാൻ കൂടുതൽ ഉത്കണ്ഠാകുലനായിരുന്നു. ഞാനത് അംഗീകരിക്കുന്നു. എനിക്കന്ന് കൂടുതൽ ടെൻഷനുണ്ടായിരുന്നു. പക്ഷേ ഇപ്പോഴെനിക്ക് അതില്ല. ഞാൻ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മുതൽ വല്ലാത്തൊരു ശാന്തത ഉള്ളിൽ അനുഭവിക്കുന്നു.. അതെ ഞാൻ സമാധാനത്തിലാണ്. എന്നാൽ അത് എങ്ങനെ എന്ന് എനിക്ക് വിശദീകരിക്കാൻ കഴിയുന്നില്ല. പാപ്പയെങ്ങനെ സമാധാനവും ശാന്തതയും അനുഭവിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരമായി അദ്ദേഹം പറഞ്ഞു. കൂടുതൽ പ്രശ്നങ്ങളുണ്ടാകുമ്പോൾ അതെല്ലാം എഴുതി ഉറങ്ങുന്ന യൗസേപ്പിതാവിന്റെ രൂപത്തിന്റെ അടിയിൽ കൊണ്ടുപോയിവയ്ക്കും. പിന്നെ എനിക്ക് നന്നായിട്ട് ഉറങ്ങാൻ കഴിയും. അത് ദൈവത്തിന്റെ വലിയൊരു കൃപയാണ്. പ്രാർത്ഥിക്കുമ്പോൾ സമാധാനം കിട്ടും.ഞാൻ അനുഭവിക്കുന്ന സമാധാനവും ശാന്തതയും ദൈവത്തിന്റെ സമാധാനമാണ്.

ഒരു രൂപതയിൽ നിന്നോ കമ്മ്യൂണിറ്റിയിൽ നിന്നോ തിരസ്ക്കരിക്കപ്പെട്ട ഒരാളെ മറ്റൊരു സന്യാസസഭ സ്വീകരിക്കരുതെന്നും ഇനി സ്വീകരിക്കുകയാണെങ്കിൽ കൃത്യമായ വിശദീകരണവും അന്വേഷണവും അക്കാര്യത്തിൽ ഉണ്ടായിരിക്കണമെന്നും പാപ്പ ഓർമ്മിപ്പിച്ചു.

## വിശുദ്ധ ജോൺ പോൾ രണ്ടാമനെക്കുറിച്ചുള്ള ഡോക്യുമെന്ററിക്ക് രണ്ട് എമ്മി അവാർഡുകൾ

വത്തിക്കാൻ: വിശുദ്ധ ജോൺ പോൾ രണ്ടാമനെക്കുറിച്ചുള്ള ഡോക്യുമെന്ററിക്ക് രണ്ട് എമ്മി അവാർഡുകൾ. കമ്മ്യൂണിസം അവസാനിപ്പിക്കുന്നതിൽ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ പങ്ക് വിവരിക്കുന്ന liberating a continent john paul ii and the fall of communsim എന്ന ഡോക്യുമെന്ററിക്കാണ് അവാർഡ്. ചരിത്രവിഭാഗത്തിൽ ഉൾപ്പെടുന്ന ചിത്രങ്ങളുടെ ഗണത്തിലാണ് ഈ പുരസ്ക്കാരം നേടിയിരിക്കുന്നത്. അക്രമം കൂടാതെ ഈസ്റ്റേൺ യൂറോപ്പ് എങ്ങനെയാണ് സ്വാതന്ത്ര്യം നേടിയെടുത്തത് എന്ന് വിവരിക്കുന്ന ഈ ഡോക്യുമെന്ററിക്ക് ലഭിച്ച അവാർഡിലൂടെ തങ്ങൾ ആദരിക്കപ്പെട്ടിരിക്കുകയാണെന്ന് ചിത്രത്തിന്റെ എക്സിക്യൂട്ടീവ് പ്രൊഡ്യൂസറായ കാൾ ആൻഡേഴ്സൺ പറഞ്ഞു.

ഇത്തരമൊരു സ്വാതന്ത്ര്യം നേടിക്കൊടുക്കുന്നതിന് ജോൺ പോൾ രണ്ടാമൻ പാപ്പ എങ്ങനെ നേതൃത്വം വഹിച്ചുവെന്നും പ്രചോദനാത്മകമായ രീതിയിൽ അതെത്രത്തോളം സാധിച്ചെടുത്തു എന്നുമാണ് ഡോക്യുമെന്ററി വിവരിക്കുന്നത്. പോളണ്ടിലെ സോളിഡാരിറ്റി ലേബർ മൂവ്മെന്റിൽ ജോൺ പോൾ രണ്ടാമൻ പാപ്പയുടെ ആത്മീയസ്വാധീനം വളരെ നിർണ്ണായകമായിരുന്നു.

കാൾ ആൻഡേഴ്സൺ ജോൺ പോൾ പാപ്പയുമായി അടുത്ത ബന്ധം പുലർത്തിയിരുന്ന വ്യക്തിയായിരുന്നു. ഇപ്പോൾ അദ്ദേഹം നൈറ്റ്സ് ഓഫ് കൊളംബസിലെ സുപ്രീം നൈറ്റാണ്. 1.9 മില്യൻ അംഗങ്ങളുള്ള കാത്തലിക് സംഘടനയാണ് ഇത്. 90മിനിറ്റാണ് ചിത്രത്തിന്റെ ദൈർഘ്യം. നടൻ ജിം കാവിയെസെൽ ആണ് ചിത്രത്തിന്റെ നറേറ്റർ. നിരവധി ആർക്കൈവസ് രേഖകളും ഭരണാധികാരികളുമായുള്ള അഭിമുഖങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പാപ്പയുടെ ജീവചരിത്രകാരന്മാരുടെ അഭിമുഖങ്ങളും ചേർത്തിട്ടുണ്ട്.

# വാർത്തകൾ

## ദിവ്യകാരുണ്യ ആരാധന

പരുത്തിയൂർ: കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ ദിവ്യകാരുണ്യ ആരാധനയും നേർച്ചക്കഞ്ഞി വിതരണവും നടന്നു. കെസിവൈഎം കാര്യനിർവ്വഹസമിതി അംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. വിദ്യാർത്ഥികൾക്കായി ഭയം കൂടാതെ എങ്ങനെ പരീക്ഷ എഴുതാം എന്ന വിഷയത്തിൽ ലക്ഷ്യം 2017 എന്ന പേരിൽ ഒരു അർധദിന ക്യാമ്പും സംഘടിപ്പിച്ചു. ഇടവക വികാരി റവ.ഫാദർ പോൾ സണ്ണി, കിരൺദാസ് എന്നിവർ ക്ലാസ് നയിച്ചു.

## ബോധവൽക്കണക്ലാസ്സ്

കോവളം: സ്ത്രീശാക്തീകരണ പ്രോജക്ടിന്റെ ഭാഗമായി കോവളം ഫെറോനയിലെ തെരഞ്ഞെടുക്കപ്പെട്ട 10 കുടുംബാംഗങ്ങൾക്കായി ബയോഗ്യാസ് ബോധവൽക്കണക്ലാസ്സ് നടന്നു. റ്റി.എസ്.എസ്.എസ് കോൺഫറൺസ് ഹാളിൽ നടന്ന പരിപാടി മോൺ. യുജിൻ എച്ച് പെരേര ഉദ്ഘാടനം ചെയ്തു. ശംബുനായർ ബോധവൽക്കരണ ക്ലാസ്സ് നയിച്ചു. ബയോഗ്യാസ് ഉപയോഗിക്കുന്നതിലൂടെ സമൂഹത്തെ എങ്ങനെ മാലിന്യ മുക്തമാക്കാം എന്നുള്ളതായിരുന്നു ക്ലാസ്സിന്റെ വിഷയം.

## ബിസിസി വാർഷികം ആഘോഷിച്ചു

തൃക്കണ്ണാപുരം: നല്ലിടയൻ ഇടവകയിലെ ബിസിസി ഒന്നാം കുടുംബയൂണിറ്റിന്റെ വാർഷികം യൂണിറ്റ് മധ്യസ്ഥയായ ലൂർദ്ദ് മാതാവിന്റെ തിരുന്നാളിനോടനുബന്ധിച്ച് ആഘോഷിച്ചു. ഇടവക വികാരി ഫാ. പൗലോസ് വാഴക്കാലയുടെ കാർമികത്വത്തിൽ ദിവ്യബലിയും ആഘോഷമായ ജപമാലയും പ്രദക്ഷിണവും നടന്നു. ഫാ. സഖറിയാസ് വരിക്കമൊാക്കൽ വചനസന്ദേശം നൽകി.

## കുടുംബ ശുശ്രൂഷ രൂപതാ സമിതി രൂപീകരിച്ചു

തിരുവനന്തപുരം: ലത്തീൻ അതിരൂപത കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ ഇടവകകളിലെ കുടുംബശുശ്രൂഷ ഭാരവാഹികളുടെയും, കുടുംബങ്ങളുടെ വീണ്ടെടുപ്പിൽ തല്പരരായ സന്യസ്ത അല്മായ അംഗങ്ങളുടെയും ഏകദിന സെമിനാർ നടന്നു.

ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക ലേഖനമായ 'സ്നേഹത്തിന്റെ സന്തോഷം' എന്നതായിരുന്നു സെമിനാറിന്റെ വിഷയം. തിരുവനന്തപുരം അതിരൂപത സഹായമെത്രാൻ ബിഷപ്പ് ഡോ. ക്രിസ്തുദാസ് സെമിനാർ ഉദ്ഘാടനം ചെയ്തു. സെമിനാറിൽ തിരുവനന്തപുരം അതിരൂപത കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. ജോൺ എ.ആർ, മോൺ.നിക്കളാസ് എന്നിവർ ക്ലാസുകൾ കൈകാര്യം ചെയ്തു.

തുടർന്ന് കുടുംബ ശുശ്രൂഷ ഫെറോന ഭാരവാഹികളിൽ നിന്ന് രൂപത സമിതിക്ക് രൂപം നൽകി. കുടുംബ ശുശ്രൂഷ രൂപത കൺവീനറായി ജിക്സൻ - അഞ്ചുതെങ്ങ്, രൂപത സെക്രട്ടറിയായി ജാക്സൻ തുമ്പക്കാരൻ - പുതുകുറിച്ചി, എക്സിക്യൂട്ടീവ് അംഗങ്ങളായി ബാബു ഫ്രാൻസിസ് - പാളയം, ജോസഫ് നെൽസൺ - വലിയതുറ, ഡെല്ല റോസ്തുത്തൂർ, എം.എ.ബാബു - പേട്ട, സിസ്റ്റേഴ്സ് പ്രതിനിധികളായി സിസ്റ്റർ ഹെലൻ, സിസ്റ്റർ മേരി ഹെലീന എന്നിവരെയും തെരഞ്ഞെടുത്തു.



*അതിരൂപതാ കൗൺസിലേഴ്സ് ഫോറം രൂപീകരണ സമ്മേളനത്തിൽ പങ്കെടുത്തവർ*

## കൗൺസിലേഴ്സ് ഫോറം രൂപീകരിച്ചു

തിരുവനന്തപുരം: ലത്തീൻ അതിരൂപത കുടുംബശുശ്രൂഷയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ പ്രൊഫഷണൽ കൗൺസിലേഴ്സിന്റെ ഒത്തുചേരൽ നടന്നു. പ്രസ്തുത ചടങ്ങിൽ നാഷണൽ മെന്റൽ ഹെൽത്ത് പ്രോഗ്രാം ഡയറക്ടർ ഡോ. ഗിരീഷ് ക്ലാസ് നയിച്ചു. തിരുവനന്തപുരം അതിരൂപത കുടുബ ശുശ്രൂഷ ഡയറക്ടർ ഫാ. ജോൺ എ.ആർ, റവ. ഫാ. ജോയി ജെയിംസ് എന്നിവർ സംസാരിച്ചു. കുടുംബങ്ങൾ ഇന്ന് നേരിടുന്ന വെല്ലുവിളികളെയും അവയിൽ കൗൺസിലിംഗിനുള്ള പ്രാധാന്യത്തെക്കുറിച്ചും ആഴത്തിൽ ചർച്ച നടന്നു.

ഇന്നത്തെ കുടുംബങ്ങൾ നിരവധി വെല്ലുവിളികളിലൂടെയാണ് കടന്നുപോകുന്നതെന്നും അതിനാൽ തന്നെ കുടുംബങ്ങളിൽ കൗൺസിലിംഗിന് വളരെയധികം പ്രാധാന്യം ഉണ്ടെന്നും യോഗം വിലയിരുത്തി.

ഒത്തുചേരലിൽ 30 ഓളം കൗൺസിലേഴ്സ് പങ്കെടുത്തു. കുടുംബശുശ്രൂഷയിൽ കൗൺസിലിംഗ് സേവനം ലഭ്യമാക്കാൻ കൗൺസിലേഴ്സ് ഫോറവും രൂപീകരിച്ചു.





*വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന് അഭിമുഖമായി സിന്ധുയാത്ര മാതാ ഇടവകയുടെ നേതൃത്വത്തിൽ ഉയർന്ന ക്രിസ്തുവിന്റെ രൂപത്തിന്റെ ആശീർവാദം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം നിർവ്വഹിച്ചു. 2) ആശീർവാദ ചടങ്ങിനെത്തുന്ന തിരുവനന്തപുരം ലത്തീൻ അതിരൂപത മെത്രാപ്പൊലീത്തയെ ഇടവക ജനങ്ങൾ സ്വീകരിച്ച് ആനയിക്കുന്നു.*

## വൃദ്ധ ദമ്പതികൾക്ക് പാപ്പയുടെ സമ്മാനം

റോം: ജോസഫ് റോഡ്രിഗ്സിനും അമാറോ പെസ് കെറോയക്കും വളരെ അപ്രതീക്ഷിതമായി മാർപാപ്പയുടെ ഒരു സമ്മാനം. കഴിഞ്ഞ ഓഗസ്റ്റ് രണ്ടിന് മിഡിൽ ഈസ്റ്റിൽ ക്രൈസ്തവപീഡനത്തിന് ഇരകളായവരെ സഹായിച്ചതിനാണ് മാർപാപ്പ ഇവർക്ക് നേരിട്ട് കത്തിലൂടെ സമ്മാനം നൽകിയത്.

പാപ്പയുടെ കൈപ്പടയിലെഴുതിയ കത്ത് ഇങ്ങനെ തുടരുന്നു:

മത പീഡനത്തിനിരയായവരെ സഹായിക്കാനായി നിങ്ങൾ തന്ന സാമ്പത്തികസഹായത്തിനും കത്തിനും നന്ദി. നിങ്ങളുടെ ഔദാര്യത്തിന് എന്റെ ഹൃദയത്തിൽ നിന്നുമുള്ള നന്ദി അറിയിക്കുന്നു. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് ഞാൻ പ്രാർത്ഥിക്കുന്നു. അതോടൊപ്പം ദൈവത്തിന്റെ ഈ ശുശ്രൂഷയിൽ വിശ്വസ്തതയോടെ തുടരുവാനായി നിങ്ങൾ എനിക്കുവേണ്ടിയും പ്രാർത്ഥിക്കാൻ മറന്നുപോകരുതെന്ന് അപേക്ഷിക്കുന്നു. യേശുക്രിസ്തു നിങ്ങളെ അനുഗ്രഹിക്കുകയും പരിശുദ്ധ കന്യക നിങ്ങളെ പരിപാലിക്കുകയും ചെയ്യട്ടെ.

കരുണയുടെ വർഷമായി തിരുസഭ ആചരിച്ച 2016 ൽ സ്പെയ്ൻ കാരായ ഈ ദമ്പതികൾ റോമിലേക്ക് ഒരു തീർത്ഥയാത്ര നടത്തിയിരുന്നു. ആ യാത്രയിലാണ് റിട്ടയേർഡ് ദമ്പതികളായ ഇവർ മതപീഡനം അനുഭവിക്കുന്ന മിഡിൽ ഈസ്റ്റിലെ ക്രൈസ്തവരെ സഹായിക്കാനായി സാമ്പത്തികസഹായം നല്കിയത്.

## ജോണി എം.എ. കെസിവൈഎം അതിരൂപതാ പ്രസിഡന്റ്

തിരുവനന്തപുരം: കെസിവൈഎം തിരുവനന്തപുരം അതിരൂപതാ പ്രസിഡന്റായി ജോണി എം.എ വിഴിഞ്ഞം തെരഞ്ഞെടുക്കപ്പെട്ടു. അജിത് പൊഴിയൂരാണ് ജനറൽ സെക്രട്ടറി. വെള്ളയമ്പലം ലറ്റിൽ ഫ്ളവർ ഹാളിൽ ചേർന്ന കെസിവൈഎം അതിരൂപതാ വാർഷിക സെനറ്റ് യോഗമാണ് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തത്. അതിരൂപതാ യുവജന ശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻ ഫെർണാണ്ടസ് വാർഷിക സെനറ്റ് ഉദ്ഘാടനം ചെയ്തു. ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യം, ബിഷപ്പ് ഡോ. ആർ.ക്രിസ്തുദാസ് എന്നിവർ പ്രസംഗിച്ചു. ബെൻസൻ വലിയതുറ, രേവതി പാളയം (വൈസ് പ്രസിഡന്റുമാർ), അമല വെട്ടുകാട്, ടിനോ പേട്ട (സെക്രട്ടറിമാർ), ഷൈജു റോബിൻ മുടവൻമുകൾ (ട്രഷറർ), സിറിൽ ബോസ്കോ അഞ്ചുതെങ്ങ്, ദിനിമോൾ കോവളം (സംസ്ഥാന സെനറ്റ് അംഗങ്ങൾ), സന്തോഷ് രാജ് പാളയം, നിമ്മി പുതുക്കുറിച്ചി (സംസ്ഥാന സിൻഡിക്കേറ്റ് അംഗങ്ങൾ) എന്നിവരാണ് മറ്റ് ഭാരവാഹികൾ.




കെസിവൈഎം തിരുവനന്തപുരം അതിരൂപതാ സെനറ്റ് അംഗങ്ങൾ അതിരൂപതാ യുവജന ശുശ്രൂഷാ ഡയറക്ടർ ഫാ. ലെനിൻഫെർണാണ്ടസിനോടൊപ്പം



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ


നീർച്ചാലുകൾ

ഫാ. മൈക്കൽ തോമസ്


തപസ്സുകാലം 1-ാം ഞായർ (മാർച്ച് 5)

## ഉപവാസത്തിന്റെ ശക്തിയും ത്യാഗത്തിന്റെ മഹത്വവും

ഉൽ. 2: 7-9; 3:1-7 | റോമ. 5:12-19 | മത്താ. 4:1-11



സത്താപരമായി മനുഷ്യന്റെ നിഷേധാത്മക ശക്തി, ത്യജിക്കുവാനുള്ള കഴിവ് നാം എന്തിനായ് ഉപയോഗിക്കുന്നു എന്ന ആത്മ പരിശോധനയാണ് ഈ തപസ്സുകാലത്ത് നാം നടത്തേണ്ടത്.

പ്രസിദ്ധ ഫ്രഞ്ച് ചിന്തകനായ സാർത്ര് മനുഷ്യന്റെ സത്താപരമായ സവിശേഷത എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ആകാശത്തിനും ഭൂമിക്കുമിടയിൽ നട്ടെല്ലു നിവർത്തി നടക്കുന്ന മനുഷ്യനെ വ്യതിരിക്തനാക്കുന്ന സവിശേഷതയെന്ത്? ഗഹനവും യുക്തിപരവുമായ അന്വേഷണങ്ങൾക്കൊടുവിൽ സാർത്ര് കണ്ടെത്തിയ ഉത്തരം 'നിഷേധ പ്രാപ്തിയാണ് മനുഷ്യനെ മനുഷ്യനാക്കുന്നത്' എന്നതാണ്. മനുഷ്യൻ സത്താപരമായി നിഷേധിയാണ്.

പച്ചപ്പുല്ലിന്റെ മുമ്പിൽ പശുവിന് നിരാഹാരം നടത്താനാവില്ല. അങ്ങേതിലെ ചക്കിപ്പൂച്ചയുടെ നിറം കറുപ്പായതുകൊണ്ട് വേളിചെയ്യില്ല എന്ന് ഒരു കണ്ടൻപൂച്ചയും നിശ്ചയിക്കില്ല. എന്നാൽ, പുരുഷനും സ്ത്രീക്കും, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യർക്കും നിരാഹാരത്തിന്റേയും ബ്രഹ്മചര്യത്തിന്റെയും വ്രതങ്ങൾ എടുക്കാനും നടപ്പിലാക്കാനും കഴിയും. ആഹാരത്തിന്റെ മുമ്പിൽ നിരാഹാരവും കല്യാണത്തിന്റെ മുമ്പിൽ കന്യാവ്രതവും മനുഷ്യനെ നിഷേധിയാക്കുന്നു. ഇവിടെ നിഷേധാത്മകത കൊണ്ട് അർത്ഥമാക്കുന്നത് ഇന്ദ്രീയ സുഖങ്ങളെ ത്യജിക്കുവാനും അപരന് നന്മ ചെയ്യുവാനുമുള്ള മനുഷ്യനിലെ ആന്തരിക ശക്തിയാണ്.

മനുഷ്യൻ നിഷേധിയാകുന്നത് എപ്പോൾ, എന്തിന് എന്നതാണ് പ്രസക്തമായ ചോദ്യം. തപസ്സുകാലം ആദ്യ ഞായറായ ഇന്നത്തെ വചനഭാഗങ്ങൾ ഈ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുവാൻ നമ്മെ സഹായിക്കുന്നതാണ്.

ഉല്പത്തി പുസ്തകത്തിൽ നിന്നുള്ള ആദ്യവായനയിൽ ദൈവം സൃഷ്ടികർമ്മം നടത്തിയ ശേഷം തന്റെ തന്നെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനെ അവന് അനുരൂപമായ ഇണയോടൊപ്പം ഏദൻ തോട്ടത്തിലേക്കയക്കുന്നു. മണ്ണിൽ നിന്നും മെനഞ്ഞെടുത്ത മനുഷ്യന്റെ നാസാരന്ധ്രങ്ങളിലൂടെ തന്റെ തന്നെ ജീവശ്വാസം നിശ്വസിച്ചുകൊണ്ട് ജീവൻ ദാനമായേകി. ഏദൻ തോട്ടത്തിലേക്കയച്ചുകൊണ്ട് അതിലുള്ള എല്ലാകായ്കനികളും ഭക്ഷിക്കുവാനുള്ള അനുവാദവും നൽകി. എന്നാൽ ജീവന്റെ വൃക്ഷത്തിൽ നിന്നുമുള്ള കനി ഭക്ഷിക്കരുതെന്ന് ദൈവം നിർദ്ദേശിച്ചു.

നിഷേധിയായ മനുഷ്യൻ തിന്മയുടെ ശക്തിയുടെ പ്രലോഭനത്തിന് വശംവദനായി തോട്ടത്തിലുള്ള എല്ലാ കായ്കനികളുമുപേക്ഷിച്ച് ദൈവം അരുത് എന്നു പറഞ്ഞ വൃക്ഷത്തിന്റെ ഫലം ഭക്ഷിക്കുന്നു. ഇവിടെ മനുഷ്യൻ തന്റെ നിഷേധാത്മക ശക്തി ഉപയോഗിക്കുന്നത് തന്റെ



തന്നെ സ്വാർത്ഥതക്കും ശരീരത്തിന്റെയും ഇന്ദ്രീയങ്ങളുടെയും സുഖത്തിനും വേണ്ടിയാണ്. തന്മൂലം എല്ലാം നന്നായിരിക്കുന്നുവെന്നുകണ്ട ദൈവ-മനുഷ്യബന്ധത്തിൽ വിള്ളലുണ്ടായി. ദൈവത്തിൽ നിന്നും മാത്രമല്ല, തന്നിൽ നിന്നും, സഹജീവിയിൽ നിന്നും പ്രകൃതിയിൽ നിന്നുപോലും അവൻ അകലുന്നു.... നിഷേധിയാകുന്നതിലൂടെ.

സുവിശേഷത്തിൽ നാം കാണുന്നത് യേശു തന്റെ നിഷേധാത്മക ശക്തിയെ വ്യത്യസ്തമായ രീതിയിൽ ഉപയോഗിക്കുന്നതായിട്ടാണ്. ആദിമാതാപിതാക്കളിൽ നിന്നും തികച്ചും വ്യത്യസ്തമായി തന്റെ നിഷേധാത്മക ശക്തിക്ക് ത്യാഗത്തിന്റെ പരിവേഷമാണ് യേശു നൽകുന്നത്. നാല്പതു ദിനരാത്രങ്ങളുടെ ഉപവാസത്തിലൂടെ, ദൈവത്തിന്റെ കൂടെ വസിച്ചതിലൂടെ, നേടിയ ഉൾക്കരുത്തിന്റെ പിൻബലത്താൽ യേശു സാത്താന്റെ പ്രലോഭനങ്ങളെ, മോഹനസുന്ദരവാഗ്ദാനങ്ങളെ നിഷേധിക്കുന്നു, തിരസ്കരിക്കുന്നു.

“മനുഷ്യാ നീ മണ്ണാകുന്നു. മണ്ണിലേക്കു നീ പിന്തിരിയും” എന്ന തിരുവചനം ഉച്ചരിച്ചുകൊണ്ട് നെറ്റിയിൽ ചാരം പൂശി ക്ഷാരബുധൻ നാം ആരംഭിച്ച നോമ്പിന്റെ, തപസ്സിന്റെ പ്രസക്തി കാണേണ്ടത് ഇവിടെയാണ്. സത്താപരമായി മനുഷ്യന്റെ നിഷേധാത്മക ശക്തി, ത്യജിക്കുവാനുള്ള കഴിവ് നാം എന്തിനായ് ഉപയോഗിക്കുന്നു എന്ന ആത്മ പരിശോധനയാണ് ഈ തപസ്സുകാലത്ത് നാം നടത്തേണ്ടത്.

ദൈവത്തിന്റെ കൂടെയായിരിക്കുവാൻ, സഹചരന് തുണയും തണലുമേകുവാൻ, പ്രകൃതിയെ സംരക്ഷിച്ചുവളരുവാൻ ദൈവം നൽകിയ കല്പനകളെ നിഷേധിക്കുകയല്ലേ പലപ്പോഴും നാം ചെയ്യുന്നത്.

എന്നാൽ ഈ തപസ്സുകാലത്ത് സ്വയം പരിത്യജിക്കുവാനും, സാത്താന്റെയും അവന്റെ പ്രലോഭനമാർഗ്ഗങ്ങളേയും നിഷേധിച്ചുകൊണ്ട് കുരിശെടുക്കുവാനാണ് യേശു നമ്മെ ക്ഷണിക്കുന്നത്. മരുഭൂമിയനുഭവങ്ങളിൽ നിന്നും ആർജ്ജിക്കുന്ന, പ്രാർത്ഥനയുടെയും പരിത്യാഗത്തിന്റെയും ശക്തിയുണ്ടെങ്കിലേ ഇന്ന് നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്ന സാത്താനെ, ആകർഷകമായ അവന്റെ പ്രലോഭനങ്ങളെ തിരിച്ചറിയുവാനാകൂ. തിരിച്ചറിയുക മാത്രമല്ല, തിരുവചനത്തിന്റെ ശക്തിയാലും ഉപവാസത്തിന്റെയും പ്രാർത്ഥനയുടെയും ഉൾക്കരുത്താലും സാത്താന്റെ പ്രലോഭനങ്ങളെ പ്രതിരോധിക്കുവാനും നമുക്കാകണം.

ദൈവഹിതത്തിനു എതിരു നിൽക്കുന്നതെന്തും സാത്താനാണ്. വാലും കൊമ്പും അനുപേക്ഷണീയമല്ല. കാലഭേദങ്ങൾ മനുഷ്യരിൽ വരുത്തുന്ന അഭിരുചിഭേദങ്ങളെ കണ്ടില്ലെന്നു നടിക്കുന്ന ബോറനല്ല അവൻ. “ആവശ്യങ്ങളിൽ സഹായിക്കുന്ന സുഹൃത്താണവൻ. മനുഷ്യനെക്കുറിച്ച് ദൈവത്തിനുണ്ടായിരുന്ന സ്വപ്നത്തെ തകർത്തുകൊണ്ട് മനുഷ്യനു ദുരാശയേകിയവനാണവൻ. പാമ്പായി വന്നവൻ പത്രോസായും വരും. “നല്ല കനികളും” “നന്മയും” മാത്രമേ അവൻ തരാറുള്ളൂ. നല്ലതു മാത്രം ആശംസിക്കുന്നവൻ. ദൈവത്തെപ്പോലെയാകട്ടെ, കണ്ണുതുറക്കട്ടെ, തിരിച്ചറിവുണ്ടാകട്ടെ, കുരിശുകളും പീഡകളും സംഭവിക്കാതിരിക്കട്ടെ... ഇങ്ങനെ പോകുന്നു അവന്റെ ആശംസകൾ.

സാത്താന്റെ പ്രലോഭനങ്ങൾ ഉണ്ടാകില്ല എന്നു യേശു ഒരിക്കലും പറഞ്ഞിട്ടില്ല. അങ്ങനെയായിരുന്നുവെങ്കിൽ ആത്മാവിനാൽ പൂരിതനായ യേശു സാത്താനാൽ പരീക്ഷിക്കപ്പെടുവാനായി മരുഭൂമിയിലേക്ക് ആനയിക്കപ്പെടില്ലായിരുന്നു. കാരണം, ഉല്പത്തി മുതൽ വെളിപാടു വരെ സാത്താന്റെ സാന്നിധ്യമുണ്ട്. അവയെ തിരിച്ചറിയുവാനും അതിജീവിക്കുവാനുമാണ് നാം ശ്രമിക്കേണ്ടത്. നാല്പതു ദിവസങ്ങൾ മരുഭൂമിയിൽ ചിലവിടാൻ ആത്മാവ് യേശുവിനെ നയിച്ചത് ചെകുത്താന്റെ വായിലേക്കാണ്. നന്മയും തിന്മയും നേർക്കുനേർ ഏറ്റുമുട്ടുന്ന മരുഭൂമികളാണ് നമ്മുടെ ഹൃദയങ്ങൾ. ആരും കാണാനും ശ്രദ്ധിക്കാനുമില്ലാത്ത വിജനതകളിൽ പ്രലോഭനങ്ങളുടെ നിലക്കാത്ത പ്രവാഹങ്ങൾക്ക് അടിയറവു പറയരുത്. വളരാനും (അപ്പം ഭക്ഷിക്കാൻ), ഉയരാനും (ഭരിക്കാൻ) മിടുക്കനാകാനും (മുകളിൽ നിന്നും ചാടാൻ) സാത്താനോടു നീക്കുപോക്കു നടത്തരുത്. അതിനായ് നമ്മിൽ ദൈവം നിക്ഷേപിച്ചിരിക്കുന്ന ദൈവാത്മാവിന്റെ ശക്തിയെക്കുറിച്ച് ബോധ്യമുള്ളവരായി മാറാം.

ദൈവത്തോടും ദൈവകല്പനകളോടുമല്ല ഞാൻ നിഷേധിയാകേണ്ടത്. പ്രത്യുത, സാത്താനോടും അവന്റെ കണ്ണഞ്ചിപ്പിക്കുന്ന, ഇന്ദ്രീയങ്ങൾക്ക് ആനന്ദമേകുന്ന പ്രലോഭനങ്ങളോടുമാണ് ഞാൻ നിഷേധിയാകേണ്ടത്. അതിനാൽ, ഈ തപസ്സുകാലം നമ്മുടെ ജീവിതത്തിൽ തിന്മയുടെ ശക്തികളോട് നാം നടത്തിയിരിക്കുന്ന നീക്കുപോക്കുകളെ കണ്ടെത്താം. ഒപ്പം ദൈവീക കല്പനകളോടും സുവിശേഷമൂല്യങ്ങളോടും സ്വീകരിച്ചിരിക്കുന്ന നിഷേധാത്മക നിലപാടുകളെ തിരിച്ചറിയാനുള്ള ഉൾക്കരുത്തിനായ് ഉപവസിച്ച് പ്രാർത്ഥിക്കാം. ■

നീർച്ചാലുകൾ

ഫാ. ജൂഡിത് പയസ്

# സ്വരം ശ്രവിക്കുക

ഉൽ. 12 : 1-4a | 2 തിമോ. 1: 8b-10 | മത്താ. 17 : 1 -9

ഉൽ. 12:1-4 : ഇന്നത്തെ ഒന്നാം വായനയിൽ ദൈവം അബ്രഹാമിനെ വിളിക്കുന്ന ഭാഗമാണ് നാം വായിക്കുന്നത്. 75 വയസ്സോളം പ്രായമുള്ള അബ്രഹാം ദൈവസ്വരം ശ്രവിക്കുന്നത് ആദ്യമായിട്ടാണെങ്കിലും, ആ സ്വരത്തിൽ വിശ്വാസമർപ്പിച്ചുകൊണ്ട് ആ സ്വരത്തെ അനുധാവനം ചെയ്യുന്നു. ദൈവസ്വരത്തെ അനുധാവനം ചെയ്യാൻ ഒരുവന് സാധിക്കണമെങ്കിൽ അവൻ രണ്ട് വസ്തുതകൾ നിറവേറ്റണമെന്ന് അബ്രഹാം നമ്മെ പഠിപ്പിക്കുന്നു. ആദ്യമായി, തന്റെ പദ്ധതിയുമായി ദൈവം നമ്മെ സമീപിക്കുമ്പോൾ ആ പദ്ധതി സ്വീകരിക്കുവാനുള്ള ഒരു മനസ്. ദൈവത്തിന് നമ്മെ എല്ലാപേരെയുംപറ്റി ഓരോ പദ്ധതിയുണ്ട്. ജെറമിയാ പ്രവാചകനിലൂടെ അവിടുന്ന് നമ്മോട് ഇപ്രകാരം അരുൾചെയ്യുന്നുണ്ട്. "നിങ്ങളെക്കുറിച്ചുള്ള പദ്ധതി എന്റെ മനസ്സിലുണ്ട്. നിങ്ങളുടെ നാശത്തിനല്ല ക്ഷേമത്തിനുള്ള പദ്ധതിയാണത് - നിങ്ങൾക്ക് ശുഭമായ ഭാവിയും പ്രത്യാശയും നൽകുന്ന പദ്ധതി" (ജെറ: 29 : 11). അബ്രഹാത്തിന്റെ ജീവിതത്തിലുടനീളം, സ്വപുത്രനെ ബലി അർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോഴും, എന്തിനാണ് എന്ന് ചോദിക്കാതെ സ്വയം സമർപ്പിക്കുന്ന അബ്രഹാം, ദൈവപദ്ധതിയുടെ പൂർത്തീകരണത്തിനായി നാമും സ്വയം സമർപ്പിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്നു. രണ്ടാമതായി ദൈവപദ്ധതിയുടെ പൂർത്തീകരണത്തിനായി ഉള്ളതെല്ലാം പരിത്യജിച്ച് ദൈവം കാണിച്ചുതരുന്ന നാട്ടിലേക്കുള്ള പ്രയാണം. ദൈവിക പദ്ധതികൾക്കായി നമ്മുടെ ഹൃദയം വിട്ട് നൽകുമ്പോൾ, സ്വന്തമായ പദ്ധതികളെല്ലാം പരിത്യജിച്ച് ശൂന്യമായ ഒരു ഹൃദയമാകണം, ദൈവത്തിന് നല്കേണ്ടത് എന്ന സത്യം ഈ സംഭവം നമ്മെ പഠിപ്പിക്കുകയാണ്. "മനുഷ്യന്റെ കാൽവയ്പുകൾ കർത്താവാണ് നിയന്ത്രിക്കുന്നത്." എന്ന സുഭാഷിത വചനങ്ങൾ ശരിവച്ചുകൊണ്ട് ദൈവിക പദ്ധതിക്കായി സ്വയം സമർപ്പിച്ച് അബ്രഹാമിനെ ദൈവം നയിക്കുക മാത്രമല്ല, അവനെ അനുഗ്രഹിക്കുകയും ചെയ്യുന്നതായി ഒന്നാം വായനയിൽ നാം വായിക്കുന്നു.

സുവിശേഷം: മത്താ. 17:1-9.

ദൈവ പദ്ധതിയുടെ പൂർത്തീകരണത്തിനായി ജെറുസലേമിലേക്കുള്ള യാത്രക്കിടയിൽ, രൂപാന്തരീകരണപ്പെടുന്ന യേശുവിനെയാണ് ഇന്നത്തെ സുവിശേഷത്തിൽ നാം കണ്ടുമുട്ടുന്നത്. പരമപ്രധാനമായി ഈ വായനാഭാഗം നൽകുന്ന സന്ദേശം, ഒന്നാം വായനയിലേതുപോലെ ദൈവസ്വരം ശ്രവിക്കുവാനുള്ള ആവശ്യമാണ്. "അവന്റെ സ്വരം ശ്രവിക്കുവിൻ." ക്രിസ്തുവിന്റെ സ്വരം ശ്രവിക്കുകയും, അതിന് പ്രാധാന്യം നൽകുകയും ചെയ്യുന്നവനാണ് ഒരു യഥാർത്ഥ ക്രിസ്തു ശിഷ്യൻ എന്നാണ് ഫ്രാൻസിസ് പാപ്പ നമ്മെ ഓർമ്മിപ്പിക്കുന്നത്. യേശുവിന്റെ സ്വരം ശ്രവിക്കുവാനായി നാം യേശുവിന്റെ ചാരെ ഉണ്ടാകണം. നാം യേശുവിനെ അനുധാവനം ചെയ്യണം. അവന്റെ സ്വരം ശ്രവിക്കുക എന്ന വചനഭാഗത്തെ ഉദ്ധരിച്ച് സംസാരിക്കവേ, തനിക്ക് ചുറ്റും കൂടിയവരോട് ഫ്രാൻസിസ് പാപ്പ ഇപ്രകാരം ചോദിച്ചു. "സുവിശേഷത്തിന്റെ ഏതെങ്കിലും ഭാഗം എല്ലാദിവസവും നിങ്ങൾ വായിക്കാറുണ്ടോ? സുവിശേഷത്തിൽ യേശു സന്നിഹിതനാണ്, അവൻ നമ്മോട് സംസാരിക്കുന്നു." ആ സ്വരം ശ്രവിക്കുവാൻ നമുക്ക് സാധിക്കണം.

പിതാവിന്റെ പദ്ധതിയുടെ പൂർത്തീകരണത്തിനായി സർവവും ത്യജിക്കുവാൻ തീരുമനസാകുന്ന യേശുവിനെയും നാം കണ്ടുമുട്ടുന്നുണ്ട്. താബോർമലയിൽ തന്റെ മഹത്വം വെളിപ്പെടുത്തിയ യേശു ആ മഹത്വത്തിലായിരിക്കാതെ സ്വയം ശൂന്യനായി താഴേക്ക് ഇറങ്ങിവരുന്നു, സഹനത്തിലേക്കുള്ള യാത്ര. എന്നെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്നവർ സ്വയം പരിത്യജിച്ച് തന്റെ കുരിശും വഹിച്ചുകൊണ്ട് എന്റെ പിന്നാലെ വരട്ടെയെന്ന് ആഹ്വാനം ചെയ്ത യേശുനാഥൻ തനിക്കുള്ള മഹത്വത്തെ പരിത്യജിച്ച് ദാസനായി നമ്മുടെ ഇടയിലേക്ക് ഇറങ്ങിവന്ന് മാതൃക കാണിക്കുന്നു. അതുകൊണ്ടാണ് വി.പൗലോസ് ഫിലിപ്പയർക്കെഴുതിയ ലേഖനത്തിൽ നമ്മോട് ഇ



സഹനങ്ങളിലൂടെയും, സ്വയം ശൂന്യവൽക്കരണത്തിലൂടെയും മാത്രമേ മഹത്വത്തിലേക്ക് പ്രവേശിക്കാനാവൂ എന്ന സത്യം മലയിറക്കത്തിലൂടെ യേശു ശിഷ്യരെ പഠിപ്പിക്കുകയാണ്.

പ്രകാരം ആഹ്വാനം ചെയ്യുന്നത്. "യേശുക്രിസ്തുവിനുണ്ടായിരുന്ന ഈ മനോഭാവം നിങ്ങളിലും ഉണ്ടാകട്ടെ. ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല. തന്നെത്തന്നെ ശൂന്യനാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്നു" (ഫിലി. 2:5-7).

എപ്പോഴും, മഹത്വത്തിലായിരിക്കാനുള്ള മനുഷ്യമനസ്സിന്റെ ആഗ്രഹവും സുവിശേഷത്തിൽ ദർശിക്കാവുന്നതാണ്. കാരണം പത്രോസ് ഇപ്രകാരം പറയുന്നുണ്ട്. "കർത്താവേ നാം ഇവിടെയായിരിക്കുന്നത് നല്ലതാണ്." ജെറുസലേമിലേക്കുള്ള യാത്ര യേശുവിന്റെ സഹനയാത്രയാണെന്ന് തിരിച്ചറിഞ്ഞ പത്രോസ് പീഡാനുഭവത്തേയും ഉത്ഥാനത്തേയും കുറിച്ചുള്ള ഒന്നാം പ്രവചനം യേശു നടത്തിയപ്പോൾ തന്നെ ഇതൊരിക്കലും നിനക്ക് സംഭവിക്കാതിരിക്കട്ടെയെന്ന് തടസം ഉന്നയിച്ചവനാണ്. ഇപ്പോൾ ആ തടസം മറ്റൊരു രൂപത്തിൽ യേശുവിന്റെ മുൻപിൽ അവതരിപ്പിക്കുന്നു. സഹനങ്ങളിലൂടെയും, സ്വയം ശൂന്യവൽക്കരണത്തിലൂടെയും മാത്രമേ മഹത്വത്തിലേക്ക് പ്രവേശിക്കാനാവൂ എന്ന സത്യം മലയിറക്കത്തിലൂടെ യേശു ശിഷ്യരെ പഠിപ്പിക്കുകയാണ്.

സ്വയം ശൂന്യവൽക്കരിച്ചുകൊണ്ട് ദൈവിക പദ്ധതിക്കനുസൃതമായി ജീവിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്ന ഈ തപസ്സുകാലത്ത്, വചനത്തിലൂടെ വെളിപ്പെടുന്ന ക്രിസ്തു സ്വരം ശ്രവിച്ചുകൊണ്ട്, സ്വപദ്ധതികളെ നിരാകരിച്ച് വൈദിക പദ്ധതിക്കായി സ്വയം സമർപ്പിക്കാൻ പരിശ്രമിക്കാം. ■



ഫാ. വിക്ടർ എവരിസ്റ്റസ്

തപസ്സുകാലം 3-ാം ഞായർ (മാർച്ച് 19)

# സമരിയാക്കാരിയുടെ സുവിശേഷങ്ങൾ

പുറ. 17:4-7 | റോമ. 5: 1-2, 5-8 | യോഹ. 4 : 5-42



മനുഷ്യകുലത്തിന്റെ മുഴുവൻ വിശപ്പടക്കാനാണ് ലോകരക്ഷകൻ അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിൽ വന്നുപിറന്നത്. അവനോട് ചേർന്നുനിന്നവർക്കെല്ലാം അവൻ നൽകിയതും ഈ അപ്പത്തിന്റെ തീരാ സ്നേഹവും.

കാത്തിരുന്നു കാത്തിരുന്നു മടുത്തതുകൊണ്ടാണ് ഒരിക്കൽ ടാഗോർ ഈശ്വരനെ തേടി പുറപ്പെട്ടത്. ദേവാലയ പടവുകൾ താണ്ടി ഈശ്വര കവാടത്തിലെത്തി അദ്ദേഹം മുട്ടിവിളിക്കാനാരംഭിച്ചു. ഈശ്വരൻ നടന്നുവരുന്ന ശബ്ദം കേൾക്കാം. ഇപ്പോൾ വാതിൽ തുറക്കപ്പെടാം. ടാഗോർ പ്രാർത്ഥനയോടെ നിന്നു. ചങ്കിടിക്കാൻ തുടങ്ങി. ടാഗോർ പെട്ടെന്നു തിരിച്ചു നടക്കാൻ തുടങ്ങുകയാണ്. കാരണം, ഉള്ളിലൊരു വലിയ സംഘർഷം. ഈശ്വരൻ വന്നു വാതിൽ തുറന്നാൽ ഞാൻ ഈശ്വരനെ കാണില്ലേ? പിന്നെ ഞാൻ ആർക്കുവേണ്ടി കാത്തിരിക്കും? എല്ലാ കാത്തിരിപ്പുകൾക്കും വിരാമം വന്നെങ്കിൽ പിന്നെ ജീവിതത്തിന് എന്താ അർത്ഥം? ടാഗോർ ഈശ്വര കവാടം വിട്ടകന്നു നീങ്ങി.

പലപ്പോഴും നാമും ഇങ്ങനെയാണ്. എല്ലാവർക്കും ദൈവത്തെ കാണണമെന്ന് അതിയായ മോഹമുണ്ട്. പക്ഷേ, ദൈവത്തെ കണ്ടുകഴിഞ്ഞാൽ എന്റെ സുഖങ്ങൾക്ക്, തെറ്റായ പ്രവൃത്തികൾക്ക്, പാപകരമായ ചിന്തകൾക്ക്... ഒരു അറുതിവന്നാലോ എന്ന ചിന്ത നമ്മെ വീണ്ടും വീണ്ടും പാപം ചെയ്യാനും മറ്റാർക്കോ എന്തിനോവേണ്ടി കാത്തിരിപ്പ് എന്ന മുടന്തൻ ന്യായവും പേറി നാം രക്ഷപ്പെടുന്നു.

എന്നാൽ നീ അവനുവേണ്ടി കാത്തിരുന്നില്ലെങ്കിലും നിനക്കുവേണ്ടി കാത്തിരിക്കാൻ ഒരു ദൈവം നിന്റെ അനുദിന ജീവതകർത്തവ്യങ്ങളിൽ ഉണ്ടെന്ന് ഇന്നത്തെ സുവിശേഷം നമ്മെ ഓർമ്മിപ്പിക്കുന്നു.

യാക്കോബിന്റെ കിണർ ഒരു കുമ്പസാരക്കൂടിന് തുല്യമാണ്. തന്നെ കാത്തിരിക്കുന്ന ഈശോയോട് അവൾ സംഭാഷണം ആരംഭിക്കുന്നു. ആദ്യമൊക്കെ അവർ തന്റെ ജീവിതം തുറന്നുവയ്ക്കാൻ മടിക്കുന്നെങ്കിലും എല്ലാം തുറന്നുപറഞ്ഞപ്പോൾ അവൾക്ക് ലോകത്തെ വേണ്ട ദൈവത്തെ മതി. ലോകത്തിന്റെ മായാവലയങ്ങൾ വേണ്ട, ദൈവത്തിന്റെ മഹാവലയങ്ങൾ മതി.

ഇന്നത്തെ സുവിശേഷത്തിലൂടെ സമരിയാക്കാരി യേശുവുമായുള്ള സംഭാഷണത്തിലൂടെ അനുഭവിച്ച നാലു സത്യങ്ങൾ ലോകത്തിന്റെ മുമ്പിൽ വിളിച്ചുപറയുകയാണ്.

**1) ദൈവത്തോട് ചേർന്നുനിന്നാൽ ജീവിതത്തിന്റെ മുഴുവൻ വിശപ്പും ദാഹവും മാറും:**

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഒരുപാട് വിശപ്പും ദാഹവും അനുഭവിക്കുന്നവരാണ് നാം. ശാരീരികവും മാനസികവുമായ വിശപ്പുമാറാൻ നീ എവിടേക്ക് യാത്ര ചെയ്താലും കർത്താവിനോട് ചേർന്നു

നിന്നാലേ ജീവിതത്തിൽ സമൃദ്ധിയുണ്ടാകൂ. ഇസ്രായേൽ ജനത തങ്ങളുടെ പഴയ കൂട്ടുകെട്ടുകളൊക്കെ ഉപേക്ഷിച്ച് ദൈവത്തിൽ ശരണം വച്ചുമുന്നേറിയപ്പോൾ അവർക്ക് ദൈവം വിഭവ സമൃദ്ധമായ ഭക്ഷണം നൽകി (പുറ. 16:13).

മനുഷ്യകുലത്തിന്റെ മുഴുവൻ വിശപ്പടക്കാനാണ് ലോകരക്ഷകൻ അപ്പത്തിന്റെ ഭവനമായ ബെത്‌ലഹേമിൽ വന്നുപിറന്നത്. അവനോട് ചേർന്നുനിന്നവർക്കെല്ലാം അവൻ നൽകിയതും ഈ അപ്പത്തിന്റെ തീരാ സ്നേഹവും. അഞ്ചപ്പം കൊണ്ട് അയ്യായിരങ്ങളെ തീറ്റിപ്പോറ്റുമ്പോഴും, വന്ന് പ്രാതൽ കഴിക്കുവിൻ എന്ന് ശിഷ്യന്മാരോട് ആവശ്യപ്പെടുമ്പോഴും, സ്വന്തം ശരീരം പകുത്ത് നൽകുമ്പോഴും ക്രിസ്തു പഠിപ്പിച്ചത് തന്നോട് ചേർന്നുനിൽക്കുന്നവർക്ക് സമൃദ്ധി നൽകുമെന്നുതന്നെയാണ്. അവനോടു ചേർന്നുനിൽക്കാതിരിക്കുമ്പോഴാണ് വിശപ്പും ദാഹവും കൂടുന്നത്.

**2) ദൈവത്തോട് ചേർന്നുനിന്നാൽ ജീവിതത്തിൽ നിന്നു മുഴുവൻ ദുരന്തങ്ങളും മാറും:**

ദൈവം ഒരു ജനതയെ നശിപ്പിക്കാനുള്ള തീരുമാനത്തിലായിരുന്നു. അധർമ്മവും അക്രമവും പാപവും പെരുകിയപ്പോൾ അവരെ നശിപ്പിക്കുക എന്നതല്ലാതെ ദൈവത്തിന് മറ്റ് മാർഗങ്ങളില്ലാതെ വന്നു. എങ്കിലും ദൈവത്തിന്റെ നന്മ അവരുടെമേൽ ചൊരിഞ്ഞുകൊണ്ടുപറഞ്ഞു. നിങ്ങൾ എന്നോട് ചേർന്നുനിന്നാൽ നിങ്ങളെ ഞാൻ രക്ഷിക്കാം. രക്ഷകന്റെ ഈ വാക്ക് ശ്രവിച്ചവർ രക്ഷിക്കപ്പെട്ടു എന്ന സന്ദേശമാണ് പുറപ്പാട് 12:12 മുതലുള്ള വാക്യങ്ങൾ.

ഇസ്രയേൽ ജനത നേടിയ വിജയങ്ങളെല്ലാം ദൈവത്തോടു ചേർന്നുനിന്നുകൊണ്ട് നേടിയ വിജയങ്ങളാണ്. സമരിയാക്കാരിയുടെ ജീവിതവും ഇസ്രായേൽ ജനത്തിന്റേതുപോലെ പാപമേറിയതായിരുന്നു. പക്ഷേ, ദൈവത്തോട് ചേർന്നുനിന്നപ്പോൾ അവളുടെ മേലുള്ള ശിക്ഷ രക്ഷയായി മാറുന്നു. ദൈവത്തോട് ചേർന്നിരിക്കാൻ അവൻ നിന്നെയും വിളിക്കുന്നുണ്ട്. ആ ക്ഷണം കണ്ടില്ലെന്ന് നടിക്കുമ്പോഴാണ് ജീവിതം മരുഭൂമിയിലെ യാത്രപോലെ ക്ലേശവും ദുസ്സഹവുമാകുന്നത്.

**(3) ദൈവത്തോട് ചേർന്നുനിന്നാൽ ജീവിതത്തിന്റെ മുഴുവൻ നാണക്കേടുകളും മാറും:**

ചെയ്യാത്ത തെറ്റിനുവേണ്ടി കുരിശെടുക്കേണ്ടി വരുകയും അറിയാത്ത കാര്യങ്ങൾക്കുവേണ്ടി ചാട്ടവാറടി ഏൽക്കുകയും ചെയ്യുന്ന ഒരു കാലത്തിലൂടെ നാം കടന്നുപോയേ മതിയാവൂ... പക്ഷേ, സമരിയാക്കാരിയുടെ സ്ഥിതി അങ്ങനെയല്ല, ചെയ്ത തെറ്റിന്റെ നാണക്കേടിലാണവൾ.

മറ്റുള്ളവരുടെ മുൻപിൽ നാണം കെട്ട എത്രയോ സന്ദർഭങ്ങൾ നമ്മുടെ ജീവിത പുസ്തകത്തിൽ ചുവപ്പുവര തീർത്തിട്ടുണ്ട്. പണ്ഡിത സദസിന്റെ മുന്നിൽ നിന്ന് വസ്ത്രം അഴിച്ചുമാറ്റേണ്ടിവന്ന പാഞ്ചാലിയെപ്പോലെ മുഴുവൻ ആടയാഭരണങ്ങളും അഴിക്കേണ്ടിവരുന്ന സന്ദർഭങ്ങളെ ചെറുത്തുതോൽപ്പിക്കാൻ ദൈവത്തോടുചേർന്നുനിൽക്കുക മാത്രമേ വഴിയുള്ളൂ. ദാനിയേലിന്റെ പുസ്തകത്തിൽ (13) നാണക്കേടിന്റെ പടുകുഴിയിൽ നിന്നും സൂസന്നയെ രക്ഷിക്കുന്ന സംഭവം അതിനൊരു ഉദാഹരണം മാത്രം.

സമരിയാക്കാരി സ്ത്രീയും തന്റെ ജീവിതത്തിന്റെ നാണക്കേടുകളിലും നിന്ന് രക്ഷപ്പെടുന്നത് ദൈവത്തോട് ചേർന്നുനിൽക്കുന്നതിലൂടെയാണ്. നിന്റെയും ജീവിതത്തിന്റെ കറുത്ത അധ്യായങ്ങളിൽ നിന്നും രക്ഷനേടാൻ അവനോടൊപ്പം ചേർന്നുനിൽക്കുക.

**4) ദൈവത്തോട് ചേർന്നുനിന്നാൽ ജീവിതത്തിന്റെ നിരാശ പ്രത്യാശയായി മാറും:**

അവൾക്ക് ഭർത്താക്കന്മാർ അഞ്ചെണ്ണം ഉണ്ടെങ്കിലും ജീവിതത്തിൽ അവൾ നിരാശയിലാണ് ജീവിച്ചിരുന്നത് എന്നതിന് രണ്ടഭിപ്രായം ഇല്ല. പക്ഷേ, ഈ നിരാശ പ്രത്യാശയായി മാറുന്നത് ദൈവത്തോട് ചേർന്നുനിന്നപ്പോഴാണ്.

നിരാശയുടെ നീർച്ചുഴിയിലായിരുന്നു സക്കേവൂസ്. കാരണം അവൻ അത്രയും നാളും പലപല മരങ്ങളിലായിരുന്നു ചാരിനിന്നിരുന്നത്. സമ്പത്തിനോട്, പ്രശസ്തിയോട്, വ്യക്തികളോട്.... പക്ഷേ, 'കർത്താവേ, ഇതാ എന്റെ സ്വത്തിൽ പകുതി ഞാൻ ദരിദ്രർക്ക് കൊടുക്കുന്നുവെന്ന' തിരിച്ചേൽപ്പിക്കലും പാപബോധവും സക്കേവൂസിനെ നാണക്കേടിന്റെ പടുകുഴിയിൽ നിന്നും രക്ഷയുടെ തീരത്തേക്ക് കൊണ്ടുവരുകയാണ് (ലൂക്ക.19).

സ്നേഹിതാ, നീ ചേർന്നുനിൽക്കുന്നത് ഏത് സ്നേഹമരത്തോടാണ്? ചന്ദനത്തിലാണ് ചാരുന്നതെങ്കിൽ ചന്ദനസുഗന്ധം നിന്നിൽ പ്രസരിക്കും. അതുപോലെ ദൈവത്തോടാണ് നീ ചേരുന്നതെങ്കിൽ നിന്റെ പ്രതിച്ഛായ അവന്റേതുപോലെയാകും.

അഞ്ചുകെട്ടിയ സമരിയാക്കാരിക്ക് ഒരു പ്രവാചകയാകാമെങ്കിൽ... എന്തേ നിനക്കും ആയിക്കൂടാ? എടുക്കുക, അവനോടൊപ്പം ചേർന്നുനിൽക്കുവാനുള്ള തീരുമാനങ്ങൾ. ■

തപസ്സുകാലം 4-ാം ഞായർ (മാർച്ച് 26)

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ

# ലോകത്തിന്റെ പ്രകാശം

1 സാമു. 16:1b.6-7, 10-13a | എഫേ. 5: 8-14 | യോഹ. 9 : 1-41

**ഒന്നാം വായന**

ദാവീദിനെ രാജാവായി അഭിഷേകം ചെയ്യുന്നു. പിതാവുപോലും തന്റെ ഓർമയിൽ സൂക്ഷിക്കാത്ത

പുത്രനെ കർത്താവ്, സാമുവൽ പ്രവാചകൻ വഴി രാജാവാക്കുന്നു. മനുഷ്യൻ മനുഷ്യന്റെ ബാഹ്യരൂപത്തിൽ ശ്രദ്ധിക്കുന്നു; കർത്താവാകട്ടെ ഹൃദയഭാവത്തിലും. പവിഴനിറവും മനോഹര നയനങ്ങളുമുള്ള ദാവീദ് സുന്ദരനായിരുന്നു. അഭിഷേകം ചെയ്ത അന്നു മുതൽ കർത്താവിന്റെ ആത്മാവ് അവനിൽ ഗണ്യമായി ആവസിച്ചു.

## രണ്ടാം വായന

ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇപ്പോൾ കർത്താവിൽ പ്രകാശമായിരിക്കുന്നു. പ്രകാശിതമായവയെല്ലാം പ്രശോഭിക്കും. ഇങ്ങനെ പ്രശോഭിക്കുന്നതെല്ലാം പ്രകാശമാണ്. പ്രകാശത്തിന്റെ ഫലം നന്മയിലും നീതിയിലും സത്യത്തിലുമാണ് പ്രത്യക്ഷപ്പെടുന്നത്.

## സുവിശേഷം:

ജന്മനാ അന്ധനായ മനുഷ്യന്റെ അന്ധത പരിഹരിക്കുന്നു - യേശു. ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് അതും വിശ്വാസ വെളിച്ചത്തിലേക്ക് നയിക്കുന്ന സത്യപ്രകാശമാണ് - ലോകത്തിന്റെ പ്രകാശമായ ക്രിസ്തുദേവൻ.

ഗുരു ശിഷ്യരോട് ചോദിച്ചു: "രാത്രി മാറി പകൽ വരുന്നത് എപ്പോഴാണ്?" ആദ്യ ശിഷ്യൻ മറുപടി പറഞ്ഞു: അകലെ നിൽക്കുന്ന ഒരു വൃക്ഷത്തിന്റെ ഫലം എന്തെന്ന് അറിയാൻ തുടങ്ങുമ്പോൾ രാത്രി മാറി പകൽ വന്നു എന്നു പറയാം." രണ്ടാമത്തെ ശിഷ്യൻ പറഞ്ഞു: അകലെ നിൽക്കുന്ന മൃഗങ്ങൾ കുരങ്ങനും കുറുക്കനുമാണെന്ന് തിരിച്ചറിയുന്നത് എപ്പോഴാണോ അപ്പോൾ രാത്രിമാറി പകൽ വരുന്നു. മൂന്നാമൻ പറഞ്ഞു: പാമ്പുപോലെ റോഡരികിൽ കിടക്കുന്ന കയർ, പാമ്പല്ല കയറാണെന്ന് തിരിച്ചറിയുമ്പോൾ രാത്രി മാറി പകൽ വരുന്നു. ഇപ്പറഞ്ഞവയെല്ലാം തെറ്റാണെന്ന് ഗുരു. "നിന്റെ അരികത്തുകൂടെ കടന്നുപോകുന്ന മനുഷ്യൻ നിന്റെ സഹോദരൻ/സഹോദരി ആണെന്ന് നിനക്ക് എപ്പോൾ മനസ്സിലാകുന്നുവോ അപ്പോൾ രാത്രി മാറി പകൽ വരുന്നു." ഇതായിരുന്നു ഗുരുമൊഴി. അന്ധന്റെ ശാരീരിക, ആത്മീയ കാഴ്ചയുടെ തിരികെ വരവും യഹൂദരുടെ അന്ധതയുമാണ് സുവിശേഷത്തിലെ പ്രതിപാ



ദ്യം.

രോഗത്തിന് കാരണങ്ങൾ പലതാണ്. പാപം അതിലൊന്നാകാം. എന്നാൽ ഏകകാരണം അതല്ല. "ദൈവത്തിന്റെ പ്രവൃത്തികൾ പ്രകടമാകാനും, അവിടുത്തെ മഹത്വം അഥവാ രക്ഷാസാന്നിധ്യം വെളിപ്പെടാനും രോഗം കാരണമാകുന്നുവെന്ന് യേശുനാഥൻ വ്യക്തമാക്കുന്നു. (യോഹ. 9/4).

വിശ്വാസം വെളിച്ചം പകരുന്നു. കാരണം വിശ്വാസം തന്നെയാണ് വെളിച്ചം. വെളിച്ചം ഉള്ളിലുണ്ടെന്നു നടിച്ചവർ അന്ധനെ കളിയാക്കുന്നു "ആരുടെ പാപം മൂലമാണ് ഇവൻ അന്ധനായി ജനിച്ചത്? ഇവന്റെയോ, മാതാപിതാക്കളുടെയോ (വ. 2). സാബത്തിൽ രോഗശാന്തി നൽകിയതും ഫരിസേയർക്ക് ഇഷ്ടമായില്ല. അതുകൊണ്ട് രക്ഷകനെ പാപിയെന്നു അവർ ചിത്രീകരിക്കുന്നു (വ.16). യഹൂദരെ ഭയന്നിട്ട് അവന്റെ മാതാപിതാക്കൾ പറയുന്നു: അവന് എങ്ങനെ രോഗശാന്തി ലഭിച്ചുവെന്ന് അവനോടു തന്നെ ചോദിക്കുക. കാരണം അവൻ പ്രായപൂർത്തിയായവനാണ് (വ.21). എന്നാൽ അന്ധനായിരുന്നവൻ യേശുവിനെക്കുറിച്ച് പറഞ്ഞു തുടങ്ങിയപ്പോൾ അവർ അവനെ സിനഗോഗിൽ നിന്നും പുറത്താക്കി (വ.34). കളിയാക്കിയും, അവഹേളിച്ചും, ഭീഷണിപ്പെടുത്തിയും സിനഗോഗിൽ നിന്നും പുറത്താക്കിയും അവനെ അവൻ തേജോവധം ചെയ്യുന്നു. അത്ഭുതശക്തിയിലൂടെ അന്ധതമാറിയതിനെ ഓർത്ത് സന്തോഷിക്കുകയും ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും പകരം അവനിലെ വിശ്വാസ വെളിച്ചത്തെ ഊതിക്കെടുത്തുവാൻ ശ്രമിക്കുന്ന യഹൂദരും മതപണ്ഡിതന്മാരും ഫരിസയരും.

സമരിയാക്കാരിയെപ്പോലെ കാഴ്ച സിദ്ധിച്ചവന്റെ ജീവിതത്തിലും പ്രകാശപൂർണമായ തെളിഞ്ഞ വിശ്വാസവളർച്ച ദർശിക്കുവാൻ നമുക്കു സാധിക്കും. നിനക്കുസൗഖ്യം നൽകിയതാരെന്ന ചോദ്യത്തിന് "യേശു എന്നുപേരുള്ള മനുഷ്യനാണെന്ന് (വ.11) അവൻ ഉത്തരം നൽകുന്നു. അവരുടെ ചോദ്യാവർത്തനത്തിന് ഒരു പ്രവാചകനാണെന്ന് പറയുവാനും (വ.17) അവൻ ധൈര്യം കാണിക്കുന്നു. എന്നാൽ അവനെ സിനഗോഗിൽ നിന്നും പുറത്താക്കിയ വിവരമറിഞ്ഞു കർത്താവ് അവനെക്കണ്ട് ചോദിക്കുന്നു. "നീ മനുഷ്യപുത്രനിൽ വിശ്വസിക്കുന്നുവോ? (വ.35). "കർത്താവേ, ഞാൻ വിശ്വസിക്കുന്നുവെന്ന് പറഞ്ഞ് അവൻ യേശുവിനെ പ്രണമിച്ചു" (വ.38). അതുവഴി അവൻ ശാരീരിക ആത്മീയ വെളിച്ചത്തിലേക്ക്, വിശ്വാസത്തിലേക്ക് കടന്നുവരുന്നു.

ക്രിസ്തു എല്ലാവർക്കും പ്രകാശമാണ് (യോഹ. 1:9) അത് ഈശോ വ്യക്തമാക്കുന്നത്. "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കു അവൻ അന്ധകാരത്തിൽ നടക്കുന്നില്ല." (യോഹ. 8:12). യഹൂദർ, മതശ്രേഷ്ഠന്മാർ ഫരിസേയ പ്രമാണികൾ ഈശോയെ അനുഗമിക്കാതെ അന്ധകാരത്തിന്റെ മറവിൽ യൂദാസിനെപ്പോലെ നിലകൊണ്ടപ്പോൾ ഇരുട്ടിൽ നിന്നും പ്രകാശത്തിലെത്തിയവൻ ഈശ്വരസായൂജ്യമടഞ്ഞു.

ക്രൈസ്തവനെ സംബന്ധിച്ച് വി. പൗലോസ് രണ്ടാം വായനയിലൂടെ പറഞ്ഞുവയ്ക്കുന്നു. ഒരിക്കൽ നിങ്ങളും അന്ധകാരമായിരുന്നു. എന്നാൽ ഇപ്പോൾ നിങ്ങൾ ഈശോയിൽ പ്രകാശമാണ്." (എഫേ 5:9). അങ്ങനെയാകുമ്പോൾ നമ്മെ ഈശോ പരിചയപ്പെടുത്തുക: മത്താ 5:14 "നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ്." അന്ധകാരത്തിൽ ജീവിച്ച നമ്മെ, കൂദാശകളുടെ പ്രസാദ വരശക്തിയാൽ (ജ്ഞാനസ്നാനം, അനുരഞ്ജനം) കഴുകി ശുദ്ധീകരിച്ച് കാഴ്ചയും ഉൾക്കാഴ്ചയും ഉളവാക്കിയിരുന്നു. ദാവീദിനെപ്പോലെ ആത്മപൂരിതരാകാൻ കഴിയട്ടെ! അതേ, എന്റെ അരികത്തുകൂടി പോകുന്നവൻ സഹോദരനെന്ന് ഏറ്റു പറയുമ്പോൾ ഇരുൾ നീങ്ങി പ്രകാശം തെളിവാർന്നുനിൽക്കും. ദൈവം അനുഗ്രഹിക്കട്ടെ!!!

# വചനജ്വാല

**2017 ഏപ്രിൽ മാസം ബി.സി.സികളിൽ ഉപയോഗിക്കാൻ അല്മായ ശുശ്രൂഷ സമിതി തയ്യാറാക്കിയത്**



# അല്മായർ – വിളിയും ദൗത്യവും

## 1. പരിശുദ്ധാത്മാവിന്റെ ഗാനം ബൈബിൾ വന്ദനം

"കൊട്ടിയടയ്ക്കപ്പെട്ട വാതായനങ്ങൾ മലർക്കെ തുറന്ന് സഭയിലേക്ക് ശുദ്ധവായു കടക്കട്ടെ" എന്ന ആഹ്വാനത്തോടുകൂടി വി. ജോൺ 23–ാമൻ പാപ്പ വിളിച്ചുകൂട്ടിയ രണ്ടാംവത്തിക്കാൻ കൗൺസിലിലൂടെ സഭയിൽ വന്ന ശ്രദ്ധേയമായ മാറ്റങ്ങളിൽ ഒന്ന് സഭയെന്നത് 'ദൈവജനം' എന്ന കാഴ്ചപ്പാടാണ്. അല്മായ ശുശ്രൂഷയുടെ പ്രാധാന്യത്തെപ്പറ്റി കൗൺസിൽ ചർച്ച ചെയ്യുകയും അല്മായ പ്രേഷിതത്വം എന്ന ഡിക്രി പുറപ്പെടുവിക്കുകയും ചെയ്തു. അല്മായരിലൂടെ മാത്രമേ സഭയ്ക്ക് ലോകത്തിന്റെ ഉപ്പ് ആയി പ്രവർത്തിക്കാൻ സാധിക്കുകയുള്ളൂ.സഭയുടെ ദർശനങ്ങൾക്കനുസരിച്ച് മൂല്യബോധത്തിൽ അധിഷ്ഠിതമായും സുവിശേഷ ചൈതന്യത്തിന് വിധേയമായും പ്രവർത്തിക്കാൻ അല്മായർ സജ്ജരാകട്ടെ എന്ന പ്രാർത്ഥനയോടെ നമുക്ക് ബൈബിൾ വന്ദനത്തിനായി ഒരുങ്ങാം.

## 2. സ്വാഗതം: കുടുംബനാഥൻ/നാഥ

## 3. ആമുഖം

2012 ൽ നടന്ന അതിരൂപതാ സിനഡിന്റെ തീരുമാനമനുസരിച്ചാണ് അല്മായ ശുശ്രൂഷ രൂപം കൊണ്ടത്. എന്നാൽ ക്രിസ്തുവിശ്വാസികളുടെ ചെറുസമൂഹമായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളിലേക്ക് അല്മായ ശുശ്രൂഷ കടന്നു ചെന്നിട്ടില്ലായിരുന്നു. 2017 മുതൽ ബി.സി.സി. തലത്തിലും തദ്വാരാ ഇടവകതലത്തിലേക്കും അല്മായ ശുശ്രൂഷ കടന്നുവന്നിരിക്കുകയാണ്. ഇടവകതലത്തിൽ പ്രവർത്തിക്കുന്ന വിവിധ അല്മായ സംഘടനകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഇടവകയുടെയും പ്രാദേശിക സമൂഹത്തിന്റെയും സമഗ്രവളർച്ചയ്ക്കായി അല്മായരെ ശക്തീകരിക്കുന്ന ഏകോപന സംവിധാനമാണ് അല്മായ ശുശ്രൂഷാ സമിതി.

ഇടവകയിലെ അല്മായ ശുശ്രൂഷാ സമിതിയിൽ 4 വിഭാഗത്തിൽപ്പെട്ട അംഗങ്ങളാണ് ഉള്ളത്. ബി.സി.സി. യൂണിറ്റ് പ്രതിനിധികൾ, സമുദായ സംഘടനകളുടെയും ഭക്തസംഘടനകളുടെയും ഫോറങ്ങളുടെയും പ്രതിനിധികൾ എന്നിവർ. അല്മായ ശുശ്രൂഷയുടെ ബി.സി.സി. യൂണിറ്റ്/വാർഡ് പ്രതിനിധികളും കെ.എൽ.സി.എ., കെ.എൽ.സി.ഡബ്ല്യൂ.എ., ഡി.സി.എം.എസ്. എന്നീ സമുദായ സംഘടനകളുടെ പ്രസിഡന്റുമാരും ഭക്തസംഘടനകളായ സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി, ലീജിയൻ ഓഫ് മേരി, സൊഡാലിറ്റി, കൊമ്പ്രിയസഭ എന്നിവയുടെ പ്രസിഡന്റുമാരും പ്രൊഫഷണൽ – നോൺ പ്രൊഫഷണൽ ഫോറങ്ങളുടെ പ്രസിഡന്റുമാരും ഉൾപ്പെടുന്നതാണ് ഇടവകയിലെ അല്മായ ശുശ്രൂഷാ സമിതി. സമിതിയുടെ കൺവീനർ പാരിഷ് കൗൺസിൽ മെമ്പറാണ്. അല്മായ ശുശ്രൂഷാ സമിതി മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

വിവിധ സമുദായ സംഘടനകളുടെ ഏകോപനത്തിലൂടെ സമുദായ ശക്തീകരണവും ഭക്തസംഘടനകളുടെ ഏകോപനത്തിലൂടെ സഭാപ്രവർത്തനങ്ങളിലെ പങ്കാളിത്തവും തൊഴിലധിഷ്ഠിത ഫോറങ്ങളിലൂടെ വിദ്യാഭ്യാസ, സാമ്പത്തിക പുരോഗതിയും കൈവരിക്കുകയെന്നതാണ് അല്മായ ശുശ്രൂഷയുടെ ലക്ഷ്യം.

## 4. യേശുവിനെ ക്ഷണിക്കൽ

ഈ കാലയളവിൽ തെരെഞ്ഞെടുക്കപ്പെട്ട എല്ലാ ശുശ്രൂഷകരെയും കരുണാമയനായ ക്രിസ്തുവിന്റെ സന്നിധിയിൽ സമർപ്പിക്കുകയാണ്. “എന്തെന്നാൽ, ക്ലേശങ്ങളുടെ തീവ്രമായ പരീക്ഷയിൽ അവരുടെ സന്തോഷാധിക്യവും കൊടിയ ദാരിദ്ര്യവും ഉദാരതയുടെ സമ്പത്തായി കരകവിഞ്ഞൊഴുകി. അവർ തങ്ങളുടെ കഴിവ് അനുസരിച്ചും അതിൽ കവിഞ്ഞും തുറന്ന മനസ്സോടെ ദാനം ചെയ്തെന്ന് സാക്ഷ്യപ്പെടുത്തുവാൻ എനിക്ക് സാധിക്കും.” (2 കൊറി. 8: 2-3) എന്ന് പറഞ്ഞ പൗലോസിന്റെ ആത്മഗതം സഫലീകരിക്കുവാൻ എല്ലാ ശുശ്രൂഷാസമിതികളിന്മേലും ആത്മമാരി നിറച്ച് വിശ്വസ്തരായ ശുശ്രൂഷകരിലൂടെ നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാൻ നമുക്ക് യേശുവിനെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം (മത്തായി 20:1-7)

## 7. വചനവിചിന്തനം

കർത്താവിന്റെ വിസ്തൃതമായ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യാനായി അയയ്ക്കപ്പെടുന്ന സ്ത്രീ പുരുഷന്മാരെ നമ്മുടെ മുമ്പാകെ കൊണ്ടുവരികയാണ് ഈ ഉപമയിലൂടെ. ദൈവരാജ്യത്തിന്റെ ആഗമനത്തെ മുന്നിൽ കാണുന്ന ദൈവപദ്ധതിക്ക് അനുസൃതമായി പരിവർത്തന വിധേയമാകേണ്ട ലോകമാണ് ഈ മുന്തിരിത്തോട്ടം. നിങ്ങളും എന്റെ മുന്തിരിത്തോട്ടത്തിലേക്ക് ചെല്ലുവിൻ എന്ന യേശുവിന്റെ ആഹ്വാനം അജപാലകരെയും സന്യസ്തരെയും മാത്രം സംബന്ധിച്ചിട്ടുള്ളതല്ല. എല്ലാവർക്കും ഉള്ളതാണ്. അല്മായരെയും കർത്താവ് വ്യക്തിപരമായി വിളിക്കുന്നു.

അല്മായ പ്രേഷിതത്വത്തിന്റെ മുഖ്യവേദി ലോകമാണ്. രാഷ്ട്രീയം, തൊഴിൽ, ബിസിനസ്, മാധ്യമം തുടങ്ങിയ ഭൗതിക മേഖലകളിലാണ് അല്മായർക്കുള്ള വിളിയും ദൗത്യവും അടങ്ങിയിരിക്കുന്നത്. ഭൗതിക കാര്യങ്ങളിൽ ഏർപ്പെട്ടുകൊണ്ട് അവയെ ദൈവത്തിന്റെ ഇംഗിതമനുസരിച്ച് പുനഃസംവിധാനം ചെയ്യുവാനും അങ്ങനെ ലോകത്തിൽ ദൈവരാജ്യമൂല്യങ്ങൾ വ്യാപിപ്പിക്കുവാനും അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.

‘സഭയിലും ലോകത്തിലും അല്മായരായ ക്രൈസ്തവ വിശ്വാസികളുടെ വിളിയും ദൗത്യവും’ എന്നതായിരുന്നു 1987 ൽ നടന്ന മെത്രാൻമാരുടെ സിനഡിന്റെ പ്രമേയം. അല്മായരുടെ ജീവിത പാത പ്രയാസങ്ങളും അപകടങ്ങളും നിറഞ്ഞതാണെന്ന് സിനഡ് ചൂണ്ടിക്കാട്ടി. അല്മായർക്ക് തരണം ചെയ്യാൻ കഴിയാതിരിക്കുന്ന രണ്ട് പ്രലോഭനങ്ങൾ ഇവയാണെന്നും സിനഡ് വിശദീകരിച്ചു. ഔദ്യോഗികവും സാമൂഹികവും സാംസ്ക്കാരികവും രാഷ്ട്രീയവുമായ ചുമതലകൾ സജീവമായി നിറവേറ്റുന്നതിന് വീഴ്ച വരും വിധം സഭാപരമായ ശുശ്രൂഷകളും ചുമതലകളും ഏറ്റെടുക്കുവാനുള്ള പ്രലോഭനമാണ് ആദ്യത്തേത്. രണ്ടാമത്തേതാകട്ടെ ജീവിതവും വിശ്വാസവും തമ്മിലുള്ള അഭിലഷണീയമല്ലാത്ത അകൽച്ചയെ ന്യായീകരിക്കുവാനുള്ള പ്രലോഭനമാണ്. സുവിശേഷം സ്വീകരിക്കുകയും എന്നാൽ ലോകത്തിലെ വിവിധ ചുറ്റുപാടുകളിൽ അതനുസരിച്ച് ജീവിക്കാതിരിക്കുകയും ചെയ്യുന്ന സ്ഥിതിവിശേഷമാണ് അകൽച്ച എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

ക്രിസ്തുവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യേണ്ട ഈ വേളയിൽ അല്മായർ ഈ വിളി ചെവിക്കൊള്ളേണ്ടതുണ്ട്. അലസരായി നിൽക്കുന്നത് ഒട്ടും അഭികാമ്യമല്ല. നാഥന്റെ മുന്തിരിത്തോട്ടത്തിൽ ഓരോരുത്തരേയും കാത്തിരിക്കുന്ന ജോലി വളരെയധികമായതിനാൽ അലസതയ്ക്ക് ഒട്ടും സ്ഥാനമില്ല. സാമ്പത്തികവും സാമൂഹികവും രാഷ്ട്രീയവും സാംസ്ക്കാരികവുമായ സജീവ പ്രശ്നങ്ങൾ ലോകത്ത് എന്നും നിലവിലുള്ളതാണല്ലോ? ഇതാണ് മുന്തിരിത്തോട്ടം. ഈ തോട്ടത്തിലേക്കാണ് അല്മായർ വിളിക്കപ്പെട്ടിരിക്കുന്നത്. കാരണം അവർ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ ദീപവുമാണ്.

സിനഡാനന്തരം വി. ജോൺ പോൾ രണ്ടാമൻ പാപ്പ പുറപ്പെടുവിച്ച അപ്പസ്തോലിക പ്രബോധനമായ ‘അല്മായ വിശ്വാസികൾ’, അല്മായരുടെ ഈ വിളിയെയും ദൗത്യത്തെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇടവകയിലെ പ്രേഷിതത്വത്തോടുള്ള അല്മായരുടെ പ്രതിബദ്ധതയെപ്പറ്റി പ്രബോധനം ഇങ്ങനെ പറയുന്നു “സംഘടിതമായ പ്രേഷിതപ്രവർത്തനത്തിന്റെ ഉത്തമോദാഹരണമാണ് ഇടവക. ഒട്ടേറെ മാനുഷിക വൈവിദ്ധ്യങ്ങളെ ഒരിടവക സ്വപരിധിക്കുള്ളിൽ കൂട്ടിയിണക്കുകയും സഭയുടെ സാർവത്രികതയിലേക്ക് കൊണ്ടുവരികയും ചെയ്യുന്നു... വ്യക്തിപരവും ലോകം മുഴുവനെയും ബാധിക്കുന്നതുമായ പ്രശ്നങ്ങൾ അവർ സഭാ സമൂഹത്തിൽ കൊണ്ട് വന്നുചർച്ച ചെയ്യുകയും പരിഹാരം കണ്ടെത്താൻ ഒത്തൊരുമിച്ച് ശ്രമിക്കുകയും വേണം”.

സഭയുടെ അല്മായ പ്രേഷിത പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാനായി സമുദായ സംഘടനകളുടെയും ഭക്തസംഘടനകളുടെയും വിവിധ ഫോറങ്ങളുടെയും പ്രവർത്തനങ്ങളെ സജീവമാക്കുന്നതിനുള്ള സാഹചര്യങ്ങളൊരുക്കുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക എന്നതാണ് അല്മായ ശുശ്രൂഷയുടെ ദൗത്യം.

## 8. ദൗത്യം ഏറ്റെടുക്കൽ

നാം ശ്രവിച്ച വചനത്തിന്റെയും വചനവിചിന്തനത്തിന്റെയും പശ്ചാത്തലത്തിൽ അല്മായ ശുശ്രൂഷ സജീവമാക്കാൻ താഴെപ്പറയുന്ന ദൗത്യങ്ങൾ ഏറ്റെടുക്കാം.

1. സമർത്ഥരായ അല്മായരെ കണ്ടെത്തി സഭാ - സമുദായ പ്രവർത്തനങ്ങളിൽ ഏർപ്പെടുത്തുക.
2. നിസ്വാർത്ഥരായി പ്രവർത്തിക്കുന്ന അല്മായരെ ആദരിക്കുക.
3. സമുദായ സംഘടനയിൽ (കെ.എൽ.സി.എ./കെ.എൽ.സി.ഡബ്ല്യു.എ./ഡി.സി.എം.എസ്.) അംഗത്വം നേടുക.
4. പ്രൊഫഷണൽ മേഖലകളിൽ പ്രവർത്തിക്കുന്നവരുടെ ലിസ്റ്റ് തയ്യാറാക്കി അല്മായ ശുശ്രൂഷാ കൺവീനർക്ക് നൽകുകവഴി ഫോറങ്ങളുടെ രൂപീകരണം ത്വരിതപ്പെടുത്തുക.

## 9. റിപ്പോർട്ട്

## 10. ഹാജർ

## 11. ചർച്ച

## 12. വിശ്വാസികളുടെ പ്രാർത്ഥന

## 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

## 14. സമാപനഗാനം

## 15. സ്നേഹവിരുന്ന്

## 16. നന്ദി

# ഇളംതൂവൽ





**കൊച്ചുകൂട്ടുകാരേ,**

കൂട്ടുകാരെയോ ബന്ധുക്കളെയോ അധ്യാപകരെയോ കണ്ടാൽ ഒന്ന് പുഞ്ചിരിക്കാതെ ഗൗരവം ഭാവിച്ച് നടക്കുന്നതാണ് ഇന്ന് പലരുടെയും സ്വഭാവം. എന്നാൽ അതല്ല ശരി എന്ന് കുട്ടികളായ നിങ്ങൾ മനസ്സിലാക്കണം. പുഞ്ചിരി ജിവിത വിജയത്തിന് ആവശ്യമായ ഒന്നാണ്. പുഞ്ചിരി ഇല്ലാത്തവനാണ് ലോകത്തിലെ ഏറ്റവും ദൗർഭാഗ്യവാനായ വ്യക്തി. പുഞ്ചിരി ജിവിതത്തെ സന്തോഷപ്രദമാക്കിമാറ്റും. ഒരു കോടി രൂപകൊടുത്താലും ഹൃദ്യമായ ഒരു പുഞ്ചിരി കിട്ടണമെന്നില്ല. എന്നാൽ ആർക്കും നൽകാൻ പറ്റിയ സൗന്ദര്യവർധകവസ്തുവാണ് പുഞ്ചിരി.

മനുഷ്യന്റെ ഏറ്റവും വലിയ ആയുധമാണ് പുഞ്ചിരി. ഒരു പുഞ്ചിരികൊണ്ട് ശത്രുത ഇല്ലാതാക്കാം. ഇന്റർവ്യൂവിൽ വിജയിക്കാം, തൊഴിൽ രംഗത്ത് ശോഭിക്കാം, സുഹൃത്തുക്കളെ നേടാം, അങ്ങനെ ജിവിതത്തിൽ പലതും. പുഞ്ചിരി നമ്മുടെ വ്യക്തിത്വത്തിന്റെ മുഖമുദ്രയാകണം. നാം ചിരിക്കുമ്പോൾ മറ്റുള്ളവർ നമ്മുടെ പല്ലുകളല്ല കാണുന്നത്, മറിച്ച് നമ്മുടെ വ്യക്തിത്വത്തിന്റെ ഊഷ്മള ഉല്ലാസമാണ്. പുഞ്ചിരി ശുഭാപ്തി വിശ്വാസം നൽകുന്നു. അത് ദായകനും സ്വികർത്താവിനും ഒരുപോലെ പ്രയോജനം ചെയ്യുന്നു. ആയിരം വാക്കുകളേക്കാൾ അധികം ഒരു പുഞ്ചിരിക്ക് സംസാരിപ്പാൻ കഴിയും. നമ്മുടെ സൗഹൃദത്തിന്റെ സന്ദേശകനാണ് പുഞ്ചിരി. അതുപോലെ ഹൃദ്യമായ പുഞ്ചിരി ആരെയും ആകർഷിക്കും എന്നും തിരിച്ചറിയുക.

പ്രശ്നങ്ങളെ ചിരിച്ചുകൊണ്ട് തള്ളിക്കളയുന്നവരെ നാം പലപ്പോഴും കണ്ടുമുട്ടിയിട്ടുണ്ട്. നമ്മുടെ പ്രശ്നങ്ങളിൽ പലതും നിസാരവും, താൽക്കാലികവുമാണ് എന്ന് തിരിച്ചറിയുക. ഒരു പരിക്ഷയിൽ മാർക്കുകുറഞ്ഞുപോയി എന്നോർത്ത് ഉറക്കം നഷ്ടപ്പെടുത്തേണ്ടകാര്യമില്ല മറിച്ച് ആരോഗ്യവും ആത്മവിശ്വാസവും മുഖത്തുള്ള പുഞ്ചിരിയും എന്തിനേയും നേരിടാൻ നമ്മെ പ്രാപ്തരാക്കും. പുഞ്ചിരി എല്ലാ ടെൻഷനും ഇല്ലാതാക്കുന്ന, മനസ്സിന് അയവുനൽകുന്ന, മുഖത്തെ അസ്ഥികൾക്ക് വ്യായാമം നൽകുന്ന, രക്തസമ്മർദ്ദം കുറയ്ക്കുന്ന, രക്തചംക്രമണം വർധിപ്പിക്കുന്ന മറുമരുന്നാണെന്ന് തിരിച്ചറിയുക. മനസ്സിലെ ചിന്തകളുടെ പ്രതിഫലനമാണ് പുഞ്ചിരി. ഒരു വ്യക്തിയെ കാണുമ്പോൾ അദ്ദേഹത്തെപ്പറ്റി നിങ്ങളുടെ മനസ്സിലുണ്ടാകുന്ന വിചാരങ്ങളിൽ നിന്നാണ് പുഞ്ചിരി ഉടലെടുക്കുന്നത്. അതുകൊണ്ടുതന്നെ നാം മറ്റൊരാളിനെ നോക്കി പുഞ്ചിരിക്കുമ്പോൾ അവിടെ ഒരു മാസിക സൗഹൃദം രൂപംകൊളളുന്നു.

കുട്ടികൾക്കുമാത്രമേ നിഷ്കളങ്കരായി പുഞ്ചിരിക്കാൻ കഴിയൂ. മനസ്സിൽ കളങ്കമോ കപടതയോ ഇല്ലാത്ത പുഞ്ചിരി, സൗഹൃദത്തിന്റെ, സന്തോഷത്തിന്റെ പുഞ്ചിരി. ആയതിനാൽ കൂട്ടുകാരേ മറ്റുള്ളവരെ സ്നേഹിക്കാൻ കഴിയുന്ന ഒരു മനസ്സും, മറ്റുള്ളവർക്ക് സൗഹൃദം പകർന്നുനൽകുന്ന ഒരു പുഞ്ചിരിയും നിങ്ങുടെ അധരങ്ങളിൽ എന്നും വിരിയട്ടെ.

– കൊച്ചേച്ചി

# കണ്ണാടി അച്ചൻ

അനിഷ്മ തോമസ്




കർത്താവിങ്കലേക്ക് തിരിയാൻ വൈകരുത്: നാളെ നാളെ എന്ന് നീട്ടിവയ്ക്കുകയും അരുത്
(പ്രഭാ. 5 - 7)



# ഇഷ്ടങ്ങൾ

എന്തുചെയ്യണമെങ്കിലും അയാൾ ഒരു നാണയം ടോസ് ചെയ്തുനോക്കും. എന്തിനിങ്ങനെ ചെയ്യുന്നുവെന്നു ചോദിച്ചാലോ? അയാൾ പറയും: ദൈവഹിതം അറിയാനാണെന്ന്!

ഒരുദിവസം അയാൾ ഓഫീസിൽ പോയില്ല. വീണ്ടും ഉറങ്ങാനുള്ള വട്ടംകൂട്ടു ന്നതുകണ്ടു ഭാര്യ ചോദിച്ചു: എന്തേ ഓഫീസിൽ പോകുന്നില്ലേ?

ടോസ് ചെയ്തപ്പോൾ വാലുകിട്ടി. അതിനാൽ ഇന്നു പോകേണ്ടായെന്നാ ദൈവഹിതം, അയാൾ പറഞ്ഞു. ടോസ് ചെയ്തപ്പോൾ വാലുതന്നെയാണോ കിട്ടിയത്? ഭാര്യ തിരക്കി. ചമ്മലോടെ അയാൾ പറഞ്ഞു: ഉം... അതേ... വാല് കിട്ടാൻ എനിക്കു പത്തുപ്രാവശ്യം ടോസ് ചെയ്യേണ്ടി വന്നു. നാം ഒരിക്കലും നമ്മുടെ ഇഷ്ടം ദൈവത്തിന്റെ ഇഷ്ടമാക്കി മാറ്റാൻ ശ്രമിക്കരുത്.

- **അബീന എ.ആർ**
ജവഹർ സെൻട്രൽ സ്കൂൾ, കാഞ്ഞിരംകുളം



# ശശികല അഴിമതിയുടെ ആൾരൂപം

അനധികൃത സ്വത്ത് സമ്പാദനകേസിൽ വിചാരണ കോടതിയുടെ വിധി സുപ്രീംകോടതി പൂർണമായും ശരിവച്ചതോടെ തമിഴ്നാട് മുഖ്യമന്ത്രിയാകാനുള്ള ശശികലയുടെ ശ്രമം നടക്കാതെ പോയി. നാലുവർഷം തടവുശിക്ഷയും 10 വർഷത്തേക്ക് തിരഞ്ഞെടുപ്പിൽ മത്സരിക്കാൻ അയോഗ്യതയും കല്പിച്ചാണ് സുപ്രീംകോടതിവിധി പ്രസ്താവിച്ചത്. 124 എംഎൽഎമാരുടെ പിൻബലം ശശികലപക്ഷത്തിൽ ഇപ്പോഴുണ്ട് എന്ന അവകാശവാദവും ഈവിധിയുമായി കൂട്ടി വായിച്ചാൽ നമ്മുടെ സാമൂഹിക-രാഷ്ട്രീയ രംഗത്തെ അഴിമതി എന്തുമാത്രം ഗ്രസിച്ചിരിക്കുന്നുവെന്നതിന്റെ ആഴം മനസ്സിലാക്കാനാവും.

2014 സെപ്തംബർ 27 ന് ബാംഗ്ലൂരിലെ പ്രത്യേക കോടതി പ്രതികൾക്കു വിധിച്ച ശിക്ഷയിൽ ഇവരുടെ അപ്പീൽ അനുവദിച്ച കർണ്ണാടക ഹൈക്കോടതി സിംഗിൾബഞ്ച് 2015 മേയ് 11 ന് ജയലളിതയടക്കം നാലുപേരെയും കുറ്റവിമുക്തരാക്കി. അതിനെതിരെ കർണാടക സർക്കാരും ഡിഎംകെ നേതാവ് കെ.അൻപഴകനും നൽകിയ അപ്പീലാണ് സുപ്രീംകോടതി പരിഗണിച്ചത്. പ്രത്യേക വിചാരണ കോടതിയുടെ പഴുതടച്ച വിധിയാണ് അനധികൃത സ്വത്തു കേസിൽ നിർണായകമായത്. ജഡ്ജി ജോൺ മൈക്കൽ സിക്കുയ്നയാണ്. രാഷ്ട്രീയ പ്രാധാന്യമുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിലെ കർശന നിലപാടുകൊണ്ട് ഖ്യാതിനേടിയ ജഡ്ജിയാണിദ്ദേഹം. സുപ്രീം കോടതിയാണ് ഇദ്ദേഹത്തെ ചുമതലപ്പെടുത്തിയത്. കോടതികളെ പോലും സംശയദൃഷ്ടിയോടെ കാണുന്ന ഒരു ജനത്തിന് ഈ സംഭവം നൽകുന്നത് ജഡ്ജിമാരിൽ കുറേ പേരെങ്കിലും സത്യസന്ധരും നീതിബോധമുള്ളവരുമെന്നുതന്നെയാണ്. ഹൈക്കോടതി ജയലളിതയെയും കൂട്ടരെയും കുറ്റവിമുക്തമാക്കിയ സാഹചര്യം കോടതിയുടെ നീതി ബോധത്തെ ചോദ്യം ചെയ്യുന്നുവെന്ന കാര്യവും നാം മറക്കരുത്. പ്രതിപക്ഷവും കർണാടക സർക്കാരുമാണ് സുപ്രീം കോടതിയെ സമീപിച്ചെന്ന കാര്യം അത്ര പ്രാധാന്യം അർഹിക്കുന്നില്ല എങ്കിലും ജനാധിപത്യപ്രക്രിയയുടെ പ്രാധാന്യം നമ്മെ അനുസ്മരിപ്പിക്കുന്നു.

ശശികലയോട് ഒപ്പം നിൽക്കുന്നുവെന്ന് അവകാശപ്പെടുന്ന 124 എംഎൽഎമാരെ റിസോർട്ടിൽ സംരക്ഷിച്ച സാഹചര്യം അഴിമതിയുടെ മറ്റൊരു മുഖമാണ് നമുക്ക് കാട്ടിത്തരുന്നത്. അഴിമതിക്ക് അടിമപ്പെടുന്ന ജനപ്രതിനിധികൾ ഇവർ ജനത്തെയല്ല പ്രതിനിധീകരിക്കുന്നത്. പ്രത്യുത, സ്വന്തം നിക്ഷിപ്ത താല്പര്യത്തെയാണ്. ജയലളിതക്ക് കഴിഞ്ഞ തെരഞ്ഞെടുപ്പിൽ കിട്ടിയ ജനപിന്തുണയും എങ്ങനെ നേടിയെന്ന് നാം മനസ്സിലാക്കണം. സർക്കാർ പണം പാവപ്പെട്ടവർക്ക് ടി.വി.മുതൽ അരിവരെ പാരിതോഷികമായും സൗജന്യനിരക്കിലും നൽകി ആർജിച്ച ജനപിന്തുണ പാവപ്പെട്ടവരെ ദാരിദ്ര്യത്തിൽ നിന്നു മോചിപ്പിക്കാൻ എത്രമാത്രം സാധിച്ചുവെന്നത് ചിന്തനീയമാണ്. അഴിമതി നിലനിർത്തുന്നതിന് രാഷ്ട്രീയ നേതാക്കൾ ജനങ്ങളെ വശത്താക്കുന്ന തന്ത്രങ്ങളുടെ ഭാഗം കൂടിയാണിത്. ഇത് എല്ലാ രാഷ്ട്രീയപാർട്ടികളും ഈ രാജ്യത്ത് പയറ്റുന്ന ഒരു തന്ത്രം കൂടിയാണ്.

അഴിമതി ഇന്ന് ഒരു സാർവത്രിക പ്രതിഭാസമായി മാറിയിരിക്കുന്നു. അഴിമതിക്കെതിരെ ജയിച്ചുവന്ന ഇടതുപക്ഷവും അഴിമതി വിമുക്തമാണെന്ന് പറയാനാവില്ല. ലോ അക്കാദമി പ്രശ്നം തന്നെ നല്ലൊരു ഉദാഹരണമാണ്. അഴിമതിയുടെ പ്രതീകമായി മാറിയ ഒരു സ്ഥാപനം ഒരു നിയമപഠനകേന്ദ്രമാണെന്ന കാര്യവും ശ്രദ്ധേയമാണ്. ഇതിനെ സർക്കാർ സമീപിച്ച രീതിയും അപലപനീയമാണ്. സഭാസംവിധാനങ്ങളും അഴിമതി വിമുക്തമല്ല. സുവിശേഷത്തിൽ അവിശ്വസ്തനായ കാര്യസ്ഥൻ പിരിച്ചുവിടൽ ഭീഷണി നേരിട്ടപ്പോൾ കടക്കാർക്ക് ഇളവുനൽകി ജനപ്രിയനാകാൻ ശ്രമിക്കുന്നതുപോലെയുള്ള അനുഭവങ്ങൾ ഇന്ന് സർവസാധാരണമാണ്.



വിശുദ്ധ യൂദാശ്ലീഹായോടുള്ള
നിത്യ നവനാളും ക്രിസ്തീയഭക്തി ഗാനങ്ങളും
ഇപ്പോൾ വിപണിയിൽ
ORIGINAL
Mp3
₹100/-
ST.JUDE'S AUDIOS PRESENTS
ST JUDE'S AUDIOS
കനിവ്
എന്നിൽ അലിയാൻ...
ST.JUDE'S NOVENA & CHRISTIAN DEVOTIONAL SONGS
SANJITH R
O.V.RAPHAEL
JOHNY BALARAMAPURAM
Produced & Copyright owned by 2017/ST.JUDE'S AUDIOS, ST.JUDE SHRINE
CIT Road, killipalam, Karamana P.O, Tvm, Thiruvananthapuram Latin Arch Diocese
e-mail: stjudeshrine123@gmail.com | Tel: 0471-2343306, 0471-2348033
HARICHARAN
MRIDULA WARRIER

Total Page 44
Pub. Date : 01.03.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00




Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.